www.facebook.com/samakalikajanapadham/

# സമകാലിക ജനപഥം

ഇൻഫർമേഷൻ
പബ്ലിക് റിലേഷൻസ് വകുപ്പ്
കേരള സർക്കാർ

2023 ആഗസ്റ്റ് ₹ 12 പുസ്തകം 9 ലക്കം 13



# എന്റെ കേരളം എത്ര സുന്ദരം

വിനോദസഞ്ചാരം
പ്രത്യേക പതിപ്പ്



# നാം മുന്നോട്ട്

| ടി വി ചാനൽ | സംപ്രേഷണ സമയം |
|---|---|
| ഏഷ്യാനെറ്റ് ന്യൂസ് | ഞായർ 6.30 PM |
| മാതൃഭൂമി ന്യൂസ് | ഞായർ 8.30 PM 9.00 |
| കൈരളി | ശനി 12.30 AM repeat ശനി 6.30 AM |
| കൈരളി ന്യൂസ് | ഞായർ 9.30 AM repeat ബുധൻ 3.30 AM |
| മീഡിയ വൺ | ഞായർ 7.30 PM 8.00 |
| കൗമുദി ടിവി | ശനി 8.00 PM 8.24 |
| 24 ന്യൂസ് | ഞായർ 5.30 PM 6.00 repeat 1 AM-1.30 AM |
| ജീവൻ | ഞായർ 7.00 PM 7.24 PM |
| ജയ്ഹിന്ദ് | ബുധൻ 8.00 8.30 PM |
| റിപ്പോർട്ടർ | ഞായർ 6.30 PM 7.00 PM |
| ദൂരദർശൻ | ഞായർ 7.30 PM repeat തിങ്കൾ 9.30 PM |
| ന്യൂസ് 18 | ഞായർ 8.30 PM 9.00 PM |
| കേരള വിഷൻ | തിങ്കൾ 6.30 PM 7.00 PM |

**ഇൻഫർമേഷൻ
പബ്ലിക് റിലേഷൻസ് വകുപ്പ്
കേരള സർക്കാർ**

എഡിറ്റർ
**ടി. വി. സുഭാഷ് ഐ. എ. എസ്**
അഡീഷണൽ എഡിറ്റർ
**കെ. അബ്ദുൾ റഷീദ്**
ഡപ്യൂട്ടി എഡിറ്റർ
**വി. പി. അശ്വതി**
എഡിറ്റർ - ഇൻ - ചാർജ്
**കെ. എസ്. ഇന്ദുശേഖർ**
അസിസ്റ്റന്റ് എഡിറ്റർ
**പ്രഭാത് നായർ**
സർക്കുലേഷൻ ഓഫീസർ
**എൻ. സതീഷ് കുമാർ**
കവർ & ലേഔട്ട്
**ദീപക് മൗത്താട്ടിൽ**
ടൈപ്പ് സെറ്റിങ്ങ്
**വിനിത വി. എസ്**

August 1, 2023, Volume 9, Issue 13
e-mail : prdmalayalam@gmail.com
Website : www.prd.kerala.gov.in

പ്രതികരണങ്ങൾ അയക്കേണ്ട വിലാസം

**എഡിറ്റർ, സമകാലിക ജനപഥം,
സെക്രട്ടേറിയറ്റ് അനക്സ്, ഒന്നാംനില,
തിരുവനന്തപുരം – 695001**
prdmalayalam@gmail.com
**0471 2518171**

**വരിക്കാരാകാൻ**
**120 രൂപയുടെ മണി ഓർഡർ,
ഡയറക്ടർ,
ഇൻഫർമേഷൻ പബ്ലിക്
റിലേഷൻസ് വകുപ്പ്, എഡിറ്റോറിയൽ വിഭാഗം,
1–ാം നില, സെക്രട്ടേറിയറ്റ് അനക്സ്–1,
തിരുവനന്തപുരം – 1
എന്ന വിലാസത്തിൽ അയയ്ക്കുക.**

0471 2517036
iocirculation@gmail.com

**ലേഖകരുടെ അഭിപ്രായം
സർക്കാരിന്റേതായിരിക്കണമെന്നില്ല.
അവയുടെ പൂർണ ഉത്തരവാദിത്വം
ലേഖകർക്ക് മാത്രമായിരിക്കും.**

സമകാലിക
ജനപഥം

2023 ആഗസ്റ്റ് 1
പുസ്തകം 9 ലക്കം 13

# ചാരുഹരിതകേരളത്തിന്റെ നവസ്വപ്നഭൂമികൾ



പച്ചയുടെ ജ്വലിക്കുന്ന കാന്തി നിറഞ്ഞുതൂവി നിൽക്കുന്ന വിശാലമായ ഒരു ക്യാൻവാസാണ് കേരളം. എന്നും യാത്രികരെ മോഹിപ്പിച്ച സ്വപ്നഭൂമി. ഈ ഭൂപ്രകൃതിയിലെ അഗാധസാഗരനീലിമയും ശാന്തമായ കായലോളങ്ങളും പച്ചപ്പുതപ്പിട്ട മലനിരകളും തേടി പല ദേശങ്ങളിൽനിന്ന് സഞ്ചാരികൾ എത്തിക്കൊണ്ടേയിരിക്കുന്നു. വിശ്വവിഖ്യാതമായ ഏതാനും പ്രദേശങ്ങൾ മാത്രം കേന്ദ്രീകരിച്ചാണ് മുൻകാലങ്ങളിൽ വിനോദസഞ്ചാരം നിലനിന്നിരുന്നതെങ്കിൽ ഇന്ന് കേരളത്തിലെ പുതിയ ഒട്ടനേകം സ്ഥലങ്ങൾ ആഗോള ടൂറിസം ഭൂപടത്തിൽ അടയാളപ്പെടുത്ത പ്പെട്ടിരിക്കുന്നു എന്നതാണ് വ്യത്യാസം. സംസ്ഥാനസർക്കാരിന്റെയും വിനോദസഞ്ചാരവകുപ്പിന്റെയും ഇച്ഛാശക്തിയോടെയുള്ള പ്രവർത്തന ങ്ങളുടെ ഫലമാണതെന്ന് നിസ്സംശയം പറയാം. ഉത്തരവാദിത്ത ടൂറിസം എന്ന കാഴ്ചപ്പാടിലൂടെ ജനകീയ പങ്കാളിത്തത്തോടെ ശ്രദ്ധേയമായ പദ്ധതികളാണ് കേരളം ആവിഷ്കരിച്ചിരിക്കുന്നത്. പുതുദിശകളിലേക്കു നീങ്ങുന്ന കേരള ടൂറിസത്തെ അറിയാനുതകുന്ന പ്രത്യേകപതിപ്പാണ് ഈ ലക്കം ജനപഥം. വികസിച്ചുകൊണ്ടിരിക്കുന്നതും ജില്ലകൾക്കപ്പുറത്തേക്ക് അധികം അറിയപ്പെടാത്തതുമായ വിനോദസഞ്ചാരകേന്ദ്രങ്ങൾ ഉൾപ്പെടുത്തിയ ടൂറിസം ഗൈഡും ഈ ലക്കത്തിലുണ്ട്. വായനക്കാർക്ക് ഇഷ്ടപ്പെടുമെന്ന് പ്രതീക്ഷിക്കുന്നു. എല്ലാവർക്കും ഓണാശംസകൾ.

**ടി. വി. സുഭാഷ് ഐ. എ. എസ്**
എഡിറ്റർ

# ഉള്ളടക്കം


6 മാറുന്ന കാലത്തെ വിനോദസഞ്ചാരം
പിണറായി വിജയൻ, മുഖ്യമന്ത്രി

8 കേരളമാകെ കാഴ്ചയിടമാവുമ്പോൾ
പി. എ. മുഹമ്മദ് റിയാസ്, ടൂറിസം വകുപ്പ് മന്ത്രി

12 ഉത്തരവാദിത്ത ടൂറിസം
കേരളമെന്ന പച്ചത്തുരുത്ത്
കെ. ബിജു ഐ. എ. എസ്

16 കാർഷികസംസ്കൃതിയിലേക്ക് ഒരു യാത്ര
ടി. വി. സുഭാഷ് ഐ. എ. എസ്

20 ബ്ലോഗ് എക്സ്പ്രസ്
ഉലകം ചുറ്റി കേരളത്തിൽ
ശാലിനി സരസ്വതി

24 മലയിറങ്ങുന്ന നൂൽമഴ
രമേഷ്കുമാർ വെള്ളമുണ്ട

74 പൈതൃകപ്പെരുമയുടെ
അപൂർവചാരുതകൾ
എൻ. വി. രവീന്ദ്രൻ നായർ

78 കുമ്പളങ്ങിയിലെ രാത്രികൾ
സി. ടി. ജോൺ


64 പ്രതീക്ഷയുടെ 10 പദ്ധതികൾ





60 കോഴിക്കോടൻ ഹൃദയതാളം
സുനിൽ അശോകപുരം

82 വയനാട് രേഖകൾ
രാജേഷ് ചിറപ്പാട്




27 – 59



76 കടൽകടക്കുന്ന കേരളരുചികൾ
ഷെഫ് സുരേഷ് പിള്ള

80 ഓണം ഓർമ്മ
വി. ഷിനിലാൽ



# മാറുന്ന കാലത്തെ വിനോദസഞ്ചാരം

**ടൂറിസം മേഖലയിൽ നാളിതുവരെ നാം കൈവരിച്ച നേട്ടങ്ങളിൽ ഊന്നിനിന്നുകൊണ്ട് മാറുന്ന കാലത്തിന്റെ സാധ്യതകൾ കൂടി ഉപയോഗിച്ച് വിനോദസഞ്ചാരമേഖലയെ കൂടുതൽ മികച്ച നിലയിലേക്ക് മാറ്റാനാണ് സർക്കാർ ശ്രമിക്കുന്നത്**

**പിണറായി വിജയൻ**
മുഖ്യമന്ത്രി

കേരളത്തിന്റെ വിനോദസഞ്ചാരമേഖലയെ ലോകോത്തരമാക്കാൻ വിവിധ നടപടികൾ സ്വീകരിച്ചുവരികയാണ് സംസ്ഥാനസർക്കാർ. കോവിഡ് മഹാമാരി ഏൽപ്പിച്ച ആഘാതത്തിൽ നിന്നും ടൂറിസം മേഖലയെ തിരിച്ചുപിടിക്കുന്നതിന് ഉതകുന്ന ധാരാളം ഇടപെടലുകൾ സർക്കാർ നടത്തിവരികയാണ്. അത്തരം ഇടപെടലുകൾ ഫലം കണ്ടുതുടങ്ങി എന്നതിന്റെ ശുഭസൂചനകളും ലഭിച്ചിട്ടുണ്ട്.

വൈവിധ്യങ്ങൾ തേടി ലോകസഞ്ചാരത്തിനിറങ്ങുന്നവർക്കായി പ്രമുഖ അന്താരാഷ്ട്ര മാധ്യമമായ ന്യൂയോർക്ക് ടൈംസ് പ്രസിദ്ധീകരിച്ച പട്ടികയിൽ ഇടം നേടിയിരിക്കുകയാണ് കേരളം. വിനോദ സഞ്ചാരികൾ ഈ വർഷം സന്ദർശിക്കേണ്ട



52 സ്ഥലങ്ങളുടെ പട്ടികയിൽ 13-ാം സ്ഥാനത്താണ് കേരളത്തെ ഉൾപ്പെടുത്തിയിരിക്കുന്നത്.

ഗ്രാമീണസൗന്ദര്യം ആസ്വദിക്കാൻ ഉത്സവകാലങ്ങളിൽ കേരളം സന്ദർശിക്കാം എന്ന ടാഗ് ലൈനോടു കൂടിയാണ് കേരളത്തെ ന്യൂയോർക്ക് ടൈംസ് പരിചയപ്പെടുത്തുന്നത്. കുമരകം, മറവൻതുരുത്ത്, വൈക്കം എന്നീ വിനോദസഞ്ചാരകേന്ദ്രങ്ങളെ കുറിച്ച് പ്രത്യേക പരാമർശവും ഇതിലുണ്ട്. കേരളത്തിന്റെ ഉത്തരവാദിത്ത ടൂറിസം മിഷൻ പ്രവർത്തനങ്ങളെയും ന്യൂയോർക്ക് ടൈംസ് ശ്ലാഘിച്ചത് ഏറെ അഭിമാനകരമായ കാര്യമാണ്. വിനോദസഞ്ചാരമേഖലയ്ക്ക് ലഭിക്കുന്ന ഇത്തരത്തിലുള്ള അംഗീകാരങ്ങൾ ലോകോത്തരമായ ടൂറിസ്റ്റ് കേന്ദ്രമായി കേരളത്തെ മാറ്റിയെടുക്കാനുള്ള പരിശ്രമങ്ങൾക്ക് ശക്തി പകരും.

ഒരു കാലത്ത് നമ്മുടെ നാട്ടിൻപുറങ്ങളിൽ സജീവമായിരുന്ന ഒന്നാണ് ഈ രാത്രിജീവിതം. വൈകുന്നേരം വരെ പണിയെടുത്തശേഷം രാത്രി വൈകും വരെ മാനസികോല്ലാസത്തിനായി കലാപരിപാടികൾ സംഘടിപ്പിക്കാനും ആഘോഷങ്ങൾ നടത്താനും നമുക്കു കഴിഞ്ഞിരുന്നു. പിന്നീട് ജീവിതരീതികളിൽ വന്ന മാറ്റത്തോടൊപ്പം അവയും ഇല്ലാതായി. സജീവമായ രാത്രികൾ വിനോദസഞ്ചാരികൾക്കും പൊതുജനങ്ങൾക്കും ഏറെ പ്രിയപ്പെട്ടതാണ് എന്നു നാം തിരിച്ചറിയണം.

അതുകൊണ്ടുകൂടിയാണ് പുഷ്പോത്സവങ്ങൾ പോലെയുള്ള പരിപാടികൾ സംഘടിപ്പിക്കുന്നത്. തിരുവനന്തപുരത്തെ നൈറ്റ് ലൈഫ് സജീവമാക്കുക എന്ന ലക്ഷ്യത്തോടെ രാത്രികാലടൂറിസം പദ്ധതിക്കായി രണ്ടരക്കോടി രൂപയിലധികം സർക്കാർ അനുവദിച്ചിരുന്നു. കനകക്കുന്നിൽ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്ന നൈറ്റ്ലൈഫ് ടൂറിസം പദ്ധതി കേരളത്തിന്റെ പരമ്പരാഗത കലകളും ഭക്ഷണങ്ങളും വിനോദസഞ്ചാരികൾക്ക് പരിചയപ്പെടുത്തും വിധമാണ് ക്രമീകരിച്ചിട്ടുള്ളത്. ഉത്തരവാദിത്ത ടൂറിസം മിഷൻ വഴി ആവിഷ്ക്കരിക്കുന്ന സ്ട്രീറ്റ് പദ്ധതിയും നൈറ്റ്ലൈഫ് ടൂറിസത്തെ പ്രോത്സാഹിപ്പിക്കുന്നതാകും.

പ്രകൃതിസൗന്ദര്യവും ടൂറിസം സാധ്യതകളും വലിയ നിലയിൽ ഉണ്ടായാലും വിനോദസഞ്ചാരികളെ ആകർഷിക്കുന്ന പ്രധാന ഘടകം നാടിന്റെ സമാധാനാന്തരീക്ഷമാണ്. ലോക ടൂറിസം ഭൂപടത്തിൽ അടയാളപ്പെടുത്തപ്പെട്ടിട്ടും കലാപങ്ങളും വർഗീയസംഘർഷങ്ങളും മൂലം തകർന്നുപോയ നമ്മുടെ അയൽരാജ്യത്തിന്റെ ചരിത്രം മറന്നുപോകാൻ പാടില്ല. അതുകൊണ്ടുതന്നെ ടൂറിസം മേഖലയുടെ വികാസത്തിന് നാടിന്റെ ഐക്യവും സമാധാനാന്തരീക്ഷവും കാത്തുസൂക്ഷിക്കാൻ നമുക്ക് ഉത്തരവാദിത്വമുണ്ട്. ■



# കേരളമാകെ കാഴ്ചയിടമാവുമ്പോൾ

**കേരളത്തിലെ ജനങ്ങളുടെ ജീവിതത്തെ സ്പർശിക്കുന്ന നിലയിലേക്ക് സംസ്ഥാനത്തിലെ ടൂറിസം മേഖല വളരുകയാണ്. അതിനുള്ള വൈവിധ്യമാർന്ന പദ്ധതികൾ നടപ്പാക്കി വരുന്നു. കേരളത്തെ ആകെ ഒരു ടൂറിസം ഡെസ്റ്റിനേഷൻ ആയി മാറ്റാനുള്ള പ്രവർത്തനം ഇതിൽ പ്രധാനപ്പെട്ടതാണ്**



കുമ്പളങ്ങി



**പി. എ. മുഹമ്മദ് റിയാസ്**
ടൂറിസം വകുപ്പ് മന്ത്രി

കേരള ടൂറിസം വളർച്ചയുടെ സുപ്രധാനമായ ഒരു ഘട്ടം പിന്നിടുകയാണ്. കോവിഡനന്തര ടൂറിസത്തിൽ കേരളം മാതൃകയാണെന്ന് ലോകം അംഗീകരിക്കുന്ന ഘട്ടമാണ് ഇത്. ഗുണനിലവാരമുള്ള ടൂറിസമാണ് കേരളത്തിന്റെ പ്രത്യേകത എന്ന വിലയിരുത്തൽ നമുക്ക് വലിയ അംഗീകാരം ആണ്. കോവിഡനന്തര ടൂറിസത്തിന്റെ സാധ്യതകളെ ഫലപ്രദമായി വിനിയോഗിക്കുന്നതിന് ആസൂത്രിതമായി നടത്തിയ ശ്രമങ്ങളാണ് നമുക്ക് വലിയ മുന്നേറ്റം സാധ്യമാക്കാൻ സഹായകരമായത്.

ടൂറിസം എന്ന വ്യവസായത്തെ കേരളത്തിലെ സാധാരണ ജീവിതവുമായി ചേർത്തുവയ്ക്കുക എന്നതാണ് സർക്കാരിന്റെ ആത്യന്തികമായ ലക്ഷ്യം. കേരളത്തിലെ ജനങ്ങളുടെ ജീവിതത്തെ സ്പർശിക്കുന്ന നിലയിലേക്ക് ടൂറിസം മേഖല വളരുകയാണ്. അതിനുള്ള വൈവിധ്യമാർന്ന പദ്ധതികൾ നടപ്പാക്കി വരുന്നു. കേരളത്തെ ആകെ ഒരു ടൂറിസം ഡെസ്റ്റിനേഷൻ ആയി മാറ്റാനുള്ള പ്രവർത്തനം ഇതിൽ പ്രധാനപ്പെട്ടതാണ്. വിദേശസഞ്ചാരികൾ, മറ്റ് സംസ്ഥാനങ്ങളിൽ നിന്നുള്ള ആഭ്യന്തരസഞ്ചാരികൾ, കേരളത്തിൽ തന്നെ ഉള്ള പ്രാദേശികസഞ്ചാരികൾ ഈ സാധ്യതകളെ പ്രത്യേകമായി വിനിയോഗിക്കാൻ കേരള ടൂറിസം



ലക്ഷ്യമിടുന്നു. ഈ മൂന്ന് വിഭാഗത്തിൽപെട്ട സഞ്ചാരികളെ ലക്ഷ്യംവച്ചുകൊണ്ടുള്ള പദ്ധതികൾ നടപ്പിലാക്കുന്നു.

## സഞ്ചാരികളുടെ വരവിൽ റെക്കോഡ്

35,000 കോടി രൂപയാണ് കഴിഞ്ഞ വർഷം ടൂറിസം മേഖലയിൽ നിന്നുള്ള നമ്മുടെ വരുമാനം. അതും വിദേശടൂറിസം പൂർണ്ണാർഥത്തിൽ തിരിച്ചുവരാതെ തന്നെ നമ്മൾ വലിയ മുന്നേറ്റം സാധ്യമാക്കി. ആഭ്യന്തര സഞ്ചാരികളുടെ വരവിൽ നമ്മൾ റെക്കോഡ് സ്ഥാപിച്ചു കഴിഞ്ഞു. കോവിഡനന്തരം കേരളത്തിലെ സമ്പദ് വ്യവസ്ഥയുടെ വളർച്ചയിൽ പ്രധാന പങ്ക് വഹിച്ചത് ടൂറിസം ആണ് എന്ന് ധനകാര്യ വകുപ്പ് തന്നെ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. അത് കൂടി ചേർത്ത് വായിക്കുമ്പോൾ ആണ് കേരള ടൂറിസം എത്രത്തോളം പ്രസക്തമാണെന്ന് മനസ്സിലാക്കാൻ ആവുക.

## ഉത്തരവാദിത്ത ടൂറിസം

ജനകീയ ടൂറിസം സംവിധാനങ്ങളിലേക്ക് കേരളം ചുവടുവെക്കുകയാണ്. ഇതിന്റെ ഭാഗമായി ഉത്തരവാദിത്ത ടൂറിസം സംവിധാനങ്ങൾ വിപുലീകരിക്കാൻ പോകുന്നു. ഉത്തരവാദിത്ത ടൂറിസം മിഷൻ എന്നത് സൊസൈറ്റി ആക്കി മാറ്റിയത് ഇതിന്റെ ഭാഗമായാണ്. ജനകീയ പങ്കാളിത്തത്തോടെ കൂടുതൽ ടൂറിസം പദ്ധതികൾ ആവിഷ്കരിക്കുക എന്നതാണ് അടുത്ത ചുവടുവയ്പ്.

അതിന് STREET, സ്ത്രീസൗഹൃദ വിനോദ സഞ്ചാരം, അഗ്രി ടൂറിസം, പെപ്പർ ടൂറിസം തുടങ്ങിയ വ്യത്യസ്തങ്ങളായ പദ്ധതികൾ നടപ്പാക്കുകയാണ്. ജനകീയ പങ്കാളിത്തത്തോടെ പ്രാദേശിക ടൂറിസം കേന്ദ്രങ്ങൾ വികസിപ്പിക്കുന്നു. അവിടേക്ക് വിദേശ വിനോദ സഞ്ചാരികൾ ഉൾപ്പെടെ എത്തുന്നു. അനുഭവവേദ്യ ടൂറിസത്തിന്റെ പുതിയ അവസരങ്ങൾ ഇത് തുറന്നു. പ്രാദേശിക ജനവിഭാഗത്തിന്റെ തൊഴിൽ സാധ്യതകൾ കൂടി ഇത് വളർത്തുകയാണ്. വരുമാനസാധ്യതയും ഈ പദ്ധതികൾ തുറന്നിട്ടു. കേരളത്തിന്റെ പ്രാദേശിക സാമ്പത്തിക വ്യവസ്ഥയുടെ പ്രധാന മേഖലയായി ടൂറിസം മെല്ലെ മാറുകയാണ്.

സാധാരണ ജനങ്ങൾക്ക് ടൂറിസത്തെ കുറിച്ച് കൃത്യമായ അറിവ് ലഭ്യമാക്കുന്നതിലൂടെ നല്ല ടൂറിസം സംസ്കാരം വളർത്തി എടുക്കാൻ സാധിക്കും. ന്യൂയോർക്ക് ടൈംസ് ലോകത്ത് കണ്ടിരിക്കേണ്ട 52 ടൂറിസം കേന്ദ്രങ്ങൾ തെരഞ്ഞെടുത്തപ്പോൾ അതിൽ പതിമൂന്നാമത്തെ സ്ഥലം കേരളം ആയിരുന്നു. കേരളത്തിലെ ജനങ്ങളുടെ ഇടപെടൽ മികച്ചതാണ് എന്ന് ന്യൂയോർക്ക് ടൈംസ് സാക്ഷ്യപ്പെടുത്തുന്നു.

## ഡെസ്റ്റിനേഷൻ ചലഞ്ച്

പുറംലോകത്തിന് പരിചിതമല്ലാത്ത നിരവധി പ്രാദേശിക ടൂറിസം കേന്ദ്രങ്ങൾ കേരളത്തിൽ ഉണ്ട്. അവ കണ്ടെത്തി സഞ്ചാരികളെ എത്തിക്കുക എന്നത് മുന്നിൽ കണ്ടു ഡെസ്റ്റിനേഷൻ ചലഞ്ച് എന്ന പദ്ധതി





നടപ്പാക്കുകയാണ്. സാധ്യതകൾക്ക് അനുസരിച്ച് ഓരോ ഇടങ്ങളെയും പ്രാദേശിക ഭരണസംവിധാനങ്ങളുടെ സഹായത്തോടെ വികസിപ്പിക്കുകയാണ് ലക്ഷ്യം.

## നൂതന ടൂറിസം സംരംഭങ്ങൾ

മൂന്ന് പതിറ്റാണ്ടിനിടെ കേരളം പുതിയ ടൂറിസം ഉൽപന്നം സമ്മാനിച്ചത് ഈ മേഖലയ്ക്ക് ആത്മവിശ്വാസം വർധിപ്പിച്ചു. ഈ സർക്കാർ തുടക്കമിട്ട കാരവൻ ടൂറിസം വിപുലമാക്കാൻ ഉള്ള പദ്ധതികൾ ഇപ്പോൾ നടപ്പാക്കുന്നു. ഹെലി ടൂറിസം, ക്രൂയിസ് ടൂറിസം തുടങ്ങിയവ കൂടി വരാൻ പോകുന്നു. ജല ടൂറിസം, സാഹസിക ടൂറിസം മേഖലകളിൽ നൂതനമായ പദ്ധതികൾ നടപ്പാക്കി കഴിഞ്ഞു. കടൽത്തീരങ്ങളിൽ ഫ്ളോട്ടിങ്ങ് ബ്രിഡ്ജും സർഫിങ്ങ് പഠിക്കാൻ ബേപ്പൂരിൽ സർഫിങ്ങ് സ്കൂളിനും തുടക്കമിട്ടു. സിനിമ ടൂറിസം, ലിറ്ററി ടൂറിസം, ജൈവവൈവിധ്യ ടൂറിസം തുടങ്ങിയ നൂതന ആശയങ്ങൾ കേരളത്തിൽ നടപ്പാക്കുന്നതിലൂടെ പുതിയ മേഖലകളിലേക്ക് ടൂറിസത്തെ എത്തിക്കാൻ കഴിയും. മികച്ച വെഡ്ഡിങ്ങ് ഡെസ്റ്റിനേഷൻ ആയി കേരളം മാറിയതും ആസൂത്രിതമായ പ്രചാരണ തന്ത്രങ്ങളിലൂടെ ആണ്. നൈറ്റ് ലൈഫ്  ടൂറിസം കൂടി എത്തുന്നതോടെ കേരള ടൂറിസം കൂടുതൽ മുന്നേറും.

നിലവിലുള്ള ടൂറിസം കേന്ദ്രങ്ങളുടെ പ്രൗഢി വർധിപ്പിക്കുന്നതിന് പ്രത്യേകപദ്ധതി ആവിഷ്കരിച്ച് നടപ്പാക്കുന്നുണ്ട്. കോവളത്തിന് മാത്രമായി 93 കോടിയുടെ പദ്ധതിയാണ് നടപ്പാക്കുന്നത്. കുമരകം, ബേപ്പൂർ എന്നിവ സ്വദേശി ദർശൻ പദ്ധതിയിൽ ഉൾപ്പെടുത്തി വികസിപ്പിക്കുന്നു. പൈതൃക പദ്ധതികൾ വ്യാപിപ്പിച്ച് സ്പൈസസ് റൂട്ടിന് രൂപം കൊടുക്കുകയാണ്. ഓഗ്മെന്റഡ് റിയാലിറ്റിയിലൂടെ പൈതൃക മേഖലകളെ പരിചയപ്പെടുത്തുന്ന പദ്ധതിക്ക് പദ്മനാഭസ്വാമി ക്ഷേത്രത്തിൽ തുടക്കമിടാൻ ആണ് പദ്ധതി തയ്യാറാക്കുന്നത്. ചാംപ്യൻസ് ബോട്ട് ലീഗ് മലബാറിലേക്ക് വ്യാപിപ്പിച്ചു. ബേപ്പൂർ വാട്ടർ ഫെസ്റ്റ് ജനപങ്കാളിത്തം കൊണ്ട് ടൂറിസം കലണ്ടറിൽ ഇടം നേടി. നൂതന സംവിധാനങ്ങളെ സംയോജിപ്പിക്കുന്ന വിപണനതന്ത്രങ്ങൾ ആണ് കേരള ടൂറിസം പിന്തുടരുന്നത്. ലോകോത്തര ഫുട്ബോൾ ടീമുകളും, വിംബിൾഡൺ ടെന്നിസ് സംഘാടകരും കേരളത്തിന്റെ പ്രത്യേകതകൾ അവരുടെ സോഷ്യൽ മീഡിയ പേജുകളിൽ രേഖപ്പെടുത്തുന്നത് നമുക്ക് അഭിമാനാർഹം ആണ്.

കേരളത്തിന്റെ ഇനിയുള്ള മുന്നേറ്റത്തിന് പൊതുവിടങ്ങളുടെ രൂപകല്പന പ്രധാനമാണ്. അതിനായി സമഗ്രമായ  രൂപകല്പന നയം കൂടി തയ്യാറാവുകയാണ്. ഇതോടെ കേരളത്തിലെ ടൂറിസം മേഖല പുതിയ തലങ്ങളിലേക്ക് ഉയരും. സമഗ്രമായ ടൂറിസം കുതിപ്പിന് അത് ഊർജമേകും. ലോക ടൂറിസം ഭൂപടത്തിൽ കേരളത്തെ കൂടുതൽ വിശാലമായി അടയാളപ്പെടുത്തും. ■



ഉത്തരവാദിത്ത ടൂറിസം

# കേരളം എന്ന പച്ചത്തുരുത്ത്

**ലോകത്തിലെ ഉത്തരവാദിത്ത ടൂറിസം പ്രവർത്തനങ്ങളുടെ മുൻനിരയിലാണ് ഇന്ന് കേരളത്തിന്റെ സ്ഥാനം**






**കെ. ബിജു ഐ.എ.എസ്**

സെക്രട്ടറി, ടൂറിസം വകുപ്പ്


ദൈവത്തിന്റെ സ്വന്തം നാട് എന്ന് ലോകവ്യാപകമായി കേരളം പുകൾകൊണ്ടിട്ട് വർഷങ്ങളായി. മനോഹരമായ മലനിരകളും കടൽത്തീരങ്ങളും കായൽപ്പരപ്പുകളുമടങ്ങുന്ന ഭൂപ്രകൃതിയും ജൈവവൈവിധ്യവും സവിശേഷമായ സാംസ്കാരികത്തനിമയും സഞ്ചാരികൾക്ക് പ്രിയപ്പെട്ട നാടായി കേരളത്തെ മാറ്റിയിട്ടുണ്ട്. ഉത്തരവാദിത്ത ടൂറിസം പ്രവർത്തനങ്ങളിലൂടെ വിനോദസഞ്ചാര കേരളത്തെ കൂടുതൽ ഉയരങ്ങളിലെത്തിക്കാനാണ് ഇപ്പോൾ സർക്കാർ ശ്രമിക്കുന്നത്. ഉത്തരവാദിത്ത ടൂറിസമാണ് സംസ്ഥാനത്തിന്റെ  വിനോദസഞ്ചാരവികസനത്തിന്റെ അടിസ്ഥാന നയം.

പരിസ്ഥിതിക്ക് വിഘാതമാകാതെ, പ്രാദേശിക, സാമ്പത്തിക വികസനത്തിന് കരുത്തേകി, നാടിന്റെ തനിമയുടെ ഭാഗമായ സംസ്കാരം, കൈത്തൊഴിൽ തുടങ്ങിയവയൊക്കെ സംരക്ഷിച്ചുകൊണ്ടുള്ള ടൂറിസം വികസനമാണ് ഉത്തരവാദിത്ത ടൂറിസം സംബന്ധിച്ച ആഗോളകാഴ്ചപ്പാട്. ഐക്യരാഷ്ട്രസഭ ഉൾപ്പെടെയുള്ള ഏജൻസികൾ പിന്താങ്ങുന്നതും ഈ നയമാണ്.

ടൂറിസത്തെ ഗ്രാമീണവികസനത്തിനും ദാരിദ്ര്യലഘൂകരണത്തിനും സ്ത്രീശാക്തീകരണത്തിനുമുള്ള ഉപാധി കൂടിയാക്കി മാറ്റുക എന്നതാണ് സർക്കാരിന്റെ ലക്ഷ്യം. ഇതിനു സഹായകമായ രീതിയിൽ ഉത്തരവാദിത്ത ടൂറിസം പ്രവർത്തനങ്ങൾ സംസ്ഥാന വ്യാപകമാക്കുന്നതിന് 2017ൽ സർക്കാർ ഉത്തരവാദിത്ത ടൂറിസം മിഷൻ രൂപവൽക്കരിച്ചു. സർക്കാർ ഉടമസ്ഥതയിലുള്ള സൊസൈറ്റിയായി മിഷനെ പരിവർത്തിപ്പിക്കാൻ ഇപ്പോൾ സർക്കാർ തീരുമാനിച്ചിട്ടുണ്ട്.

സുസ്ഥിര വിനോദസഞ്ചാരത്തിലൂന്നിയ ഉത്തരവാദിത്ത ടൂറിസം

പ്രാവർത്തികമാക്കുന്നതിനായി വില്ലേജ് ടൂറിസം, റൂറൽ ടൂറിസം, കൾച്ചറൽ ടൂറിസം, ഫെസ്റ്റിവൽ ടൂറിസം, എക്സ്പീരിയൻഷ്യൽ ടൂറിസം, ഫാം/അഗ്രി ടൂറിസം, പൈതൃക ടൂറിസം, ഫുഡ് ടൂറിസം, ആക്സസിബിൾ ടൂറിസം, ടൂറിസത്തിലൂടെ സ്ത്രീശാക്തീകരണം തുടങ്ങിയ മേഖലകളിൽ ഗുണപരമായി ഒരുപാട് മുന്നേറാൻ കേരളത്തിന് കഴിഞ്ഞിട്ടുണ്ട്.

## ടൂറിസത്തിലെ ജനപങ്കാളിത്തം

ഉത്തരവാദിത്ത ടൂറിസം ദർശനത്തിൽ പൊതുജനപങ്കാളിത്തത്തിനും ഏറെ പ്രാധാന്യമുണ്ട്. ഈ കാഴ്ചപ്പാടിലൂന്നിയ പ്രവർത്തനമാണ് ഉത്തരവാദിത്ത ടൂറിസം മിഷനിലൂടെ സംസ്ഥാനം നടപ്പാക്കുന്നത്. ടൂറിസം വികസന പ്രക്രിയയിൽ പ്രാദേശിക ജനസമൂഹത്തിന്റെ പങ്കാളിത്തം ഉറപ്പുവരുത്തുന്നതിനായി 'പീപ്പിൾസ് പാർട്ടിസിപ്പേഷൻ ഫോർ പാർട്ടിസിപ്പേറ്ററി പ്ലാനിങ്ങ് ആൻഡ് എംപവർമെന്റ് ത്രൂ റെസ്പോൺസിബിൾ ടൂറിസം' (പെപ്പർ) എന്ന പദ്ധതി 2017 നവംബർ മുതൽ ഘട്ടംഘട്ടമായി വിവിധ പ്രദേശങ്ങളിൽ നടപ്പാക്കിവരുന്നുണ്ട്. പദ്ധതി പ്രദേശങ്ങളിൽ സ്പെഷ്യൽ ടൂറിസം ഗ്രാമസഭ, റിസോഴ്സ് മാപ്പിങ്ങ്, റിസോഴ്സ് ഡയറക്ടറി തയ്യാറാക്കൽ, സ്റ്റേക് ഹോൾഡേഴ്സ് മീറ്റ്, ഇൻവെസ്റ്റേഴ്സ് മീറ്റ് എന്നിവയാണ് ആദ്യഘട്ടത്തിൽ നടക്കുന്ന പ്രവർത്തനങ്ങൾ.

രണ്ടാം ഘട്ടത്തിൽ, പ്രദേശത്തെ വിവിധ എക്സ്പീരിയൻസ് ടൂർ പാക്കേജുകൾ തയ്യാറാക്കുകയും അവയുടെ പ്രൊമോഷനും പരിശീലനങ്ങളും യൂണിറ്റ് രൂപീകരണവും അവയെ ടൂറിസം വ്യവസായവുമായി നേരിട്ടും അല്ലാതെയും ബന്ധിപ്പിക്കലും തുടങ്ങിയ പ്രവർത്തനങ്ങളാണ്.

## ടൂറിസം വഴി തൊഴിലും വരുമാനവും

പെപ്പർ പദ്ധതി ഒരു തുടർപ്രവർത്തനമാണ്. ഘട്ടംഘട്ടമായി തിരഞ്ഞെടുക്കപ്പെട്ട കേന്ദ്രങ്ങളെ റെസ്പോൺസിബിൾ ടൂറിസം ഡെസ്റ്റിനേഷനുകളായി ഉയർത്തിക്കൊണ്ടു വരുന്നതിനുള്ള പ്രവർത്തങ്ങളാണ് ഈ പദ്ധതിയിലൂടെ നടപ്പിലാക്കുന്നത്.

ആദ്യഘട്ടത്തിൽ പ്രവർത്തങ്ങൾ ആരംഭിച്ച വൈക്കം, രണ്ടാം ഘട്ടത്തിൽ പ്രവർത്തങ്ങൾ ആരംഭിച്ച പൊന്നാനി പ്രദേശങ്ങൾ പെപ്പർ പദ്ധതി പ്രവർത്തനങ്ങളിലൂടെ അന്താരാഷ്ട്ര ടൂറിസം കേന്ദ്രങ്ങളായി 2020 സെപ്തംബറിൽ സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്.

കൂടാതെ സ്ട്രീറ്റ്, മാതൃക ഉത്തരവാദിത്ത ടൂറിസം ഗ്രാമങ്ങൾ, സ്ത്രീസൗഹൃദ വിനോദസഞ്ചാര പ്രവർത്തനങ്ങൾ, കേരള അഗ്രി ടൂറിസം നെറ്റ്‌വർക്ക്, സോവനീർ നെറ്റ്‌വർക്ക്, എക്സ്പീരിയൻസ് എത്നിക് കുസീൻ, എക്സ്പീരിയൻഷ്യൽ ടൂറിസം എന്നിങ്ങനെ സുസ്ഥിരവികസനത്തെ അടിസ്ഥാനപ്പെടുത്തിയ വിവിധ പ്രവർത്തനങ്ങൾ സംസ്ഥാനത്ത് വിജയകരമായി നടന്നുവരുന്നു. നാടിന്റെ പരിസ്ഥിതിയും സംസ്കാരവും പൈതൃകവും സംരക്ഷിച്ചുകൊണ്ട് തദ്ദേശീയർക്ക് ടൂറിസം വഴി തൊഴിലും വരുമാനവും ഉറപ്പാക്കുന്നതാണ് പദ്ധതികൾ.

കേരളം ഈ രംഗത്ത് കൈവരിച്ച നേട്ടങ്ങൾ ഉത്തരവാദിത്ത ടൂറിസം പ്രവർത്തനങ്ങളിലെ ലോകമാതൃകയായി അംഗീകരിക്കപ്പെട്ടിട്ടുണ്ട്. കേരളം എന്ന ടൂറിസം ബ്രാൻഡ് ഇതിലൂടെ വളരുകയാണ്. ■





**ഉത്തരവാദിത്ത ടൂറിസം ദർശനത്തിൽ പൊതുജനപങ്കാളിത്തത്തിനും ഏറെ പ്രാധാന്യമുണ്ട്. ഈ കാഴ്ചപ്പാടിലൂന്നിയ പ്രവർത്തനമാണ് ഉത്തരവാദിത്ത ടൂറിസം മിഷനിലൂടെ സംസ്ഥാനം നടപ്പാക്കുന്നത്**



# കാർഷികസംസ്കൃതിയിലേക്ക് ഒരു യാത്ര

**'ഫാം ടൂറിസം' കേരളത്തിന്റെ ടൂറിസം മേഖലയിൽ മറ്റൊരു ചുവടുവയ്പാണ്**



**ടി. വി. സുഭാഷ് ഐ.എ.എസ്**
ഡയറക്ടർ, ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ്

പ്രകൃതിസൗന്ദര്യവും കാലാവസ്ഥയും ജൈവവൈവിധ്യവും കൊണ്ട് സമ്പന്നമായ നാടാണ് കേരളം. മഴയും പുഴയും നദിയും കടലും കായലും പർവതനിരകളും സമതലഭൂമിയും സമശീതോഷ്ണ കാലാവസ്ഥയും ഉള്ളൊരു നാട്. അതാണ് സഞ്ചാരികളുടെ പറുദീസയായ നമ്മുടെ സ്വന്തം കേരളം.

ഹരിതാഭ വാരിയണിഞ്ഞ ഇവിടുത്തെ നിത്യഹരിതവനങ്ങളും മഴനിഴൽക്കാടും കായലും കടലും കലാരൂപങ്ങളും ആസ്വദിക്കാനാണ് ലക്ഷക്കണക്കിന് സഞ്ചാരികൾ നമ്മുടെ കേരളം തേടിയെത്തുന്നത്. എങ്കിലും ജനപ്രിയ ടൂറിസ്റ്റ്



**തിരക്കേറിയ നഗര ജീവിതത്തിൽ നിന്ന് രക്ഷപ്പെടാനും കാർഷിക പ്രവൃത്തികളുടെ ശാന്തതയിൽ മുഴുകാനും പരമ്പരാഗത കാർഷികരീതികൾ, ജൈവവൈവിധ്യം, ഗ്രാമീണസംസ്കാരം എന്നിവയെ അടുത്ത് അറിയുവാനും ഫാം ടൂറിസത്തിലൂടെ സഞ്ചാരികൾക്കു കഴിയുന്നു**





ഹോട്ട്സ്പോട്ടുകൾക്കപ്പുറം, കേരളത്തിന്റെ ഗ്രാമീണ മനോഹാരിത സവിശേഷവും സമ്പന്നവുമായ അനുഭവം നൽകുന്നു. നാടുമായും പരമ്പരാഗത ജീവിതരീതിയുമായും ബന്ധപ്പെടാനുള്ള അവസരം വാഗ്ദാനം നൽകുന്ന സർക്കാരിന്റെ ഉത്തരവാദിത്ത ടൂറിസം പദ്ധതിയുടെ ഭാഗമായ ഫാം ടൂറിസം കാർഷിക പ്രവർത്തനങ്ങളെ സംരക്ഷിച്ചു കൃഷിയുടെ സ്വാഭാവികതകളെ വിനോദസഞ്ചാരവുമായി ബന്ധിപ്പിക്കുന്നു. പ്രകൃതി വിഭവങ്ങൾക്ക് പ്രാധാന്യം നൽകി പ്രകൃതിയുടെ സന്തുലിതാവസ്ഥ നിലനിർത്താനും 'ഫാം ടൂറിസം' സഹായിക്കുന്നു.

## ഗ്രാമീണസംസ്കാരം അടുത്തറിയാം

തിരക്കേറിയ നഗര ജീവിതത്തിൽ നിന്ന് രക്ഷപ്പെടാനും കാർഷിക പ്രവൃത്തികളുടെ ശാന്തതയിൽ മുഴുകാനും പരമ്പരാഗത കാർഷികരീതികൾ, ജൈവവൈവിധ്യം, ഗ്രാമീണ സംസ്കാരം എന്നിവയെ അടുത്ത് അറിയുവാനും ഫാം ടൂറിസത്തിലൂടെ സഞ്ചാരികൾക്കു കഴിയുന്നു.

സഞ്ചാരികളെ പ്രകൃതിയോടു കൂടുതൽ അടുപ്പിക്കുക മാത്രമല്ല പ്രാദേശിക സമ്പദ്‌വ്യവസ്ഥയ്ക്ക് സംഭാവന നല്കുകയും സംസ്ഥാനത്തിന്റെ കാർഷിക പൈതൃകം സംരക്ഷിക്കുകയും ചെയ്യുന്ന സുസ്ഥിരവും ഉത്തരവാദിത്വമുള്ളതുമായ ടൂറിസം സംരംഭമായി ഫാം ടൂറിസം മാറുകയാണ്. സന്ദർശകർക്ക് പുരാതനമായ കാർഷിക സമ്പ്രദായങ്ങൾ അടുത്തറിയുവാനും, പ്രാദേശിക കർഷകരുമായി സംവദിക്കാനും തലമുറകളായി കൈമാറിയ സാങ്കേതിക വിദ്യകളെക്കുറിച്ചുള്ള ഉൾക്കാഴ്ച നേടാനും അവസരമുണ്ട്.

> **പ്രാദേശികതലത്തിൽ ഗണ്യമായ സാമൂഹിക സാമ്പത്തിക നേട്ടങ്ങൾ കൊണ്ടുവരാൻ ഫാം ടൂറിസത്തിനു കഴിയും**

## സാമൂഹിക – സാമ്പത്തിക നേട്ടങ്ങൾ

പ്രാദേശികതലത്തിൽ ഗണ്യമായ സാമൂഹിക-സാമ്പത്തിക നേട്ടങ്ങൾ കൊണ്ടുവരാൻ ഫാം ടൂറിസത്തിനു കഴിയും. ഇതിലൂടെ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും അധിക വരുമാന മാർഗത്തിലൂടെ കർഷകരെ ശാക്തീകരിക്കുകയും ചെയ്യുന്നു. പരമ്പരാഗത കാർഷികരീതികളും തദ്ദേശീയ അറിവും സംരക്ഷിക്കാനും ഫാം ടൂറിസത്തിലൂടെ കഴിയും.

## കാർഷികടൂറിസം ശൃംഖല

ഫാം ടൂറിസം പ്രവർത്തനങ്ങളെ കൂടുതൽ ജനകീയമാക്കുന്നതിന് കേരള അഗ്രിടൂറിസം നെറ്റ്‌വർക്ക് നിലവിലുണ്ട്. പരിസ്ഥിതിസൗഹൃദ നടപടികൾ സ്വീകരിച്ച് ടൂറിസവും കാർഷിക പ്രവർത്തനങ്ങളും സംയോജിപ്പിക്കുകയാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്.

ഫാം ടൂറിസം, വീട്ടുവളപ്പിലെ കൃഷികൾ, മാതൃകാകർഷകരുടെ കൃഷിയിടങ്ങൾ എന്നിവയെല്ലാം ഉത്തരവാദിത്ത ടൂറിസം പദ്ധതിയുടെ ഭാഗമാകുമ്പോൾ അതിലൂടെ കാർഷിക ടൂറിസം ശൃംഖലയാണ് കേരളത്തിൽ രൂപപ്പെടുന്നത്. ■

നെഹ്രു ട്രോഫി ജലോത്സവം




പി.ആർ.ഡി. ഫോട്ടോ

# ജലരാശിയിൽ നൃത്തം വയ്ക്കുന്നവർ

ഓണം ആഘോഷങ്ങളുടെ വരവ് അറിയിച്ചു കൊണ്ട് പുന്നമട കായലിൽ 69-ാമത് നെഹ്റു ട്രോഫി ജലമേള സ്വദേശികൾക്കും വിദേശികൾക്കും ഒരുപോലെ ആവേശമായി. നെഹ്റു ട്രോഫിയിൽ മാറ്റുരയ്ക്കാൻ 72 വള്ളങ്ങൾ -19 ചുണ്ടൻ വള്ളങ്ങൾ അണിനിരന്നു. നാലു വള്ളങ്ങൾ മാറ്റുരച്ച ഫൈനലിൽ പള്ളാത്തുരുത്തി ബോട്ട് ക്ലബ്ബിന്റെ വീയപുരം ചുണ്ടന് കിരീടം



# ഉലകം ചുറ്റി കേരളത്തിൽ

**കേരള ബ്ലോഗ് എക്സ്പ്രസ് ഏഴ് സീസണുകൾ പൂർത്തിയാകുമ്പോൾ വിവിധ ലോകരാജ്യങ്ങളിലായി ഇരുനൂറിൽപരം അംബാസിഡർമാരാണ് കേരളത്തിനുള്ളതെന്നു പറയാം**



**ശാലിനി സരസ്വതി**
മാധ്യമപ്രവർത്തക

കേരളത്തിന്റെ ടൂറിസം പെരുമ ലോക രാജ്യങ്ങൾക്ക് മുന്നിൽ അവതരിപ്പിക്കുന്നതിനുള്ള കേരളാ ബ്ലോഗ് എക്സ്പ്രസ്സിന്റെ ഏഴാം സീസണും വൻ വിജയമായി. കേരളത്തിന്റെ പ്രകൃതിസൗന്ദര്യവും സാംസ്കാരികവൈവിധ്യകവും ആതിഥ്യമര്യാദയും അടുത്തറിയുന്നതിനായി വിവിധ ലോകരാജ്യങ്ങളിൽ നിന്നുള്ള 25 ബ്ലോഗർമാരാണ് സീസൺ 7 ൽ പങ്കെടുത്തത്.

അർജന്റീന, ഓസ്ട്രേലിയ, ബെൽജിയം, ബ്രസീൽ, ബൾഗേറിയ, ചിലി, ഇറ്റലി, റൊമാനിയ, യു.എസ്.എ, യു.കെ, നെതർലാൻഡ്സ്, ഇന്ത്യ, കാനഡ, കെനിയ, ദക്ഷിണാഫ്രിക്ക, മലേഷ്യ, ഇന്തോനേഷ്യ, ന്യൂസിലാൻഡ്, തുർക്കി, കൊളംബിയ എന്നിവിടങ്ങളിൽ നിന്നുള്ള ബ്ലോഗർമാരായിരുന്നു സംഘത്തിലുണ്ടായിരുന്നത്. 19 രാജ്യങ്ങളിൽ നിന്നുള്ള ബ്ലോഗർമാരുടെ സംഘം ജൂലൈ 13 ന് തിരുവനന്തപുരത്തെ കോവളത്ത് നിന്നാണ് യാത്ര ആരംഭിച്ചത്. ടൂറിസം വകുപ്പ് മന്ത്രി പി.എ. മുഹമ്മദ് റിയാസ് ഫ്ളാഗ് ഓഫ് ചെയ്തു. കേരളാ ബ്ലോഗ് എക്സ്പ്രസിന്റെ കഴിഞ്ഞ ആറ് സീസണുകളും കേരളാ ടൂറിസത്തിന് നൽകിയ കുതിപ്പ് വലുതായിരുന്നുവെന്ന് മന്ത്രി ചൂണ്ടിക്കാട്ടി.

# കേരളം 'സൂപ്പറാ' ബ്ലോഗർമാർ പറയുന്നു



## രുചിവൈവിധ്യം ഇഷ്ടമായി

**സിൽവിയ, കെനിയ**

മറ്റ് സ്ഥലങ്ങളിൽ നിന്ന് വളരെ വ്യത്യസ്തമായിരുന്നു കേരളത്തിൽ എന്റെ അനുഭവം. ബ്ലോഗ് എക്സ്പ്രസ്സിന്റെ ഭാഗമായി കേരളത്തിന്റെ സുന്ദരമായ വിവിധ കാഴ്ചകൾ കാണാനായി. ഉത്തരവാദിത്ത ടൂറിസവുമായി ബന്ധപെട്ടു പരിസരവാസി കളുമായി ഇടപഴകാൻ സാധിച്ചത് വേറിട്ടൊരു അനുഭവമായി.
വ്യത്യസ്തതരത്തിലുള്ള കേരളഭക്ഷണം തികച്ചും ആസ്വദിച്ചു.
ഉയർന്ന സംസ്കാരവും മനോഹരമായ പ്രകൃതിദൃശ്യങ്ങളും കൊണ്ട് സമ്പന്നമായ കേരളം എന്നും എന്നെപ്പോലുള്ള സഞ്ചാരികളുടെ പറുദീസയാണ്.



## ഹൗസ് ബോട്ടുകൾ ആഹ്ലാദമായി

**സുസൈ ദത്തുൽ എസൈദാ ബിന്റി സുകാർജോ, മലേഷ്യ**

തിരുവനന്തപുരത്ത് എത്തിയ ഒന്നാം ദിവസം മുതൽ കൊച്ചിയിലെ അവസാന ദിവസം വരെ വളരെ ആവേശകരമായ ദിവസങ്ങൾ ആയിരുന്നു. 15 ദിവസത്തിനുള്ളിൽ കേരളത്തിലൂടനീളമുള്ള യാത്ര വളരെ തിരക്കേറിയതാണെങ്കിലും, ഒരുപാട് ഓർമ്മകൾ ബാക്കിനിൽക്കുന്നു.. ഓരോ സ്ഥലത്തിനും അതിന്റേതായ മനോഹാരിത ഉള്ളതിനാൽ ഏതു സ്ഥലമാണ് കൂടുതൽ സുന്ദരം എന്ന് തിരഞ്ഞെടുക്കുവാൻ ബുദ്ധിമുട്ടാണ്. ആലപ്പുഴയിലെ ഹൗസ്ബോട്ട് എനിക്ക് അവിസ്മരണീയമായ നിമിഷമാണ്, കേരളത്തിന്റെ കായലുകളുടെ മനോഹരമായ കാഴ്ചയുമായി ആറ് പേരടങ്ങുന്ന ഒരു ചെറിയ സംഘത്തോടൊപ്പം ഹൗസ്ബോട്ടിൽ ചെലവഴിച്ചത് ഏറെ ആനന്ദകരമായിരുന്നു. വയനാട്ടിലെ വൈത്തിരി റിസോർട്ടിലെ ട്രീ ഹൗസിൽ താമസിച്ചതും മറക്കാൻ കഴിയില്ല.



## മനോഹരം മൂന്നാർ

**രക്ഷ റാവു, ഇന്ത്യ**

മൂന്നാറിലെ മനോഹാരിത എല്ലാപേർക്കും അസാധാരണ മായ അനുഭവമാണ് നൽകിയത്. മൂന്നാറിന്റെ ഓർമ്മകൾ സന്ദർശിച്ച എല്ലാവരുടെയും മനസ്സിൽ എന്നും മായാതെ നിലനിൽക്കും.

എന്നെ ആകർഷിച്ച മറ്റൊന്ന് കളരിപ്പയറ്റാണ്. കൂടാതെ, കോഴിക്കോട് കാണാൻ ഇടയായ പാവകളി എല്ലാവർക്കും വ്യത്യസ്ത അനുഭവം ആയി. കോഴിക്കോട് സന്ദർശിക്കുന്ന ഏതൊരാളും പാവകളി കാണാതെ പോകരുത്. ആളുകളുടെ പെരുമാറ്റം ഏറെ സൗഹാർദപരമായിരുന്നു, ഉറ്റവരെപ്പോലെയാണ് അവർ ഇടപഴകിയത്. തെക്ക് നിന്ന് വടക്കൻ പ്രദേശങ്ങളിലേക്ക് യാത്ര ചെയ്യുമ്പോൾ, വൈവിധ്യമാർന്ന പാചകരീതികൾ ആസ്വദിക്കാനും വ്യത്യസ്ത സംസ്കാരങ്ങളിൽ മുഴുകാനും ഞങ്ങൾക്ക് അവസരം ലഭിച്ചു.



## മുണ്ട് ഉടുത്ത സന്തോഷം

**സോംജിത് ഭട്ടാചാര്യ, ഇന്ത്യ**

എന്റെ ആദ്യ കേരളസന്ദർശന മായിരുന്നെങ്കിലും ഇതൊരു വെറും യാത്ര മാത്രമായിരുന്നില്ല – അതൊരു 'അനുഭവം' ആയിരുന്നു. രണ്ടാഴ്ചത്തെ ബ്ലോഗ് എക്സ്പ്രസ്സ് പര്യടനം കേരളത്തെ കുറെയൊക്കെ അടുത്തറിയാൻ സഹായിച്ചു. പല സ്ഥലങ്ങളും സന്ദർശിക്കുക മാത്രമല്ല, പരമ്പരാഗത ഭക്ഷണങ്ങൾ – പരമ്പരാഗത വസ്ത്രങ്ങൾ (എനിക്ക് രണ്ടു തവണ മുണ്ട് ധരിക്കാനായി) – ഗ്രാമജീവിതം – പരമ്പരാഗത കരകൗശല വസ്തുക്കൾ – പരമ്പരാഗത സംഗീതം – പരമ്പരാഗത നൃത്തം – പരമ്പരാഗത സംസ്കാരം – അടുത്തറിയാൻ ധാരാളം അവസരങ്ങൾ ലഭിച്ചു. പ്രാദേശിക സ്കൂളുകളും സന്ദർശിച്ചു, കൂടാതെ വൈകുന്നേരം ഒരു വീട്ടിൽ ചെലവഴിച്ചതു വേറിട്ട അനുഭവമായായിരുന്നു. അവിടെ അവർ വിളക്ക് കത്തിക്കുന്നതും വൈകുന്നേരം പ്രാർഥിക്കുന്നതും കണ്ടു.





ബ്ലോഗർമാർ കളരി കേന്ദ്രത്തിൽ

## കയർ പിരിച്ചും കളരി പഠിച്ചും

കുമരകം, അയ്മനത്തെ ഉത്തരവാദിത്ത ടൂറിസം പ്രവർത്തനങ്ങൾ ബ്ലോഗർമാർക്ക് ഏറെ കൗതുകമുണർത്തി. കുമരകത്തെ ഹൗസ്ബോട്ട് യാത്ര ബ്ലോഗർമാർക്ക് അവിസ്മരണീയമായ അനുഭവമായി. കയറ് പിരിച്ചും നാടൻകള്ള് കുടിച്ചുമൊക്കെ സംഘം കേരളത്തിന്റെ ഗ്രാമീണ ജീവിതത്തെ അടുത്തറിഞ്ഞു. ഉത്തരവാദിത്ത ടൂറിസം പ്രവർത്തനങ്ങൾക്ക് നിരവധി അവാർഡുകൾ വാരിക്കൂട്ടിയ അയ്മനം ഗ്രാമം സന്ദർശിച്ച സംഘം പ്രദേശത്തെ ജനങ്ങളുടെ ഉപജീവന മാർഗങ്ങളെ അടുത്തറിഞ്ഞു. ആലപ്പുഴയിലെ ഹൗസ് ബോട്ടിലെ താമസം മികച്ച അനുഭവമായിരുന്നു എന്ന് ബ്ലോഗർമാർ പറഞ്ഞു. കെട്ടുവള്ളത്തിൽ പ്രകൃതിസൗന്ദര്യം ആസ്വദിച്ചു കൊണ്ട് കനാലുകളിലൂടെയും കായലുകളിലൂടെയും ഉള്ള യാത്ര മറക്കാനാകാത്ത ഒന്നായിരുന്നു എന്ന് അവർ പറഞ്ഞു. കൊച്ചിയിലെത്തിയ സംഘം കടമക്കുടി ദ്വീപ് സന്ദർശിച്ചു. ദ്വീപിന്റെ പ്രകൃതി സൗന്ദര്യം ആസ്വദിച്ച സംഘം ഇവിടെ സൈക്ലിങ്ങും നടത്തിയാണ് മടങ്ങിയത്. തുടർന്ന് ഫോർട്ട് കൊച്ചി, ജൂതത്തെരുവ്, സിനഗോഗ്, ഡച്ച് പാലസ്, ചീനവല എന്നിവ സന്ദർശിച്ചു. ആതിരപ്പള്ളി വെള്ളച്ചാട്ടവും കേരള കലാമണ്ഡലവും സന്ദർശിച്ച സംഘം ഇടുക്കിയിൽ തേക്കടി, പെരിയാർ തടാകം, മൂന്നാർ, തേയില ഫാക്ടറി, മാട്ടുപ്പെട്ടി ഡാം എന്നിവിടങ്ങളും സന്ദർശിച്ചു.

കോഴിക്കോട്ടെത്തിയ ബ്ലോഗ് എക്സ്പ്രസ്സ് സംഘം കടലുണ്ടിയിലെ ഉത്തരവാദിത്ത ടൂറിസം പ്രവർത്തനങ്ങളെ അടുത്തറിഞ്ഞു. ഇവിടുത്തെ മാതൃകാപദ്ധതിയായ വില്ലേജ് ലൈഫ് എക്സ്പീരിയൻസ് സ്ട്രീറ്റിലെ കയർ സൊസൈറ്റിയും നെയ്ത്തുകേന്ദ്രവും സന്ദർശിച്ചു. ഇവിടുത്തെ ജീവനക്കാർക്കൊപ്പം കയർപിരിക്കാനും നെയ്ത്ത് പരിശീലിക്കാനും ബ്ലോഗർമാരും കൂടി.

കോഴിക്കോടിന്റെ തുറുമുഖപ്പെരുമ വിളിച്ചോതുന്ന ബേപ്പൂരിലെ ഉരുനിർമാണ ശാലയിലെ സന്ദർശനം പുതിയ അനുഭവമായിരുന്നു എന്ന് ബ്ലോഗർമാർ അഭിപ്രായപ്പെട്ടു. രുചിവൈവിധ്യങ്ങൾക്ക് പേരുകേട്ട കോഴിക്കോട്ടെ മലബാർ സ്റ്റൈൽ കുക്കറി ഷോ ആസ്വദിച്ചാണ് സംഘം വയനാടൻ ചുരം കയറിയത്. ഇവിടെ വൈത്തിരി, കുറുവ ദ്വീപ്, തേയിലത്തോട്ടം എന്നിവയും സംഘം സന്ദർശിച്ചു. വയനാട്ടിൽ ഡിടിപിസി സംഘടിപ്പിച്ച മഡ് ഫുട്ബോൾ മത്സരത്തിലും ബ്ലോഗർമാർ ഭാഗമായി. യാത്രികർക്കായി യോഗ പരിശീലനം നൽകുന്നതിനൊപ്പം കേരളത്തിന്റെ തനത് കലകളേയും രുചിവൈവിധ്യങ്ങളെയും പരിചയപ്പെടുത്താനുള്ള ശ്രമങ്ങളും ഉണ്ടായിരുന്നു.

> **ഉത്തരവാദിത്ത ടൂറിസം പ്രവർത്തനങ്ങൾക്ക് നിരവധി അവാർഡുകൾ വാരിക്കൂട്ടിയ അയ്മനം ഗ്രാമം സന്ദർശിച്ച സംഘം പ്രദേശത്തെ ജനങ്ങളുടെ ഉപജീവനമാർഗങ്ങളെ അടുത്തറിഞ്ഞു**

ബ്ലോഗർമാർ തങ്ങളുടെ സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമുകളിലൂടെ പങ്കുവെച്ച അനുഭവങ്ങളും ചിത്രങ്ങളും വൈറലായി. യാത്രയുടെ അപ്ഡേഷനുകൾ അപ്പപ്പോൾ തങ്ങളുടെ സോഷ്യൽ മീഡിയ പേജുകളിലൂടെ പങ്കുവെച്ച് കേരളാ ടൂറിസവും ബ്ലോഗ് എക്സ്പ്രസ് യാത്രയെ ജനകീയമാക്കി.

രണ്ടാഴ്ചത്തെ ബ്ലോഗ് വണ്ടിയിലെ യാത്ര ഏറ്റവും അവിസ്മരണീയമായിരുന്നുവെന്ന് വ്ളോഗർമാർ എല്ലാവരും ഒറ്റസ്വരത്തിൽ പറയുന്നു. പലരും ഇന്ത്യ സന്ദർശിച്ചിട്ടുണ്ടെങ്കിലും കേരളത്തിലേക്ക് വരുന്നത് ഇതാദ്യമാണ്.■

മൺസൂൺ ടൂറിസം

# മലയിറങ്ങുന്ന നൂൽമഴ

**മൺസൂൺ ടൂറിസത്തിന്റെ വലിയ സാധ്യതകളാണ് വയനാട് തുറന്നിടുന്നത്**

**രമേഷ്കുമാർ വെള്ളമുണ്ട**

ചാഞ്ഞും ചെരിഞ്ഞും പെയ്യുന്ന വയനാടൻ മഴ. കേരളത്തിന്റെ ചിറാപുഞ്ചി എന്ന് ഒരുകാലത്ത് അറിയപ്പെട്ട ലക്കിടിയിൽ നിന്നായിരുന്നു ഒരു കാലത്ത് മഴയുടെ തുടക്കം. മഴയുടെ ഇടവേളകളിൽ മലനിരകളെ പുണർന്ന് കോടമഞ്ഞ് വയലുകളിലേക്കെല്ലാം പടരുന്ന കാലം. കുളിരണിയുന്ന വയനാട്ടിൽ മഴക്കാലത്ത് ഓർമ്മകളും പെയ്ത് നിറയുകയാണ്. ടൂറിസം വകുപ്പിന്റെ നേതൃത്വത്തിൽ സ്പ്ലാഷ് മഴ മഹോത്സവവും അരങ്ങേറി. നിരവധി മൺസൂൺ ടൂറിസ്റ്റുകളാണ് മഴ ആസ്വദിക്കാൻ വയനാട്ടിലേക്ക് ചുരം കയറിയത്.

വയനാടൻ മഴയ്ക്ക് വിഭിന്നഭാവങ്ങളാണ്. അതുകൊണ്ട് തന്നെ ആർത്തലച്ചും അതിരുവിട്ടും പ്രളയമാകാത്ത മഴക്കാലമെല്ലാം വയനാടിന് മഹോത്സവമാണ്. മലനിരകളും കാടും വയലേലകളുമെല്ലാം മഴയിൽ കുളിച്ച് നിൽക്കുമ്പോൾ മൺസൂൺ ടൂറിസത്തിന്റെ വലിയസാധ്യതകളാണ് വയനാട് തുറന്നിടുന്നത്. മഴ തുടങ്ങിയാൽ പിന്നെ നിൽക്കണമെന്നില്ല. നൂലുപോലെ ചാറുന്ന വയനാടൻ മഴ അങ്ങിനെയായിരുന്നു.

## കാടിന്റെ സംഗീതം

മഴ തുടങ്ങുമ്പോഴേക്കും ചീവീടുകളുടെ ശബ്ദമാണ് മലയോരങ്ങളിൽ മുഴങ്ങിതുടങ്ങുക. മഴ പെയ്തു തീർന്നാലും മരം പെയ്യുന്ന കാടുകൾ. കുളിരിന്റെ കൂടാരമായി നിത്യഹരിത വനങ്ങൾ.



പുതിയ തളിരുകളും ശിഖരങ്ങളും നീട്ടി ഇലപൊഴിക്കും കാടുകൾ. കാഴ്ചയുടെ സമൃദ്ധിയിലാണ് മഴക്കാലത്തെ കാടുകൾ. മുത്തങ്ങയിലും തോൽപ്പെട്ടിയിലും സഞ്ചാരികൾക്ക് കാടിനുള്ളിലേക്ക് പ്രവേശിക്കാൻ അനുമതിയുണ്ട്. വയനാട് വന്യജീവി സങ്കേതത്തിനുള്ളിലെ കാടനുഭവങ്ങൾ വേറിട്ടതാണ്. പ്രത്യേകിച്ച് കാട്ടാനകളുടെ ഇന്ത്യയിലെ ഏറ്റവും വലിയ ആവാസ കേന്ദ്രമായതിനാൽ കരിവീരൻമാരെ അടുത്തു കാണാനുള്ള അവസരം കൂടിയാണിത്. മുത്തങ്ങയിലെ ദേശീയ പാതയോരത്തും തോൽപ്പെട്ടി കുട്ട റോഡിലും ബാവലി മൈസൂർ പാതയോരത്തുമെല്ലാം കാട്ടാനകളും മാനുകളും കാട്ടിയും സ്വൈര്യവിഹാരം നടത്തുന്നത് കാണാം.

## സാഹസികതയുടെ മലയോരങ്ങൾ

സ്വാഭാവിക വിനോദ സഞ്ചാരത്തിന് പേരുകേട്ട വയനാട്ടിൽ മഴക്കാലമെത്തുമ്പോൾ വെള്ളച്ചാട്ടങ്ങളെല്ലാം ജീവൻ വീണ്ടെടുക്കും. കാന്തൻപാറയും സൂചിപ്പാറയും മീൻമുട്ടി വെള്ളച്ചാട്ടവുമെല്ലാം മഴക്കാലത്ത് സജീവമാകും. മഴ ദുർബലമാകുമ്പോൾ ചെമ്പ്രയിലേക്കും ബ്രഹ്മഗിരിയിലേക്കും കാറ്റുകുന്നിലേക്കും ചിറപ്പുല്ലിലേക്കും മുനീശ്വരൻ കുന്നിലേക്കുമെല്ലാം യാത്രപോകാം. ഓഫ് റോഡ് ജീപ്പ് ഡ്രൈവുകൾക്കും വയനാട് വേദിയാണ്. രാജ്യത്തിന്റെ വിവിധയിടങ്ങളിൽ നിന്നും ജീപ്പുക്ലബ്ബുകളും ഇതിനായി മഴക്കാലത്ത് വയനാട്ടിലേക്ക് ചുരം കയറുന്നു.

## വയൽവെള്ളത്തിലെ കാൽപ്പന്ത്

പുൽമൈതാനങ്ങളില്ല. ഗാലറിയും മറ്റൊന്നുമൊന്നുമില്ല. വിശാലമായ വയലിന്റെ കോണിൽ തയ്യാറാക്കിയ ചെറിയൊരു കോർട്ട്. മഴയിൽ കുതിർന്നൊരു കാൽപ്പന്തുകളി. ഇതൊരു കുട്ടിക്കളിയല്ല. മത്സരിക്കുന്നത് ചെളിയിലൂടെ പന്തുരുട്ടാനും ഗോളടിക്കാനും ഡ്രിബ്ലിങ്ങ് നടത്താനുമൊക്കെ കഴിവുള്ള താരങ്ങളാണ്.
മഡ് ഫുട്ബോളിന്റെ ആവേശം കാണണമെങ്കിൽ വയനാട്ടിലേക്ക് വരണം. ചാന്തുപോലെ കുഴയുന്ന ചെളിയിൽ ബൂട്ടില്ലാത്ത കാലുകളുമായി ഗോൾ പോസ്റ്റിലേക്ക് പന്തുരുട്ടുന്നത് കാണാൻ കാണികളുടെ നിരകളുമുണ്ട്. ജില്ലാടൂറിസം പ്രമോഷൻ കൗൺസിലിന്റെ നേതൃത്വത്തിൽ ഇത്തവണയും മഡ്ഫുട്ബോളിന് ആവേശകരമായ തുടക്കമായി. തോരാമഴയെത്തും മഴ നനഞ്ഞ് കാൽപ്പന്തുകളിയിൽ മറ്റൊരു ചരിത്രമെഴുതുകയാണ് വയനാടിന്റെ താരങ്ങൾ.

## കമ്പളനാട്ടിയുടെ തുടിച്ചെത്തങ്ങൾ

പൂർവകാല വയനാടിന്റെ കാതുകളിൽ കമ്പളനാട്ടിയുടെ തുടിയൊച്ചകൾ ഇപ്പോഴും മുഴങ്ങുന്നുണ്ട്. പണിയരുടെ സുഷിരവാദ്യമായ ചീനിവിളിയും തുടിമേളവും ഇടകലരുന്നതോടെ




മഡ് ഫുട്ബോൾ



കമ്പളനാട്ടിയെന്ന ചടങ്ങ് തുടങ്ങുകയായി. പെരുമഴയത്ത് പാടത്ത് നൃത്ത ചുവടുകളോടെ ഞാറുപറിച്ചു നടുന്ന ആഘോഷമാണിത്. നെൽകൃഷിയെ ജീവിതത്തിന്റെ ഭാഗമാക്കിയ ജന്മി തറവാട്ടുകാർക്കു വേണ്ടി അടിയാള വർഗത്തിന്റെ ചിട്ടപ്പെടുത്തിയ താളമാണിത്. തുടിയൊച്ചകൾ മുറുകുമ്പോൾ വേഗത്തിൽ നട്ടുനീങ്ങുന്ന നെൽപ്പാടങ്ങൾ വൈകുന്നേരത്തോടെ പച്ചപ്പണിയും. പണിയ സമുദായക്കാരാണ് കമ്പളനാട്ടിയുടെ നടത്തിപ്പുകാർ. അൻപത് പേരോളം അണിനിരക്കുന്ന ഈ പരമ്പരാഗത കാർഷിക മഴയുത്സവം വയനാടിന് മാത്രം സ്വന്തമാണ്. പണിയരുടെ കുടുംബ അവകാശമായി കമ്പളനാട്ടി ഇന്നും കണക്കാക്കപ്പെടുന്നു.

**അവാച്യമായ അനുഭൂതിയാണ് വയനാടൻ ചുരത്തിലെ മഴ. തണുത്ത കാറ്റും കോടമഞ്ഞും പുണരുന്ന ലക്കിടിയുടെ വ്യൂപോയിന്റിൽ നിന്നും താഴെ നാടിന്റെ വിദൂരക്കാഴ്ചകളിലേക്ക് നോക്കാൻ ഇഷ്ടപ്പെടാത്തവർ ആരുണ്ട്**

## ചുരത്തിലൂടെ മഴ നനയാം

ഒരിക്കലും മതിവരാത്ത കാഴ്ചകളുടെ കവാടമാണ് വയനാടൻ ചുരം. പാമ്പിനെ പോലെ ചുറ്റിവരിയുന്ന വഴികളിൽ കിതച്ചു കയറി വരുന്ന വാഹനങ്ങൾ. നിത്യഹരിത വനങ്ങളുടെ മങ്ങാത്ത കാഴ്ചകളിൽ മഴക്കാലം വീണ്ടും പച്ചപ്പ് പുതപ്പിക്കും. രാവിലെ മുതൽ സന്ധ്യയാവുന്നതുവരെ വ്യൂപോയിന്റിനരികിൽ സഞ്ചാരികൾ ധാരാളമുണ്ട്. ആകാശത്തിൽ കറുപ്പും വെളുപ്പും കലർന്ന മേഘങ്ങൾ മാറി മാറി ചിത്രങ്ങൾ വരച്ചുപോകും. താഴ്‌വാരത്തെ മുഴുവനും വെള്ള പുതപ്പിക്കുന്ന കോടമഞ്ഞിനെ കാറ്റും തുടച്ചുകൊണ്ട് പോകും. ഇതിനിടയിൽ പട്ടാപ്പകലും ഇരുൾ മൂടുന്ന വഴികൾ. ഫോഗ് ലൈറ്റും ഹോണും മുഴക്കി നിരനിരയായി ചുരമിറങ്ങുകയാണ് വാഹനങ്ങളും. അവിസ്മരണീയമാണ് പതിവായി മഴക്കാലത്ത് നടക്കുന്ന വയനാട് ചുരം മഴയാത്ര. വിദ്യാർഥികളടക്കമുള്ള പ്രകൃതി സ്നേഹികൾ മഴയാത്രയിൽ അണിനിരന്നു.

വഴിയോരങ്ങളിൽ പൂക്കളുടെ വിത്തുകൾ വിതറിയും പ്ലാസ്റ്റിക്കുകളും കുപ്പികളും മറ്റും പെറുക്കിയും യാത്രാസംഘങ്ങൾ ചുരം വഴികളിലൂടെ നടന്നു നീങ്ങുന്നു. മഴയെയും പ്രകൃതിയെയും അടുത്തറിയാനുള്ള ഒരു പഠനയാത്രയാണിത്. ഇനിയും മരിക്കാത്ത പച്ചതുരുത്തുകൾ. ■



# വരൂ,
# നവസ്വപ്നഭൂമികളിലേക്കു പോകാം

സമകാലിക
**ജനപഥം**
ടൂറിസം ഗൈഡ്

കേരളത്തിന്റെ വിശ്വവിഖ്യാതമായ വിനോദസഞ്ചാരകേന്ദ്രങ്ങൾക്ക് അപ്പുറത്തേക്കു കേരള ടൂറിസം വളരുകയാണ്. ടൂറിസം വകുപ്പും ഡിടിപിസികളും പുതുതായി വികസിപ്പിക്കുന്ന ടൂറിസം കേന്ദ്രങ്ങളും അതത് ജില്ലയ്ക്കപ്പുറത്തേക്ക് അധികം അറിയപ്പെടാത്ത സുന്ദരമായ കാഴ്ചകൾ ഒരുക്കിവെച്ചിരിക്കുന്ന പ്രദേശങ്ങളും അറിയാം.

പേജ് നം. 27-59



# രാത്രിയിലും മിഴി തുറക്കാൻ കനകക്കുന്ന്



തിരുവനന്തപുരം നഗരത്തിലെ നിവാസികൾ സായാഹ്നങ്ങൾ ചിലവഴിക്കാനും നിശാഗന്ധിയിൽ നടക്കുന്ന കലാപരിപാടികൾ ആസ്വദിക്കാനും ഒത്തുചേരുന്ന സ്ഥലമാണ് കനകക്കുന്ന് കൊട്ടാരവും പരിസര പ്രദേശവും. സാംസ്കാരിക പരിപാടികൾ തുടങ്ങി വിവിധ പൊതുപരിപാടികൾക്ക് സാക്ഷ്യം വഹിക്കുന്ന തിരുവനന്തപുരം നഗരത്തിലെ വേദികളിലൊന്നാണ് കൊട്ടാര പരിസരം. രാത്രികാല നഗര ജീവിതം ആസ്വദിക്കുന്നതിനു തുടക്കം കുറിച്ച നൈറ്റ് ലൈഫ് ടൂറിസം പദ്ധതിയുടെ ഭാഗമായി കനകക്കുന്ന് കൊട്ടാരവും പരിസര പ്രദേശവും പൊതുജനങ്ങൾക്കായി തുറന്നുകൊടുക്കാൻ ഒരുങ്ങുകയാണ്.

കലാപരിപാടികൾ അവതരിപ്പിക്കാൻ പ്രത്യേകമായി രൂപകല്പന ചെയ്ത മൂന്ന് പവലിയനുകൾ ഇവിടെ ഒരുക്കിയിട്ടുണ്ട്. നല്ല ഇരിപ്പിട സൗകര്യങ്ങളും സൂക്ഷ്മമായി ക്രമീകരിച്ച ലൈറ്റിങ്ങും നല്ലൊരു കലാനുഭവം നൽകുന്നു. ആകർഷകമായ ലൈറ്റിങ്ങ് സംവിധാനം ചുറ്റുപാടുകളെ ആവേശത്തിന്റെയും മാസ്മരികതയുടെയും പ്രഭാവലയം കൊണ്ട് നിറയ്ക്കുന്നു. ഇവിടെ ക്രമീകരിച്ചിട്ടുള്ള നാലു കിയോസ്കുകളിൽ രുചികരമായ ഭക്ഷണവിഭവങ്ങളും ലഭിക്കും. കനകക്കുന്നിലെ നൈറ്റ് ടൂറിസം പദ്ധതിക്കായി 2.63 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ■

തിരുവനന്തപുരം/ ശാസ്താംപാറ

# കാണാം
# അനന്തപുരിയുടെ വിശാലഭംഗികൾ

**സൂര്യാസ്തമയത്തിന്റെ ദൃശ്യഭംഗിയും നീലാകാശത്തിലെ മേഘക്കാഴ്ചകളും ഇവിടം സുന്ദരമാക്കുന്നു**


കനകക്കുന്ന്

തിരുവനന്തപുരത്തിന്റെ നഗരത്തിരക്കുകളിൽ നിന്നും മാറി വലിയ കുന്നുകൾക്കിടയിൽ പ്രകൃതി ഒളിപ്പിച്ചുവെച്ച വിസ്മയക്കാഴ്ചകൾ ഒട്ടും ആയാസമില്ലാതെ ആസ്വദിക്കുവാനാകുന്ന ഒരു വിനോദസഞ്ചാരകേന്ദ്രമാണ് ശാസ്താംപാറ. സൂര്യാസ്തമയത്തിന്റെ ദൃശ്യഭംഗിയും നീലാകാശത്തിലെ മേഘക്കാഴ്ചകളും ഇവിടം സുന്ദരമാക്കുന്നു. തിരുവനന്തപുരം നഗരത്തിന്റെ വിശാലതയും ശംഖുമുഖം, കോവളം ബീച്ചുകളുടെയും വിഴിഞ്ഞത്തെ തെങ്ങിൻ തോപ്പുകളുടെയും ശാന്തതയും ശാന്തൻപാറയിൽ നിന്നും ആസ്വദിക്കാൻ കഴിയും.

ഈ ദൃശ്യഭംഗികൾ കാണാൻ 400 മീറ്റർ കുന്നിൻമുകളിലേക്ക് കയറിയാൽ മതി. അവിടെ കുട്ടികളുടെ പാർക്കും ഒരു കൽമണ്ഡപവും ശാസ്താക്ഷേത്രവും ഒരു കുളവും ഉണ്ട്.

വൈകുന്നേരങ്ങളാണ് ഇവിടം സന്ദർശിക്കാൻ ഏറ്റവും അനുയോജ്യം. തിരുവനന്തപുരം നഗരത്തിൽ നിന്ന് 14 കിലോമീറ്റർ മാറിയാണ് ശാസ്താംപാറ സ്ഥിതി ചെയ്യുന്നത്. വിളപ്പിൽശാലയിൽ നിന്ന് രണ്ട് കിലോമീറ്റർ മാത്രം. നഗരത്തിൽ നിന്ന് പേയാട് – തച്ചോട്ടുകാവ് – മൂങ്ങോട് റോഡിലൂടെ ശാസ്താംപാറയിലെത്താം. തിരുവനന്തപുരം ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിലിനാണ് കേന്ദ്രത്തിന്റെ സംരക്ഷണച്ചുമതല.

**രാവിലെ ഏഴ് മുതൽ വൈകുന്നേരം ഏഴ് വരെയാണ് സന്ദർശകർക്ക് പ്രവേശനം അനുവദിച്ചിരിക്കുന്നത്.**

ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലിന്റെ പ്രവർത്തന മേഖല വിപുലീകരിക്കുന്നതിന്റെ ഭാഗമായി റോക്ക് ക്ലൈംബിങ്ങ്, സ്കൈ സൈക്ലിങ്ങ് തുടങ്ങിയ സാഹസിക വിനോദങ്ങളും ചെറുപരിശീലന ക്യാമ്പുകളും സംഘടിപ്പിക്കുവാൻ പദ്ധതി തയ്യാറാക്കുകയാണ് ഡിടിപിസി. ■


ശാസ്താംപാറ

കൊല്ലം /തങ്കശ്ശേരി ബ്രേക്ക് വാട്ടർ

# കടലോരക്കാറ്റിന്റെ സുഖദാനുഭവം

**ലൈറ്റ്ഹൗസിന്റെ സാമീപ്യവും ഈ വിനോദസഞ്ചാര കേന്ദ്രത്തിന് മാറ്റുകൂട്ടുന്നു**

കൊല്ലത്തിന്റെ ടൂറിസം ഭൂപടത്തിലേക്ക് ഇടംപിടിക്കുകയാണ് തങ്കശ്ശേരി ബ്രേക്ക് വാട്ടർ പദ്ധതിയും. കടലോരക്കാറ്റിന്റെ സുഖദനിമിഷങ്ങൾക്കൊപ്പം കാഴ്ചയുടെ ഉത്സവംകൂടിയാണ് ഇവിടം തീർക്കുന്നത്.

നാനൂറോളം പേർക്ക് ഇരിക്കാൻ കഴിയുന്ന ഓപ്പൺ എയർ ഓഡിറ്റോറിയം, കടൽക്കാഴ്ചകൾ ആസ്വദിക്കാൻ വ്യൂ ടവർ, സുരക്ഷാഭിത്തി, കടലിന് അഭിമുഖമായി ഇരിപ്പിടങ്ങൾ, സൈക്കിൾ ട്രാക്ക്, കിയോസ്കുകൾ, റാമ്പ്, കുട്ടികളുടെ കളിസ്ഥലം, നടപ്പാതകൾ, ടൂറിസ്റ്റ് ഇൻഫർമേഷൻ സെന്റർ, ടോയ്‌ലറ്റ് ബ്ലോക്ക്, ബോട്ട് ജെട്ടി, റെസ്റ്റോറന്റ്, ബോട്ടിങ്-വാട്ടർ സ്പോർട്സ് സംവിധാനങ്ങൾ എന്നിവയാണ് ആകർഷണം.

തിരയിളക്കം കുറവുള്ള മുനമ്പിൽ നിന്ന് വേറിട്ടയിനം മീനുകളെ കണ്ടെത്താനാകും. ലൈറ്റ്ഹൗസിന്റെ സാമീപ്യവും ഈ വിനോദസഞ്ചാര കേന്ദ്രത്തിന് മാറ്റുകൂട്ടുന്നു. ഡച്ച് അധിനിവേശത്തിന്റെ ശേഷിപ്പുകളും ആംഗ്ലോ ഇന്ത്യൻ സംസ്കാരത്തിന്റെ അടയാളങ്ങളും നിറഞ്ഞ തങ്കശ്ശേരിയുടെ പൈതൃകമൂല്യത്തിന് മുതൽക്കൂട്ടുമാണ് പുതുസംരംഭം.

ടൂറിസം വകുപ്പ് 5.55 കോടി രൂപ ചെലവഴിച്ച് ഹാർബർ എൻജിനീയറിങ്ങ് വകുപ്പിന്റെ മേൽനോട്ടത്തിലാണ് ബ്രേക്ക് വാട്ടർ ടൂറിസം പദ്ധതി തങ്കശ്ശേരിയിൽ പൂർത്തീകരിച്ചത്. ടൂറിസം വകുപ്പ് മന്ത്രി പി. എ. മുഹമ്മദ് റിയാസ് പദ്ധതി നാടിന് സമർപ്പിച്ചു. ■

**അമൽ പ്രസാദ്**


**സന്ദർശന സമയം: ഉച്ചയ്ക്ക് രണ്ടു മുതൽ വൈകിട്ട് എട്ടു മണിവരെ. ടിക്കറ്റ് നിരക്ക്: മുതിർന്നവർക്ക് 10 രൂപയും കുട്ടികൾക്ക് അഞ്ച് രൂപയും.**



തങ്കശ്ശേരി ബ്രേക്ക് വാട്ടർ
📷 സുരേഷ്കുമാർ

# ചന്ദനഗന്ധം നിറയും ഗ്രാമഭംഗി

## ചന്ദനമരങ്ങളുടെ സമൃദ്ധിയാണ് ഇവിടുത്തെ കാറ്റിൽ സുഗന്ധം നിറയ്ക്കുന്നത്



മലമേൽപാറ

ഗ്രാമീണചാരുതയാർന്ന യാത്രാനുഭവം ഒരുക്കുന്ന പ്രകൃതിസൗഹൃദ വിനോദ സഞ്ചാരമാണ് മലമേൽ ടൂറിസം പദ്ധതിയുടെ ആകർഷണം. പ്രകൃതി ഭംഗിക്കൊപ്പം സാഹസികത ഇഷ്ടപ്പെടുന്നവർക്കും ആസ്വാദ്യകരമാകും പ്രദേശത്തിന്റെ ഭൂപ്രകൃതി. ഇടമുളയ്ക്കൽ പഞ്ചായത്തിലാണ് മലമേൽ പാറ. കൊല്ലം നഗരത്തിന്റെ തിരക്കുകളിൽ നിന്ന് 42 കിലോമീറ്റർ ദൂരമുണ്ട് ഇവിടേക്ക്.

വിനോദസഞ്ചാര വകുപ്പ് പ്രകൃതി സൗഹൃദ വിനോദസഞ്ചാരകേന്ദ്രമായി പ്രഖ്യാപിച്ച മലമേൽ മേഖലയ്ക്ക് ഏറെയുണ്ട് പ്രത്യേകതകൾ. ചന്ദന മരങ്ങളുടെ സമൃദ്ധിയാണ് ഇവിടുത്തെ കാറ്റിൽ സുഗന്ധം നിറയ്ക്കുന്നത്. മേടുകളോളം പരക്കുന്ന ഇഞ്ചപ്പുല്ലിൽ പുൽതൈലത്തിന്റെ മണം ഒളിഞ്ഞിരിപ്പുണ്ട്. അരികിൽ തലയെടുപ്പോടെ ഏഴിലംപാലയും. കറുക, കൂവളം, കാഞ്ഞിരം, ദന്തപ്പാല, കുടകപ്പാല, നറുനീണ്ടി, അമൃത്, പേരാൽ, അരയാൽ തുടങ്ങിയവയുടെ വൃക്ഷസമൃദ്ധി. ത്രിമൂർത്തികളുടെ സംഗമസ്ഥാനമെന്ന നിലയിൽ പ്രസിദ്ധമായ ശങ്കരനാരായണ ക്ഷേത്രവും ഇവിടെയാണ്.



പാറക്കൂട്ടങ്ങൾ പിന്നിട്ടാൽ നാടുകാണി പ്പാറയുടെ തലയെടുപ്പ് കാണാം. ആകാശം തൊടുന്ന പാറയ്ക്ക് മുകളിലേക്കുള്ള കയറ്റം സാഹസികർക്ക് ആസ്വദിക്കാം. നാടുകാണിപ്പാറയ്ക്കു മുകളിൽ നിന്നാൽ തങ്കശ്ശേരി വിളക്കുമാടം കാണാം. ചടയമംഗലം ജടായുപ്പാറയും, മരുതിമലയും ഇവിടെനിന്ന് കാണാമെന്നതും മുഖ്യസവിശേഷതയാണ്.

ഗ്രാമസൗന്ദര്യം ഇഷ്ടപ്പെടുന്ന സഞ്ചാരികൾ ഇവിടേക്ക് കൂട്ടമായെത്തുന്നുണ്ട്. സുരക്ഷിത ടൂറിസം ഉറപ്പാക്കുന്നതിന്റെ ഭാഗമായി ഫെൻസിങ്ങ്, വെളിച്ചം എന്നിവയും പ്രദേശവാസികൾക്ക് തൊഴിലവസരം ഉറപ്പാക്കി സുരക്ഷാജീവനക്കാരേയും നിയോഗിച്ചിട്ടുണ്ട്. പ്രദേശത്തിന്റെ സമഗ്രവികസനം ലക്ഷ്യമാക്കി വിനോദസഞ്ചാര വകുപ്പ് മൂന്ന് കോടി രൂപ അനുവദിച്ചുകഴിഞ്ഞു. ■

സംഗീത സന്തോഷ്

**കൊല്ലത്തുനിന്നു കൊട്ടാരക്കര വഴി വാളകത്തെത്തി അവിടെനിന്നു കെ.എസ്.ആർ.ടി.സി സ്വകാര്യ ബസുകളിൽ മലമേൽ എത്താം. അഞ്ചൽ ഏറം, തടിക്കാട് വഴിയും എത്താം. അഞ്ചൽ–ആയൂർ റോഡിലെ പനച്ചവിളയിൽ നിന്നുമാണ് മലമേലിൽ എത്താനുള്ള മൂന്നാമത്തെ വഴി. എം.സി റോഡ് വഴി വരുന്നവർക്ക് വാളകം വഴിയും ഇവിടെയെത്താം.**

# ജലസമൃദ്ധിയിൽ തുഴഞ്ഞുനീങ്ങാം ഗ്രാമചാരുതയറിയാം

**കയാക്കിങ്ങ് വിദഗ്ധരുടെ സഹായത്തോടെ ടൂറിസ്റ്റുകൾക്ക് കയാക്കിങ്ങ് നടത്താനുള്ള സൗകര്യം ഇവിടെ ഒരുക്കിയിട്ടുണ്ട്**

കേരളത്തിന്റെ വിനോദസഞ്ചാരമേഖലയിൽ ഒരു ഗ്രാമം ചരിത്രം സൃഷ്ടിക്കുന്നതിന്റെ നേർസാക്ഷ്യമാണ് കോട്ടയം ജില്ലയിലെ മറവൻതുരുത്ത്. ഉത്തരവാദിത്ത ടൂറിസം മിഷന്റെ സ്ട്രീറ്റ് പദ്ധതിയിലുൾപ്പെട്ടതോടെയാണ് മറവൻതുരുത്തിൽ ജനകീയമുന്നേറ്റം സാധ്യമായത്. വാട്ടർ സ്ട്രീറ്റുകൾ ഒരുക്കലായിരുന്നു ആദ്യഘട്ടം. ഗ്രാമപഞ്ചായത്തിനൊപ്പം ഓരോ വീടും തോളോടു തോൾ ചേർന്നപ്പോൾ ഒരു കാലത്ത് മറവൻതുരുത്തിന്റെ ഗ്രാമീണ ജീവിതവുമായി അഭേദ്യബന്ധമുണ്ടായിരുന്നതും കാലാന്തരത്തിൽ മാലിന്യ വാഹിനികളായി മാറിയ 18 കനാലുകൾ വീണ്ടെടുക്കപ്പെട്ടു. കയാക്കിങ്ങ് വിദഗ്ധരുടെ സഹായത്തോടെ ടൂറിസ്റ്റുകൾക്ക് കയാക്കിങ്ങ് നടത്താനുള്ള സൗകര്യം ഇവിടെ ഒരുക്കിയിട്ടുണ്ട്. മൂഴിക്കലും പഞ്ഞിപ്പാലത്തും നിന്ന് ആരംഭിക്കുന്ന കയാക്കിങ്ങ് അരിവാൾതോടിലൂടെ ചുറ്റി മൂവാറ്റുപുഴയാറിലൂടെ 3.5 കിലോമീറ്റർ സഞ്ചരിക്കും.

## ചിത്രച്ചുവരുകൾ

വീടിന്റെയും പൊതുവിടങ്ങളുടെയും ചുറ്റുമതിലുകളിൽ മറവൻതുരുത്തിന്റെ കലയും സംസ്കാരവും ജീവിതരീതിയും ഉത്സവങ്ങളും വരച്ചു തീർത്താണ് ഇവിടെ ആർട്ട് സ്ട്രീറ്റ് ഒരുക്കിയത്. ഡൽഹിയും കേരളവുമടക്കമുള്ള ഇന്ത്യയിലെ വിവിധ ക്യാമ്പസുകളിൽ നിന്നും തദ്ദേശീയരിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ട ചിത്രകാരൻമാരാണ് പ്രതിഫലമില്ലാതെ വീടുകളുടെ ചുറ്റുമതിലുകളിൽ മനോഹര ചിത്രങ്ങൾ വരച്ചത്. കഥകളി, ആറ്റുവേല, ഗരുഡൻ തൂക്കം, തൂക്കച്ചാട്, തെയ്യം, ബഷീർ കൃതിയായ പാത്തുമ്മയുടെ ആടിലെ കഥാപാത്രങ്ങൾ, പക്ഷിമൃഗാദികൾ, പരമ്പരാഗത തൊഴിലായ കള്ള് ചെത്ത്, ഓല മെടയൽ, വലവീശൽ തുടങ്ങി നിരവധി ചിത്രങ്ങൾ വരച്ചിട്ടുണ്ട്. പ്രാദേശിക ഉൽപന്നങ്ങളുടെ വിപണനത്തിനായി വിനോദസഞ്ചാരികളെ കൂടി പങ്കെടുപ്പിച്ച് പാട്ടുകൂട്ടവും നാട്ടുചന്തയും ഇവിടെ നടത്തുന്നുണ്ട്.

വാട്ടർ സ്ട്രീറ്റിനും ആർട്ട് സ്ട്രീറ്റിനും പുറമേ ഗ്രീൻ സ്ട്രീറ്റും വില്ലേജ് ലൈഫ് എക്സ്പീരിയൻസ് സ്ട്രീറ്റും ഫുഡ് സ്ട്രീറ്റും അഗ്രി സ്ട്രീറ്റും എല്ലാം ഇവിടെ ഒരുങ്ങുകയാണ്. മറവൻതുരുത്തിലെ വാട്ടർ സ്ട്രീറ്റുകൾ വിനോദസഞ്ചാരത്തിലൂടെ ജനകീയ ജലസംരക്ഷണത്തിന്റെ പുതിയ സംസ്കാരം രൂപപ്പെടുത്താമെന്നതിന്റെ സാർവദേശീയ മാതൃകയാണെന്ന് ഇന്റർനാഷണൽ സെന്റർ ഫോർ റെസ്പോൺസിബിൾ ടൂറിസം അവാർഡ് ജൂറി അഭിപ്രായപ്പെട്ടിരുന്നു. ■



മറവൻതുരുത്ത്



വലിയമടക്കുളം

# അയ്മനത്തിന്റെ സായാഹ്നങ്ങൾക്കൊപ്പം

**അയ്മനത്തിന്റെ ഗ്രാമീണ സൗന്ദര്യം ആസ്വദിക്കാൻ എത്തുന്നവരോടൊപ്പം സായാഹ്നങ്ങൾ ചെലവഴിക്കാൻ എത്തുന്നവരേയും ആകർഷിക്കാനാവും**



ലോകശ്രദ്ധ നേടിയ അയ്മനത്തിനൊപ്പം സഞ്ചാരികളുടെ പുതിയ ആകർഷണകേന്ദ്രമാകാൻ ഒരുങ്ങി വലിയ മടക്കുളം ടൂറിസം പദ്ധതി. ടൂറിസം വകുപ്പിന്റെ 4.85 കോടി രൂപ ചെലവിട്ടു നടപ്പാക്കുന്ന പദ്ധതിയിൽ അയ്മനം ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള അഞ്ചേക്കറിലധികം വിസ്തൃതിയുള്ള വലിയ മടക്കുളം നവീകരിച്ചു.

കുളത്തിലൂടെ നടപ്പാത, കുളത്തിൽ പൊങ്ങിക്കിടക്കുന്ന വിധം തയാറാക്കുന്ന ഫ്ളോട്ടിങ്ങ് റസ്റ്റോറന്റ്, റെയിൻ ഷെൽട്ടറുകൾ, വിനോദസഞ്ചാരികൾക്ക് സൂര്യാസ്തമയം കാണാനുള്ള സൗകര്യം, കുട്ടികൾക്കുള്ള കളിയിടങ്ങൾ, കുളത്തിലൂടെ രണ്ടു മുതൽ നാലുപേർക്ക് വരെ ബോട്ടിങ്ങ് സാധ്യമാക്കുന്ന പെഡൽ ബോട്ടിങ്ങ് സംവിധാനം, വിശ്രമമുറികൾ, പത്തോളം ഇരിപ്പിടങ്ങൾ, സൈക്ലിങ്ങ് ഏരിയ, ജലചക്രം, ഇ-ടോയ്‌ലറ്റ് സംവിധാനം, പൂന്തോട്ടം തുടങ്ങിയവ ക്രമീകരിക്കും. കൂടാതെ സ്ട്രീറ്റ് ലൈറ്റുകൾ, മിനിമാസ്റ്റ് ലൈറ്റുകൾ കൃത്യമായ മാലിന്യ നിർമാർജന സൗകര്യങ്ങൾ, സെക്യൂരിറ്റി റൂം എന്നിവയും വരും.

മഴക്കാലമായാൽ പോലും വിനോദസഞ്ചാരത്തിന് തടസ്സമാകാത്ത വിധമാണ് പദ്ധതിയുടെ രൂപീകരണം. ഇതിനായി കുളത്തിലെ ജലനിരപ്പ് കൃത്യമായ അളവിൽ ക്രമീകരിച്ച് നിർത്താൻ സാധിക്കുന്ന സംവിധാനവും ഒരുക്കിയിട്ടുണ്ട്. മഴപെയ്ത് കുളത്തിൽ വെള്ളം നിറഞ്ഞാൽ അധികമായി വരുന്ന ജലം സമീപത്തെ തോടിലൂടെ ഒഴുക്കി വിടാനാകും.

പ്രാദേശിക, വിദേശ വിനോദ സഞ്ചാരികളെ ഒരുപോലെ ആകർഷിക്കുന്ന വിധമാണ് രൂപകൽപന. അയ്മനത്തിന്റെ ഗ്രാമീണ സൗന്ദര്യം ആസ്വദിക്കാൻ എത്തുന്നവരോടൊപ്പം സായാഹ്നങ്ങൾ ചെലവഴിക്കാൻ എത്തുന്നവരേയും ആകർഷിക്കാനാവും.

സെപ്റ്റംബറോടെ നിർമാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ച് സഞ്ചാരികൾക്കായി തുറന്നുകൊടുക്കാനുള്ള ശ്രമത്തിലാണ് ടൂറിസം വകുപ്പ്. ■



# കല്ലാറിൽ താളമിട്ട്
## ഒരു കുട്ടവഞ്ചി സവാരി....

തണുപ്പും കുളിരും പകരുന്ന കല്ലാറും കാനനഭൂമിയുടെ മനോഹാരിതയും നിശ്ശബ്ദതയുമൊക്കെ ആവോളം നുകരുന്ന ഇടമാണ് അടവി. കോന്നിയിൽനിന്നും പതിനാറു കിലോമീറ്റർ അകലെയാണ് അടവിയെന്ന കാനനസുന്ദരി. ഇരുവശവും ഇടതൂർന്ന് വളർന്ന് നിൽക്കുന്ന വൃക്ഷങ്ങൾക്കിടയിലൂടെ അടവിയിലേക്കുള്ള യാത്ര പോലും അതിമനോഹരമാണ്. കല്ല് കൊണ്ട് കവിതയെഴുതുന്ന കല്ലാറിന്റെ ഓളങ്ങളിൽ താളം പിടിച്ച് ഒരു കുട്ടവഞ്ചിയാത്ര മാത്രമാണ് അടവിയിലേക്കെത്തുന്ന ഓരോ സഞ്ചാരികളുടേയും മനസ്സിൽ. അച്ചൻകോവിൽ നദിയുടെ കൈവഴിയാണ് കല്ലാർ.

വനം വകുപ്പിന്റെയും ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിലിന്റേയും സഹകരണത്തോടെയാണ് അടവിയെ അതിമനോഹരിയാക്കി മാറ്റിയത്. കുട്ടവഞ്ചിയാത്രയ്ക്ക് മാത്രമായി ഹൊഗനക്കലിലേക്ക് വണ്ടി കയറിയ ഓരോ സഞ്ചാരിയും ഇപ്പോൾ അടവിയിലേക്കെത്തുന്നു.

കേരളത്തിൽ ആദ്യമായി കുട്ടവഞ്ചി യാത്രയ്ക്ക് അവസരം ഒരുങ്ങുന്നതിവിടെയാണ്. വനംവകുപ്പിന്റെ മേൽനോട്ടത്തിലുള്ള 27 കുട്ടവഞ്ചികളാണുള്ളത്. ഹൊഗനക്കലിൽ നിന്നും എത്തിയ വള്ളവിദഗ്ധരുടെ നേതൃത്വത്തിലാണ് വട്ടവള്ളങ്ങൾ നിർമിച്ചതും തുഴച്ചിൽ പരിശീലിപ്പിച്ചതും. കുട്ടവഞ്ചി സവാരി വിദേശികളുൾപ്പെടെയുള്ള സഞ്ചാരികളുടെ മനം കവർന്നിരിക്കുകയാണ്.

ക്യാന്റീൻ, ടോയ്‌ലെറ്റ് ഡ്രെസിങ്ങ് റൂം, ഇൻഫർമേഷൻ ആൻഡ് ടിക്കറ്റ് കൗണ്ടർ, ഇക്കോഷോപ്പ് എന്നിവയും കൂടാതെ സഞ്ചാരികൾക്ക് താമസിക്കുന്നതിനായി അടവി ട്രീ ടോപ് ബാംബു ഹട്ട് എന്ന പേരിൽ താമസസൗകര്യവും ഒരുക്കിയിട്ടുണ്ട്.

മികച്ച സുരക്ഷയൊരുക്കി ലൈഫ് ജാക്കറ്റുകളുമൊക്കെയായാണ് സവാരി നടത്തുന്നത്.

മഴക്കാലത്തും ഞായറാഴ്ചകൾ ആഘോഷമാക്കാൻ ധാരാളം സഞ്ചാരികൾ ഇവിടേക്ക് എത്തുന്നുണ്ട്.

രണ്ടു കുട്ടികൾ ഉൾപ്പെടെ നാലുപേരുള്ള സംഘത്തിന് 500 രൂപയാണ് അരമണിക്കൂർ യാത്രയ്ക്കുള്ള ഫീസ്. കുട്ടയുടെ നമ്പരും പാസിൽ രേഖപ്പെടുത്തിത്തരും. ടിക്കറ്റ് വാങ്ങി കൗണ്ടറിൽനിന്നു താഴേക്കിറങ്ങുന്ന നടപ്പാതയോടു ചേർന്ന് അതിമനോഹരമായ പൂന്തോട്ടവും ഒരുക്കിയിട്ടുണ്ട്. വൈവിധ്യമാർന്ന ചെടികളും, ഔഷധസസ്യങ്ങളും നിറഞ്ഞതാണ് ഈ പൂന്തോട്ടം. പൂക്കളും പൂന്തോട്ടവും കടന്നു ചെല്ലുമ്പോൾ സഞ്ചാരികൾക്ക് ആയത്തിൽ ആടാൻ നല്ലൊരു ഊഞ്ഞാലും ഇലച്ചാർത്തുകൾ കൊണ്ട് തണലൊരുക്കുന്ന വമ്പൻമരങ്ങളും കാത്തിരിപ്പുണ്ട്. സഞ്ചാരികൾക്കായി തേൻനെല്ലിക്ക, തേൻ, ഇഞ്ചി, തുടങ്ങിയ തേൻ ഉൽപന്നങ്ങളുടെ വിപണിയും സജീവമാണ്.■

## അടവിയിലേക്ക് എങ്ങനെ എത്താം

കോന്നി ടൗണിൽനിന്നും പൊലീസ് സ്റ്റേഷൻറോഡിലൂടെ പയ്യനാമണ്ണിൽ എത്തിച്ചേരാം. അവിടെ നിന്ന് അതുമ്പുകുളം, എലിമുള്ളുംപ്ലാക്കൽ എന്നീ സ്ഥലങ്ങളിലൂടെ അടവിയിലേക്ക് എത്താം.

കൂടുതൽവിവരങ്ങൾക്ക്:
**വനസംരക്ഷണ സമിതി**
**ഫോൺ: 94478 61456**



# അസ്തമയത്തിന്റെ ദൃശ്യഭംഗികൾ നാട്ടിടവഴികളുടെ ചങ്ങാത്തം

കുഞ്ഞോളങ്ങൾ തഴുകിയൊഴുകുന്ന കൈതപ്പുഴയുടെ നടുക്കായി ഒരു കുഞ്ഞു ദ്വീപുണ്ട്- കാക്കത്തുരുത്ത്. വശ്യമായ അസ്തമയ കാഴ്ചകളും ഗ്രാമജീവിതത്തിന്റെ ലാളിത്യവും കൊണ്ട് വശീകരിക്കുന്ന ചെറു ദ്വീപ് 2016 ൽ നാഷണൽ ജ്യോഗ്രഫിക് മാസികയുടെ 'എറൗണ്ട് ദ വേൾഡ് ഇൻ 24 അവേഴ്സ്' ലിസ്റ്റിൽ ഇടംപിടിച്ച ഇന്ത്യയിൽ നിന്നുള്ള ഒരേയൊരു സ്ഥലമാണ് കാക്കത്തുരുത്ത്. രാവിലെ 12 മണിക്ക് നോർവേയിലെ നോർത്തേൺലൈറ്റ്സ് സോണിലെ ധ്രുവദീപ്തിയിൽ തുടങ്ങി, രാവിലെ അഞ്ച് മണിക്ക് ഹവായ്, രാവിലെ ആറ് മണിക്ക് പാരീസ്, ഏഴ് മണിക്ക് സാൻഫ്രാൻസിസ്കോ, എട്ട് മണിക്ക് അബുദാബി, ഒമ്പത് മണിക്ക് മെൽബൺ, ന്യൂയോർക്ക് തുടങ്ങിയ സ്ഥലങ്ങൾ കറങ്ങി വൈകുന്നേരം ആറ് മണിക്ക് കാക്കത്തുരുത്തിലെത്തി അസ്തമയം കാണണമെന്നാണ് മാസിക പറയുന്നത്.

## കടത്തുവഞ്ചിയാത്ര

ആലപ്പുഴ ജില്ലയിൽ എഴുപുന്ന പഞ്ചായത്തിലാണ് ദ്വീപ് സ്ഥിതി ചെയ്യുന്നത്. എരമല്ലൂരിൽനിന്നും ഒരു കിലോമീറ്റർ കിഴക്കോട്ട് സഞ്ചരിച്ചാൽ ഇവിടെത്താം. പഞ്ചായത്തിന്റെ



കടത്തു വഞ്ചിയാണ് തുരുത്തിൽ എത്താനുള്ള മാർഗം. രാവിലെ ആറ് മുതൽ കടത്ത് തുടങ്ങും. രണ്ടര കിലോമീറ്റർ നീളവും ഒന്നര കിലോമീറ്റർ വീതിയുമുള്ള തുരുത്തിൽ 207-ഓളം കുടുംബങ്ങൾ താമസമുണ്ട്. മത്സ്യബന്ധനവും മത്സ്യവിപണന വുമാണ് പ്രധാന ജീവിത മാർഗം.

എഴുപുന്ന പഞ്ചായത്തും ടൂറിസം വകുപ്പും ചേർന്ന് ദ്വീപ് വിനോദസഞ്ചാരം വിപുലമാക്കാനുള്ള പദ്ധതികളാണ് ആവിഷ്കരിച്ച് വരുന്നത്. ഇതിനായി ഡെസ്റ്റിനേഷൻ ചലഞ്ച് കാക്കത്തുരുത്ത് എന്ന പദ്ധതിയും ഒരുങ്ങുന്നു. പഞ്ചായത്തും ടൂറിസം വകുപ്പും സംയുക്തമായി ഒരുകോടി രൂപ ചെലവിലാണ് പദ്ധതി നടപ്പാക്കുന്നത്.

## സമ്പന്നമായ ജൈവവൈവിധ്യം

വെയിൽ മങ്ങിത്തുടങ്ങുമ്പോഴാണ് തുരുത്ത് കൂടുതൽ മനോഹരമാകുന്നത്. സൂര്യൻ പതിയെ തെങ്ങിൻ തൈകൾക്കിടയിലേക്ക് മറയാൻ തുടങ്ങുമ്പോൾ പടിഞ്ഞാറൻ മാനം അനേകം നിറങ്ങൾ ചാലിച്ച ക്യാൻവാസുപോലെ തെളിയും. കായലും ചുവന്ന് തുടുക്കും.

ഈ അസ്തമയക്കാഴ്ചകളിലൂടെയാണ് കാക്കത്തുരുത്ത് ലോക ടൂറിസം ഭൂപടത്തിൽ ഇടം പിടിച്ചത്. ദ്വീപിന്റെ തെക്ക് വശത്തെ കായലിൽ വഞ്ചിയിലോ ബോട്ടിലോ സഞ്ചരിച്ച് വേണം കാഴ്ചകൾ കാണാൻ. ചെറുവള്ളങ്ങളിൽ കായലിൽ ചുറ്റി നടന്നും ചെമ്മീൻ, കരിമീൻ, ചെമ്പല്ലി, ഞണ്ട്, കക്ക തുടങ്ങി കായൽമത്സ്യങ്ങൾ പരമ്പരാഗത രീതിയിൽ വലയെറിഞ്ഞും ചൂണ്ട ഇട്ടുപിടിച്ചും സമയം ചെലവഴിക്കാം. മനോഹരമായ നാട്ടിടവഴികളാണ് ഇവിടത്തെ മറ്റൊരു പ്രത്യേകത. മീൻപിടിത്തക്കാരും കൃഷിക്കാരുമൊക്കെ പ്രധാന കാഴ്ചയാണ്. സമ്പന്നമായ ജൈവവൈവിധ്യം ഉൾക്കൊള്ളുന്നതാണ് ദ്വീപ്. ഓരോ സീസണുകളിലും പലയിനം ദേശാടനപക്ഷികളും ഇവിടെ പറന്നെത്തുന്നു. സൗഹൃദത്തോടെ പെരുമാറുന്നവരാണ് ദ്വീപ്നിവാസികൾ. എല്ലാ ഉത്സവങ്ങളും ഒരുമിച്ച് ആഘോഷിച്ച് സൗഹൃദത്തോടെ കഴിയുന്നവർ. ■

**വിജീഷ് വിജയൻ**



**കാക്കത്തുരുത്ത്**




# പതഞ്ഞൊഴുകുന്ന വശ്യഭംഗി

**അപകടസാധ്യത വളരെ കുറവാണെന്നതാണ് അരീക്കൽ വെള്ളച്ചാട്ടത്തിന്റെ പ്രത്യേകത**

കൊച്ചിയിലെത്തുന്നവർ അരീക്കൽ (അരുവിക്കൽ) വെള്ളച്ചാട്ടം കാണാതെ മടങ്ങാറില്ല. ചെറുതോട്ടിലൂടെ ഒഴുകിവരുന്ന വെള്ളം കൂറ്റൻ പാറക്കെട്ടിനു മുകളിൽ നിന്ന് താഴേക്ക് പതിച്ച് പതഞ്ഞൊഴുകുന്ന പ്രകൃതിയുടെ വശ്യത കാണാം. മഴ കനക്കുമ്പോഴാണ് അരീക്കൽ വെള്ളച്ചാട്ടത്തിന് വീര്യമേറുന്നത്. കിഴക്കൻ മലനിരകളിൽ നിന്ന് ഒഴുകിയെത്തുന്ന വെള്ളം 130 അടിയോളം താഴെയുള്ള കരിമ്പാറക്കൂട്ടങ്ങളിലാണ് വന്നു പതിക്കുന്നത്.

അടുത്ത് ചെന്ന് വെള്ളച്ചാട്ടം കൺകുളിർക്കെ കാണാം. അപകടസാധ്യത വളരെ കുറവാണെന്ന താണ് അരീക്കൽ വെള്ളച്ചാട്ടത്തിന്റെ പ്രത്യേകത. ദൂരെസ്ഥലങ്ങളിൽ നിന്നു പോലും സഞ്ചാരികൾ കുടുംബമായെത്തുന്നു.

പാമ്പാക്കുട പഞ്ചായത്തിലെ പിറമാടത്താണ് പ്രകൃതിയുടെ ഈ ദൃശ്യവിരുന്ന്. തെക്ക് ഭാഗത്തെ മണ്ഡലം മല, കിഴക്ക് ഭാഗത്തെ കൂരാപ്പിള്ളി മല, വടക്ക് ഭാഗത്ത് കോൾപ്പാറ എന്നീ മൂന്ന് മലകളിൽ നിന്ന് ഒഴുകിയെത്തുന്ന വെള്ളമാണ് അരീക്കലിൽ വെള്ളച്ചാട്ടമായി മാറുന്നത്.

32 ലക്ഷം രൂപ ചെലവിൽ ടോയ്‌ലെറ്റും വിശ്രമമുറിയും സജ്ജമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പഞ്ചായത്തിന്റെ നേതൃത്വത്തിൽ പുരോഗമിക്കുകയാണ്.

വെള്ളച്ചാട്ടത്തിനടുത്തേക്ക് എത്താൻ പടികളുണ്ട്. പടികളിറങ്ങാൻ ബുദ്ധിമുട്ടുള്ളവർക്ക് നടന്നെത്തുകയും ചെയ്യാം. വെള്ളച്ചാട്ടത്തിന് സമീപത്തായി ചെറിയ നടപ്പാലവുമുണ്ട്.

**രാവിലെ എട്ട് മുതൽ വൈകിട്ട് ആറുവരെ യാണ് പ്രവേശനം. ഇരുപത് രൂപയാണ് പ്രവേശന ഫീസ്. പത്ത് വയസ്സിൽ താഴെയുള്ള കുട്ടികൾക്ക് ഫീസില്ല.**

എറണാകുളം-കൂത്താട്ടുകുളം പിറവം വഴി റോഡിൽ സഞ്ചരിച്ചാൽ കാക്കൂർ കൂരാപ്പിള്ളി കവലയിൽ നിന്ന് മൂന്നു കിലോമീറ്റർ സഞ്ചരിച്ചാൽ ഇവിടെയെത്താം. പടിഞ്ഞാറൻ ഭാഗങ്ങളിൽ നിന്നുള്ളവർക്കും മൂവാറ്റുപുഴ ഭാഗത്തു നിന്നുള്ളവർക്കും പാമ്പാക്കുട പാപ്പുക്കവലയിൽ നിന്ന് മണ്ണത്തൂർ റോഡിൽ രണ്ടര കിലോമീറ്റർ യാത്ര ചെയ്തും ഇവിടെയെത്താം.

അരീക്കലിൽ നിന്ന് രണ്ട് കിലോമീറ്റർ അകലെയുള്ള കൊച്ചരീക്കൽ സന്ദർശിക്കാനും നിരവധി പേരെത്താറുണ്ട്. ഗുഹയും തടാകവുമെല്ലാമുള്ള പച്ചത്തുരുത്താണിത്. ഇവിടേക്ക് പ്രവേശനം സൗജന്യമാണ്. ■

**സുനിൽകുമാർ എം.എൻ**

# കലശമലയുടെ ജൈവവൈവിധ്യം

ജൈവവൈവിധ്യം സംരക്ഷിച്ചുള്ള പ്രകൃതിജന്യ ടൂറിസമാണ് കലശമലയെ തൃശൂർ ജില്ലയിലെ മറ്റ് വിനോദസഞ്ചാര കേന്ദ്രങ്ങളിൽ നിന്ന് വ്യത്യസ്തമാക്കുന്നത്.

ചൊവ്വന്നൂർ ബ്ലോക്ക് പഞ്ചായത്ത്, പോർക്കുളം ഗ്രാമപഞ്ചായത്ത് എന്നിവയുടെ അധീനതയിലുള്ള 2.64 ഏക്കർ സ്ഥലത്താണ് കലശമല ഇക്കോ ടൂറിസം വില്ലേജ്. ഏഷ്യയിലെ ഏറ്റവും വലിയ കുളവെട്ടി മരങ്ങളുള്ള പ്രദേശം എന്ന പ്രത്യേകത കൂടി കലശമലയെ ശ്രദ്ധേയമാക്കുന്നു.

കലശമല ഇക്കോടൂറിസം വില്ലേജിൽ ആകർഷകമായ കവാടം, കുട്ടികളുടെ പാർക്ക്, ഹെർബൽ ഗാർഡൻ, പ്രകൃതിഭംഗി ആസ്വദിക്കാൻ കഴിയുന്ന മൂന്ന് വ്യൂ പോയിന്റുകൾ എന്നിവ കൂടാതെ നരിമടഗുഹ, പ്രകൃതിജന്യ നീർച്ചോല, പ്രാചീനക്ഷേത്രങ്ങൾ എന്നിവയുമുണ്ട്. സംസ്ഥാന നിർമിതി കേന്ദ്രത്തിന്റെ മേൽനോട്ടത്തിൽ 2.40 കോടി രൂപ ചെലവിലാണ് കലശമല ഇക്കോ ടൂറിസം കേന്ദ്രം നിർമാണം പൂർത്തിയാക്കിയത്.

**ഏഷ്യയിലെ ഏറ്റവും വലിയ കുളവെട്ടി മരങ്ങളുള്ള പ്രദേശം**

കലശമല ഇക്കോ ടൂറിസം പദ്ധതിയിൽ ജൈവവൈവിധ്യ പൈതൃക കേന്ദ്രം സ്ഥാപിക്കുന്നതിനായി ഭൂമി ഏറ്റെടുക്കുന്നതിന് 10 കോടി രൂപ സംസ്ഥാന ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. രണ്ടാം ഘട്ട വികസനം പൂർത്തീകരിക്കുന്നതോടെ കലശമല ഇക്കോ ടൂറിസം സ്പോട്ട് തൃശൂർ ജില്ലയിലെ പ്രധാന ടൂറിസം കേന്ദ്രമായി മാറും. ■


കലശമല



# കുടിയേറ്റസ്മരണകളിൽ ഉയരുന്ന ശില്പഭംഗി

കുടിയേറ്റത്തിന്റെയും കുടിയിറക്കത്തിന്റെയും അതീജീവനത്തിന്റെയും ചരിത്രമാണ് ഹൈറേഞ്ചിലേത്. പഴയകാല ഓർമ്മകളുണർത്തി ഇടുക്കിയിൽ നിർമിക്കുന്ന കുടിയേറ്റ സ്മാരക ടൂറിസം വില്ലേജിന്റെ നിർമാണ പ്രവർത്തനങ്ങൾ പൂർത്തീകരണഘട്ടത്തിലാണ്. ഇടുക്കി ആർച്ച് ഡാമിനു സമീപത്തായി ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിലിന്റെ ഉദ്യാനപദ്ധതിയോട് ചേർന്നുള്ള അഞ്ച് ഏക്കറിലാണ് വില്ലേജ്.

കുടിയേറ്റ കർഷകരുടെ ആദ്യകാല അനുഭവങ്ങൾ വിവരിക്കുന്ന ഈ ഗ്രാമഭംഗി വിനോദസഞ്ചാരികൾക്ക് ചരിത്രത്തിന്റെ ആഴവും മനസ്സിലാക്കാനുതകും.

ഇരുപതാം നൂറ്റാണ്ടിന്റെ പിറവിയോടെ ഇടുക്കിയുടെ മലമടക്കുകളിലേക്ക് ആരംഭിച്ച കുടിയേറ്റത്തിന്റെയും കുടിയിറക്ക് നീക്കങ്ങളുടെയും തുടർന്നുള്ള ജീവിതത്തിന്റെയും സ്മരണകളുണർത്തുന്ന ശില്പങ്ങളും കൊത്തുപണികളുമടങ്ങിയ ഇടുക്കിയുടെ ഭൂതകാലമാണ് കുടിയേറ്റ സ്മാരക ടൂറിസം വില്ലേജ്. കുടിയേറ്റ കർഷകന്റെ രൂപമാണ് സ്മാരക വില്ലേജിന്റെ പ്രവേശന കവാടം. ഇവിടെ നിന്നും കരിങ്കല്ല് പാകിയ നടപ്പാതയിലൂടെ നടന്നു കയറിയാൽ ആറ് ഇടങ്ങളിലായി വിവിധ



ശില്പങ്ങളോടു കൂടിയ കാഴ്ചകൾ ചിത്രീകരിച്ചിരിക്കുന്നു. എ.കെ.ജിയും ഫാദർ വടക്കനും ഒപ്പം ഗ്രാമങ്ങളും കാർഷികവൃത്തിയും ഉരുൾപൊട്ടലിന്റെ ഭീകരതയും ഇവിടെയുണ്ട്. ഏറ്റവും മുകളിലായി സ്മാരക മ്യൂസിയവും അതോടൊപ്പം ഒരു കോഫി ഷോപ്പുമാണ് സജ്ജീകരിച്ചിരിക്കുന്നത്.

## അതിജീവന ശില്പഗാഥകൾ

മുപ്പത്തി ആറരയടി ഉയരത്തിൽ നിർമിച്ചിരിക്കുന്ന പ്രവേശന കവാടമാണ് ആദ്യ ആകർഷണം. പാളത്തൊപ്പിയണിഞ്ഞ കർഷകന്റെ രൂപത്തിൽ നിർമിച്ചിരിക്കുന്ന കവാടത്തിൽ ശില്പത്തിന്റെ മധ്യഭാഗത്തിനുള്ളിലൂടെയാണ് അകത്തേക്കുള്ള പ്രവേശനം.

എ.കെ.ജിയും ഫാദർ വടക്കനും കർഷകർക്കായി ഇടുക്കിയിൽ സത്യഗ്രഹമിരുന്നിരുന്നു. അതിന്റെ സ്മരണകളുണർത്തുന്ന ദൃശ്യങ്ങളാണ് അടുത്ത കാഴ്ച. വന്യമൃഗങ്ങളുടെ ആക്രമണങ്ങളോട് പടപൊരുതി ജീവിതം തുടങ്ങിയ മുൻതലമുറയുടെ ഓർമ്മകൾ വരച്ചു കാണിക്കുന്ന രൂപങ്ങളാണ് മറ്റൊന്ന്. പ്രകൃതി ദുരന്തങ്ങളാൽ കഷ്ടപ്പെട്ട ജനതയുടെ അനുഭവമാണ് അടുത്ത ദൃശ്യത്തിൽ. ഉരുൾ പൊട്ടിയതിന് ശേഷമുള്ള ഒരു ഗ്രാമത്തിന്റെ നേർചിത്രമാണ് ഇവിടെ വെളിവാകുന്നത്. ഒരു മലഞ്ചെരുവിൽ വിവിധ ഗ്രാമങ്ങളായി ചിത്രീകരിച്ചു നിർമാണം പൂർത്തിയായ ശില്പങ്ങൾക്ക് മികച്ച ലൈറ്റ് സംവിധാനം സജ്ജികരിച്ചിട്ടുണ്ട്. കൂടാതെ ഇരിപ്പിടങ്ങളും പാതയോരങ്ങളിൽ ഒരുക്കിയിട്ടുണ്ട്.

രാജാക്കാട് സ്വദേശിയായ ജോമോൻ ജോർജാണ് ശില്പങ്ങൾ നിർമിച്ചിരിക്കുന്നത്. പത്ത് കോടി രൂപയുടെ പദ്ധതിക്ക് സംസ്ഥാന ടൂറിസം വകുപ്പ് 2019 ൽ ആണ് അനുമതി നൽകിയത്. ■

**ലോലിറ്റ് ജെ. പുന്നക്കൽ**

### സ്മാരക വില്ലേജിലെത്താൻ

**അടിമാലി -കുമളി ദേശീയപാതയിൽ ഇടുക്കിയിലാണ് കുടിയേറ്റ സ്മാരക ടൂറിസം വില്ലേജ്. എറണാകുളത്ത് നിന്നും തൊടുപുഴയിൽ നിന്നും വരുന്നവർക്ക് ചെറുതോണിയിൽ നിന്നും ഒന്നര കിലോമീറ്റർ മുൻപോട്ട് പ്രധാനപാതയിൽ സഞ്ചരിച്ചാൽ ഇവിടെയെത്താൻ സാധിക്കും.**

ഇടുക്കി/പാഞ്ചാലിമേട്

# കോടമഞ്ഞിൽ പൊതിഞ്ഞ ഹരിതഭൂമി

കോടമഞ്ഞിൽ കുളിച്ചുണരുന്ന ചുറ്റും പച്ചപ്പട്ടുമെത്ത വിരിച്ചപോലെ പുൽമേടുകളും കുന്നിൻമുകളിൽ വാനവും ഭൂമിയും കൂട്ടിമുട്ടുന്ന പ്രതീതിയും സമ്മാനിച്ച് സഞ്ചാരികളെ വരവേൽക്കുന്ന പാഞ്ചാലിമേട്. പുലർച്ചെയെങ്കിൽ കോടമഞ്ഞിൽ പൊതിഞ്ഞ മനോഹരമായ ദൃശ്യചാരുതയിൽ, താഴെയുള്ള ലോകം സ്വപ്നതുല്യമായ ക്യാൻവാസിലേക്ക് മങ്ങുന്നതായി തോന്നും.. അപ്രതീക്ഷിതമായി എപ്പോൾ വേണമെങ്കിലും കോടമഞ്ഞിനാൽ മൂടപ്പെടുന്നു പാഞ്ചാലിമേട്..

## ഐതിഹ്യങ്ങളുടെ നാട്....

സമുദ്രനിരപ്പിൽ നിന്ന് ഏകദേശം 2,500 അടി ഉയരത്തിൽ സ്ഥിതി ചെയ്യുന്ന പാഞ്ചാലിമേട് കഥകളും ഐതിഹ്യവും നിറഞ്ഞ മണ്ണാണ്. പുരാണത്തിലെ പാഞ്ചാലിയുമായി ബന്ധപ്പെട്ടതാണ് ഈ ഐതിഹ്യം. വനവാസക്കാലത്ത് പാണ്ഡവർ തങ്ങളുടെ ഭാര്യയായ പാഞ്ചാലിക്കൊപ്പം ഇവിടെ

എത്തിയെന്നും ഏറെ നാൾ ഇവിടെ ചെലവിട്ടുവെന്നുമാണ് ഐതിഹ്യം. ഇതിനെ സാധൂകരിക്കുന്ന നിരവധി കാഴ്ചകളും പാഞ്ചാലിമേട് കരുതിവയ്ക്കുന്നു. പാഞ്ചാലിക്കുളം, ആനക്കല്ല്, അടുപ്പുകല്ലുകൾ എന്നിങ്ങനെ പാണ്ഡവരുടെയും പാഞ്ചാലിയുടെയും വനവാസക്കാലത്തെ ബന്ധപ്പെടുത്തുന്ന അനവധി കാഴ്ചകളാണ് ഇവിടെ ഉള്ളത്.

പാറകൾ പാകിയ നടപ്പാതയാണ് പാഞ്ചാലിമേട്ടിലേക്ക്... വഴിയിൽ ധാരാളം ഇരിപ്പിടങ്ങളും വശങ്ങളിൽ കൽമണ്ഡപങ്ങളും കാണാം. കോടമഞ്ഞുള്ള പുൽമേടുകളിൽ ഇരുന്ന് വിശ്രമിക്കുകയും പ്രകൃതിരമണീയത ആവോളം ആസ്വദിക്കുകയും ചെയ്യാം. എല്ലാവിധ സൗകര്യങ്ങളും പൂർത്തീകരിച്ചതോടെ പാഞ്ചാലിമേടിന്റെ മുഖച്ഛായ മാറി സഞ്ചാര സൗഹൃദമായി മാറി. മഹാഭാരതത്തിലെ ആരണ്യ പർവ്വത്തെ അടിസ്ഥാനമാക്കി പാഞ്ചാലിക്കുളത്തിൽ നിന്നും കല്യാണ സൗഗന്ധികവുമായി കുളിച്ചു കയറിവരുന്ന പാഞ്ചാലിയുടെയും പഞ്ചപാണ്ഡവരുടെയും പ്രതിമകൾ കൂടി നിർമിക്കുന്നതോടെ പാഞ്ചാലിമേട് കൂടുതൽ ആകർഷമാകും.

മകരസംക്രാന്തി ഉത്സവവേളയിൽ, മകരജ്യോതി ദർശിക്കാൻ ആയിരക്കണക്കിന് ഭക്തരാണ് പാഞ്ചാലിമേട്ടിൽ എത്താറുള്ളത്. പാഞ്ചാലിമേട്ടിലെ ഒരു കുന്നിൽ സ്ഥിതിചെയ്യുന്ന ശ്രീഭുവനേശ്വരി ക്ഷേത്രവും മറുകുന്നിൽ സ്ഥിതി ചെയ്യുന്ന കുരിശുമലയും മതസൗഹാർദത്തിന്റെ സാക്ഷ്യമായി മാറുന്നു. ■

**അനു ദേവസ്യ**

## പാഞ്ചാലിമേട്ടിലേക്ക്...

**കോട്ടയം - കുമളി പാതയിലെ മുറിഞ്ഞപുഴയിൽ നിന്നും ഏകദേശം നാലു കിലോമീറ്റർ ദൂരെയായാണ് പാഞ്ചാലിമേട് സ്ഥിതി ചെയ്യുന്നത്. കോട്ടയത്ത് നിന്നും വരുമ്പോൾ, മുണ്ടക്കയം-തെക്കേമല വഴിയും ഇടുക്കി ഭാഗത്തു നിന്നു വരുമ്പോൾ കുട്ടിക്കാനത്തു നിന്നും വരാം. കോട്ടയത്തു നിന്നും 60 കിലോമീറ്ററും കുട്ടിക്കാനത്തു നിന്നു പത്തു കിലോമീറ്ററുമാണ് ദൂരം.**

**രാവിലെ 6.00 മുതൽ വൈകിട്ട് 6.30 വരെയാണ് പ്രവേശന സമയം.**



പാഞ്ചാലിമേട്



കേരളാംകുണ്ട് വെള്ളച്ചാട്ടം

# കൊടുംവേനലിലും കുളിർസ്പർശം

**സൈലന്റ്‌വാലി ദേശീയോദ്യാനത്തിലാണ് വെള്ളച്ചാട്ടത്തിന്റെ ഉത്ഭവം**

സ്ഫടികപാത്രത്തിലെന്ന പോലെ അടിത്തട്ട് കാണുന്ന തെളിഞ്ഞ വെള്ളം. കാടിന് നടുവിൽ, 150 അടി ഉയരത്തിൽ നിന്നും വീഴുന്ന ഈ വെള്ളത്തിൽ ആർക്കുമൊന്ന് മുങ്ങിക്കുളിക്കാൻ തോന്നും. സമുദ്രനിരപ്പിൽ നിന്നും 1500 അടി ഉയരത്തിലാണ് കേരളാംകുണ്ട് വെള്ളച്ചാട്ടം സ്ഥിതി ചെയ്യുന്നത്. പശ്ചിമഘട്ടത്തിന്റെ ഭംഗി ആസ്വദിച്ച് തണുത്ത വെള്ളത്തിൽ ചാടി കുളിക്കാം എന്ന് മാത്രമല്ല ജൈവവൈവിധ്യങ്ങൾ കൊണ്ട് അനുഗൃഹീതവുമാണ് ഈ വെള്ളച്ചാട്ടം. സൈലന്റ്‌വാലി ദേശീയോദ്യാനത്തിലാണ് വെള്ളച്ചാട്ടത്തിന്റെ ഉത്ഭവം. മനുഷ്യസ്പർശം ഏൽക്കാത്ത ഔഷധസസ്യങ്ങളെ തഴുകിയെത്തുന്ന വെള്ളത്തിന് ഔഷധ ഗുണമുണ്ടെന്ന് വിശ്വസിക്കപ്പെടുന്നു.

സൈലന്റ് വാലി ദേശീയോദ്യാനത്തോട് ചേർന്ന കരുവാരക്കുണ്ടിൽ കൂമ്പന്മലയുടെ താഴ്‌വാരത്താണ് വെള്ളച്ചാട്ടം സ്ഥിതിചെയ്യുന്നത്. കേരളാംകുണ്ട് പോലെ നിരവധി വെള്ളച്ചാട്ടങ്ങളും മലകളും കാടും കൊണ്ട് അനുഗൃഹീതമാണ് കരുവാരക്കുണ്ട്. കരുവാരക്കുണ്ട് ടൗണിൽ നിന്നും ഏഴ് കിലോമീറ്റർ അകലെയാണ് കേരളാംകുണ്ട്. ഓഫ്റോഡ് യാത്രയുടെ സാഹസിക അനുഭവവും ചെറിയ ട്രക്കിങ്ങുമെല്ലാം യാത്രയിൽ അനുഭവിക്കാം.

സൈലന്റ് വാലിയുടെ മനോഹരമായ കാഴ്ച ഇവിടെ നിന്നും നമുക്ക് ആസ്വദിക്കാം. വൈവിധ്യമാർന്ന സസ്യങ്ങളും ചെടികളും കൂടുതലായി ഇവിടെ കാണാം. കടുത്ത വേനലിൽ പോലും തെളിഞ്ഞ, തണുപ്പ് നിറഞ്ഞ വെള്ളം ലഭിക്കും എന്നതാണ് കേരളാംകുണ്ട് വെള്ളച്ചാട്ടത്തിന്റെ പ്രത്യേകത.

**വഴി:** ഷൊർണൂർ – നിലമ്പൂർ റൂട്ടിലെ മേലാറ്റൂർ റെയിൽവേ സ്റ്റേഷനാണ് അടുത്തുള്ളത്. മേലാറ്റൂർ റെയിൽവേ സ്റ്റേഷനിൽ നിന്നും 20 കിലോമീറ്റർ അകലെ.
വിവരങ്ങൾക്ക്: +91 4931 2815



മീൻവല്ലം

# കല്ലടിക്കോടിന്റെ ജലപാതം

**സഞ്ചാരികൾക്ക് ഏറെ മനോഹരമായ ദൃശ്യാനുഭവം**

പശ്ചിമഘട്ടത്തിലെ കല്ലടിക്കോടൻ മലനിരകളിൽ നിന്നും ഉത്ഭവിക്കുന്ന തുപ്പനാട് നദിയിലാണ് മീൻവല്ലം വെള്ളച്ചാട്ടം. സഞ്ചാരികൾക്ക് ഏറെ മനോഹരമായ ദൃശ്യാനുഭവം നൽകുന്ന ഒന്നാണിത്. പാലക്കാട് നിന്നും 22 കിലോമീറ്റർ അകലെയുള്ള കരിമ്പ ഗ്രാമപഞ്ചായത്തിലാണ് ഈ വെള്ളച്ചാട്ടം. പാലക്കാട് ജില്ലാപഞ്ചായത്ത് നടത്തുന്ന ആദ്യജലവൈദ്യുതപദ്ധതി മീൻവല്ലം വെള്ളച്ചാട്ടത്തെ ആശ്രയിച്ചാണ് നടപ്പാക്കിയിരിക്കുന്നത്. രാജ്യത്ത് ഒരു തദ്ദേശ സ്വയംഭരണസ്ഥാപനം നടപ്പാക്കുന്ന ആദ്യ ജലവൈദ്യുതപദ്ധതി മീൻവല്ലം വെള്ളച്ചാട്ടത്തിലാണ്. പശ്ചിമഘട്ടത്തിലെ കരിമലയുടെ ഭാഗമായാണ് മീൻവല്ലം വെള്ളച്ചാട്ടം.

കോഴിക്കോട് പാലക്കാട് ദേശീയപാതയിൽ കല്ലടിക്കോട് തുപ്പനാട് ജംഗ്ഷനിൽ നിന്ന് എട്ടു കിലോമീറ്റർ വലത്തേയ്ക്ക്, കാഞ്ഞിരപ്പുഴ ജലസേചന പദ്ധതിയുടെ ഭാഗമായ ഇറിഗേഷൻ കനാലിന്റെ വശങ്ങളിലൂടെ സഞ്ചരിച്ച് മൂന്നേക്കർ എന്ന സ്ഥലത്തും അവിടെനിന്ന് മീൻവല്ലത്തും എത്താം. ■

അടുത്ത റെയിൽവേ സ്റ്റേഷൻ : പാലക്കാട് ടൗൺ, ഏകദേശം 29 കി. മീ.
അടുത്ത വിമാനത്താവളം : കോയമ്പത്തൂർ അന്താരാഷ്ട്ര വിമാനത്താവളം (തമിഴ്നാട്) ഏകദേശം 95 കി. മീ.

പാലക്കാട്/കുഞ്ചൻനമ്പ്യാർ സ്മാരകം

# തുള്ളൽക്കലയ്ക്ക് അനശ്വരസ്മാരകം

സമ്പന്നമായ സാംസ്കാരിക പൈതൃകത്തിന്റെ തെളിവായി നിലകൊള്ളുന്ന കുഞ്ചൻ നമ്പ്യാർ സ്മാരകം നവീകരിച്ചത് സാംസ്കാരിക സമ്പത്ത് സംരക്ഷിക്കേണ്ടതിന്റെ പ്രാധാന്യത്തിന് അടിവരയിടുന്നു. ഭാവിതലമുറകൾക്ക് കുഞ്ചൻ നമ്പ്യാരുടെ കലാവൈഭവത്തെ അടുത്തറിയാനും അദ്ദേഹത്തിന്റെ കാലഘട്ടത്തിലെ സാമൂഹിക-സാംസ്കാരിക ചുറ്റുപാടുകളിലേക്ക് ഉൾക്കാഴ്ച നേടാനും സ്മാരക സന്ദർശനം സഹായിക്കും. സ്മാരകത്തോട് ചേർന്ന് സ്ഥാപിച്ച നാട്യഗൃഹത്തിന്റെ നവീകരണ പ്രവർത്തനങ്ങൾ ടൂറിസം വകുപ്പിന്റെ കീഴിൽ പൂർത്തീകരിച്ചിട്ടുണ്ട്. എൺപതുലക്ഷം രൂപയുടെ പ്രൊജക്റ്റാണ് നടപ്പിലാക്കിയത്. ആഡിറ്റോറിയം, ഫ്ളോറിങ്ങ്, സൗണ്ട് പ്രൂഫിങ്ങ്, സീലിങ്ങിന്റെ മേൽക്കൂര നവീകരണം, റാമ്പ്, ഗ്രീൻ റൂം, സ്റ്റേജ് ഉപകരണങ്ങൾ, ഇലക്ട്രിക്കൽ പണികൾ, സിസി ടിവി എന്നിവ നവീകരണപദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നു.

ലക്കിടിയിലെ കിള്ളിക്കുറിശ്ശിമംഗലത്തുള്ള അദ്ദേഹത്തിന്റെ തറവാടായ കലക്കത്ത് വീട് ഉൾപ്പെടുത്തി കുഞ്ചൻ നമ്പ്യാർ സ്മാരകം 1976-ലാണ് തുറന്നത്. ഈ സ്മാരകത്തിൽ തുള്ളലും മറ്റ് കലാരൂപങ്ങളും അവതരിപ്പിക്കുന്നതിനുള്ള കളിത്തട്ട് (വേദി) ഉൾപ്പെടുന്നു. ഫോമുകൾ, ലൈബ്രറി, മ്യൂസിയം. പരമ്പരാഗത തുള്ളൽ വസ്ത്രങ്ങളും സാമഗ്രികളും മ്യൂസിയത്തിൽ പ്രദർശിപ്പിച്ചിരിക്കുന്നു.

എല്ലാ വർഷവും മെയ് അഞ്ചിന് സ്മാരകത്തിൽ കുഞ്ചൻ ദിനമായി ആചരിക്കുന്നു. ശ്രദ്ധാപൂർവമായ സംരക്ഷണത്തിലൂടെയും പുനരുജ്ജീവനത്തിലൂടെയും സ്മാരകം കലാവൈഭവത്തിന്റെ കവാടമായി നിലകൊള്ളുന്നു. ■



കുഞ്ചൻ നമ്പ്യാർ സ്മാരകം

# ഉരുക്കളുടെ പ്രൗഢിയിൽ

ചരിത്രം കോറിയിട്ട ഒരായിരം കഥകളുടെയും സാംസ്കാരിക പൈതൃകത്തിന്റെയും ഗന്ധമാണ് ബേപ്പൂരിന്. കടലും പുഴയും ഉരുവും കപ്പലുകളും ഒരു നൂലിൽ കോർത്ത മുത്തുകൾ പോലെ തിളങ്ങുന്ന കോഴിക്കോടിന്റെ ഹൃദയമായൊരു നാട്. മലബാറിന്റെ ടൂറിസം സ്വപ്നങ്ങൾക്ക് പുതു ചിറകേകുകയാണിപ്പോൾ ബേപ്പൂർ. സാഹസികത നിറഞ്ഞ ജങ്കാർ യാത്രകളും ബേപ്പൂർ തുറമുഖത്തിന്റെ ആകർഷകത്വവുമെല്ലാം കോഴിക്കോടെത്തുന്ന ഓരോ സഞ്ചാരിക്കും സമ്മാനിക്കുന്നത് അവിസ്മരണീയമായ അനുഭവങ്ങളാണ്. ആകാശം മുട്ടെ ഉയർന്ന് നിൽക്കുന്ന ബേപ്പൂർ ഉരുക്കൾ എക്കാലവും പ്രൗഢിയുടെ പ്രതീകങ്ങളാണ്. തീരദേശസൗന്ദര്യവും മത്സ്യസമ്പന്നതയും ബേപ്പൂരിനെ കൂടുതൽ സുന്ദരിയാക്കുന്നു.

പരിസ്ഥിതിയേയും സംസ്കാരത്തേയും പൈതൃകത്തേയും സംരക്ഷിച്ചുകൊണ്ട് പ്രദേശവാസികൾക്ക് ടൂറിസം വഴി തൊഴിലും വരുമാനവും ഉറപ്പ് വരുത്തിയാണ് ബേപ്പൂരിനെ മികച്ച ഒരു ടൂറിസം കേന്ദ്രമാക്കി മാറ്റുന്നത്. ലോക ടൂറിസം ഭൂപടത്തിലേക്ക് ബേപ്പൂരിനെ അടയാളപ്പെടുത്തുന്ന പ്രവർത്തനങ്ങൾക്കാണ് ബേപ്പൂർ സമഗ്ര ടൂറിസം വികസന പദ്ധതിയിലൂടെ സംസ്ഥാന സർക്കാർ നേതൃത്വം നൽകുന്നത്. ബേപ്പൂരിന്റെ ചരിത്രം നിലനിർത്തിക്കൊണ്ട് തന്നെ സമഗ്രമായ വികസനം സാധ്യമാക്കുകയെന്നതാണ് പദ്ധതി കൊണ്ട് ലക്ഷ്യമിടുന്നത്.

പൊതുജന പങ്കാളിത്തത്തോടെ നടപ്പാക്കുന്ന പദ്ധതിയുടെ ഭാഗമായി ബേപ്പൂർ തുറമുഖം, ഫിഷിങ്ങ് ഹാർബർ തുടങ്ങി ബേപ്പൂരിന്റെയും ജില്ലയുടെയും സുസ്ഥിരവികസനവും ടൂറിസത്തിന്റെ വളർച്ചയും സാധ്യമാകും. ബേപ്പൂർ മണ്ഡലത്തിലെ സമഗ്ര ടൂറിസം വികസനത്തിനായി കോടികളുടെ പദ്ധതികളാണ് നടപ്പിലാക്കുന്നത്.

**അറബിക്കടൽ, ചാലിയാർ, ഒരു കിലോമീറ്റർ നീളമുള്ള പുലിമുട്ട്, ബേപ്പൂർ തുറമുഖം, വിളക്കുമാടം, കടലുണ്ടി പക്ഷിസങ്കേതം, അപൂർവ കണ്ടൽക്കാടുകൾ എന്നിവ ബേപ്പൂരിന്റെ സവിശേഷതകളാണ്.** സംസ്ഥാനത്ത് ആദ്യമായി നിലവിൽ വന്ന ഫ്ളോട്ടിങ്ങ് ബ്രിഡ്ജും ബേപ്പൂർ കടപ്പുറത്തെ ആകർഷണമാണ്. ഇവയെല്ലാം കൂട്ടിയോജിപ്പിച്ചാണ് ബേപ്പൂരിന്റെ ടൂറിസം സാധ്യതകൾ വളരുന്നത്. ■

**ഗീതു. കെ**

## ബേപ്പൂർ ടൂറിസം പദ്ധതികൾ

- ബേപ്പൂർ ബീച്ച് അന്തർദേശീയതലത്തിൽ വികസിപ്പിക്കുന്നു 9.94 കോടി രൂപ.
- വൈക്കം മുഹമ്മദ് ബഷീർ സ്മാരകം 7.37 കോടി രൂപ.
- ചാലിയം ബീച്ച് വികസനം ഒന്നാം ഘട്ടം 98.72 ലക്ഷം രൂപ, രണ്ടാം ഘട്ടം 8.55 കോടിരൂപ.
- കടലുണ്ടി ബേഡ് സാങ്ചറിയിൽ നടപ്പാതയും മറ്റ് അടിസ്ഥാന സൗകര്യങ്ങളും 1.43 കോടി രൂപ
- കോടക്കടവ് പാലത്തിൻ അടിയിലായി ഫ്ളോട്ടിങ്ങ് റസ്റ്റോറന്റ് – 3.94 കോടി രൂപ
- ഫ്ളോട്ടിങ്ങ് ബ്രിഡ്ജ് – ഫറൂഖ് ഓൾഡ് ബ്രിഡ്ജിനു സമീപം, മമ്മിലിക്കടവ് 35.5 ലക്ഷം രൂപ.
- അബുറഹ്മാൻ പാർക്ക്, കൊളത്തറ – 148 കോടിരൂപ.
- മലബാർ ലിറ്ററി സർക്യൂട്ട് – 58.37 ലക്ഷം രൂപ.



ബേപ്പൂർ ഫ്ളോട്ടിങ്ങ് ബ്രിഡ്ജ്

# സാഹസിക ജലകേളികൾക്ക് ഒരിടം



രാജ്യത്തെ തന്നെ ഏറ്റവും വലിയ ജലോത്സവമാണ് ബേപ്പൂർ വാട്ടർഫെസ്റ്റ്. സാഹസിക, കായിക വിനോദം, ജലവിനോദം എന്നീ മേഖലകളിൽ ടൂറിസം ഭൂപടത്തിൽ തനതായ സ്ഥാനം ബേപ്പൂർ വാട്ടർ ഫെസ്റ്റിന് നേടാൻ കഴിഞ്ഞിട്ടുണ്ട്.


കേരളത്തിനകത്തും പുറത്തും ഉള്ള സാഹസിക സ്പോർട്സ് ആസ്വാദകരെ ആകർഷിക്കുന്ന തരത്തിൽ വിഭാവനം ചെയ്ത 2021,2022 ലെ മെഗാഇവന്റിൽ കയാക്കിങ്ങ്, കൈറ്റ്ഫെസ്റ്റ്, ഇല്യൂമിനേറ്റഡ് ആൻഡ് ഡക്കറേറ്റഡ് ബോട്ട് പരേഡ്, റോവിങ്ങ് സ്റ്റാന്റ്അപ്പ് പാഡ് ലിങ്ങ്, നേവി ആൻഡ് കോസ്റ്റ്ഗാർഡ് ഷോ, ഫ്രീ മാർക്കറ്റ്, ഫുഡ്പവിലിയൻ, കൾച്ചറൽഷോ തുടങ്ങിയ പരിപാടികൾ സംഘടിപ്പിച്ചു. വിദേശികളും സ്വദേശികളും അടക്കം ഏകദേശം 10 ലക്ഷത്തിലധികം സഞ്ചാരികൾ ഈ രണ്ട് വർഷങ്ങളിൽ നടന്ന ബേപ്പൂർ വാട്ടർഫെസ്റ്റ് ആസ്വദിക്കുന്നതിനായി ബേപ്പൂരിൽ എത്തി.

## സർഫിങ്ങ് സ്കൂൾ

കേരളത്തിൽ ആദ്യമായി സർക്കാർ മേൽനോട്ടത്തിലുള്ള സർഫിങ്ങ് സ്കൂൾ ബേപ്പൂരിലാണ് സ്ഥിതിചെയ്യുന്നത്.



ബേപ്പൂർ സമഗ്ര ഉത്തരവാദിത്ത ടൂറിസം വികസന പദ്ധതിയുടെ ഭാഗമായുള്ള ഉത്തരവാദിത്ത ടൂറിസം മിഷൻ, ഡി.ടി.പി.സി, യൂത്ത് വെൽഫയർ മൾട്ടിപർപ്പസ് സൊസൈറ്റി എന്നിവരുടെ സംരംഭമാണിത്. ഇതിനായി വിദഗ്ധ ഏജൻസികളെ ഉപയോഗപ്പെടുത്തി പ്രദേശവാസികളായ 10 യുവാക്കൾക്ക് മൂന്ന് മാസത്തെ അടിസ്ഥാന സർഫിങ്ങ് പരിശീലനം നൽകി. ഉത്തരവാദിത്ത ടൂറിസം മിഷനിലൂടെ അടിസ്ഥാന സർഫിങ്ങ് പരിശീലനം പൂർത്തിയാക്കിയവരെ പരിശീലകർ ആക്കുന്നതിനുള്ള ഇന്റർനാഷണൽ സർട്ടിഫിക്കേഷനുവേണ്ട നടപടിക്രമങ്ങൾ കേരള അഡ്വഞ്ചർ ടൂറിസം പ്രൊമോഷൻ സൊസൈറ്റിയുടെ നേതൃത്വത്തിൽ പൂർത്തിയാക്കി ഇന്റർനാഷണൽ ട്രെയിനർ സർട്ടിഫിക്കറ്റ് നൽകുകയും ചെയ്തിട്ടുണ്ട്. കേരളത്തിൽ ആദ്യമായാണ് സർക്കാർ സംവിധാന ങ്ങളുടെ സമ്പൂർണ്ണ സഹകരണത്തിലും മേൽനോട്ട ത്തിലും പൂർണ്ണമായും തദ്ദേശവാസികളുടെ നേതൃത്വത്തിൽ സർഫിങ്ങ് പരിശീലനവും ടൂറിസ്റ്റുകൾക്ക് സർഫിങ്ങ് നടത്താനുള്ള സൗകര്യവും ഒരുക്കുന്ന സംവിധാനം ഉണ്ടാകുന്നത്. ■



വയനാട്/എൻ ഊര് ഗോത്രപൈതൃകഗ്രാമം

# എൻ ഊര്

## ഗോത്രസംസ്കൃതിയിലേക്ക് ഒരു വാതായനം



> **വൈത്തിരിയിലെ 25 ഏക്കറിലാണ് ഗോത്ര പൈതൃകഗ്രാമം ഒരുങ്ങിയത്. പുല്ലുമേഞ്ഞ വീടുകളും ഗോത്ര ജീവിത ചാരുതകളെയും ഇവിടെ തൊട്ടറിയാം**

ലക്കിടിക്കുന്നിന് മുകളിൽ കോടമഞ്ഞ് പുതച്ച് ഒരു മഴക്കാലം ചുറ്റിക്കളിക്കുന്നു. തണുത്ത കാറ്റിന്റെ താളത്തിൽ താഴ്വാരത്തിലേക്ക് മുത്തമിട്ടിറങ്ങുന്ന വെളുത്ത കോടകൾക്കിടയിലൂടെ പച്ചപ്പ് നിറഞ്ഞ കുന്നുകൾ അരികിലേക്ക് തെളിഞ്ഞുവന്നു. തനത് വയനാടിന്റെ പുല്ലുമേഞ്ഞ കുടിലുകൾ കൂണുപോലെ മുളച്ച്പൊന്തി വരിവരിയായി കാണാം. ചെളി മണ്ണ് മെഴുകിയ തിണ്ടുകൾ അതിരിടുന്ന വളഞ്ഞ് പുളഞ്ഞ് വഴികൾ കയറിയാൽ കേരളത്തിലെ ആദ്യത്തെ ഗോത്ര പൈതൃകഗ്രാമം എൻ ഊരിൽ എത്താം.
ഗോത്രപാരമ്പര്യത്തിന്റെ ഉള്ളറകളിലേക്കാണ് പൈതൃകഗ്രാമത്തിന്റെ വാതിൽ തുറക്കുന്നത്. വയനാടിന്റെ ചുരം കയറി ലക്കിടിയിൽ നിന്നും വിളിപ്പാടകലെയാണ് സുഗന്ധഗിരിക്കുന്നിൽ സഞ്ചാരികൾക്കായി പൈതൃകഗ്രാമം അണിഞ്ഞൊരുങ്ങിയത്. കേരളത്തിൽ അധിവസിക്കുന്ന ഗോത്രജനതയുടെ പൈതൃകവും സംസ്കാരവും സംരക്ഷിക്കുകയും പാരമ്പര്യ വിജ്ഞാനീയത്തെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുക എന്ന ലക്ഷ്യ ത്തോടെ സംസ്ഥാന സർക്കാരാണ് എൻ ഊര് വിഭാവനം ചെയ്തത്. ഗ്രോതജനതയ്ക്കായി വേറിട്ടതും സ്ഥിരതയുള്ളതും വരുമാനദായകവുമായ സംരംഭമാണ് എൻ ഊര് ഗോത്രപൈതൃകഗ്രാമം. വൈത്തിരിയിലെ 25 ഏക്കറിലാണ് ഗോത്ര പൈതൃകഗ്രാമം ഒരുങ്ങിയത്. പുല്ലുമേഞ്ഞ വീടുകളും ഗോത്ര ജീവിത ചാരുതകളെയും ഇവിടെ തൊട്ടറിയാം.



## പ്രതീക്ഷകളുടെ ഗ്രാമം

ഗോത്ര സങ്കേതങ്ങളിൽ നിന്നും ആ പഴയ തുടിയൊച്ചയും ചീനിവാദ്യവും കേൾക്കാം. പ്രകൃതിയുമായി ഇണങ്ങിയ ഗോത്ര കലാരൂപങ്ങളും പാട്ടും ജീവിതവുമെല്ലാം കാണാം. ആചാരത്തിന്റെ നിധി സൂക്ഷിപ്പുകാരായ ഗോത്രവിഭാഗങ്ങളുടെ കലകളെയും പാരമ്പര്യത്തെയും ജീവിതത്തെയുമെല്ലാമാണ് എൻ ഊര് പൈതൃ ഗ്രാമത്തിൽ സന്നിവേശിപ്പിച്ചിരിക്കുന്നത്. കുറിച്യർ, കുറുമർ, പണിയർ, കാട്ടുനായ്ക്കർ തുടങ്ങി വയനാട്ടിലും കേരളത്തിൽ അങ്ങോളമിങ്ങോളമുള്ളതുമായ ഗോത്ര വിഭാഗക്കാരുടെ പാരമ്പര്യമായ കലകളുടെയും കരകൗശല വൈദഗ്ധ്യത്തിന്റെയും സംരക്ഷണം ഈ ഗ്രാമത്തിൽ സാക്ഷാത്കരിക്കപ്പെടും. ഇവിടെ ഇവരുടെ തനത് ഉൽപന്നങ്ങളുടെ വിപണിയും ഒരുങ്ങിയിട്ടുണ്ട്. കാട്ടുതേൻ തുടങ്ങിയ വനവിഭവങ്ങളുടെ വിപണി എന്നിവയെല്ലാം എൻ ഊരിന്റെ പ്രത്യേകതയാണ്.

### അറിയാം

സന്ദർശനസമയം: രാവിലെ 9 മുതൽ വൈകീട്ട് 5 വരെ
ടിക്കറ്റ് നിരക്ക് മുതിർന്നവർ 50 രൂപ
കുട്ടികൾ 20 രൂപ
ജീപ്പ് സർവീസ് മുതിർന്നവർ 30 രൂപ
കുട്ടികൾ 20 രൂപ
ഓൺലൈൻ ടിക്കറ്റ് ബുക്കിങ്ങ്
https://enooru.co.in/
**എത്തിച്ചേരാനുള്ള മാർഗങ്ങൾ**
കോഴിക്കോട് വിമാനത്താവളം 78 കിലോമീറ്റർ
കണ്ണൂർ വിമാനത്താവളം 121 കിലോമീറ്റർ
റെയിൽവേ സ്റ്റേഷൻ കോഴിക്കോട്
62 കിലോമീറ്റർ
മൈസൂർ റെയിൽവേ സ്റ്റേഷൻ 157 കിലോമീറ്റർ
കോഴിക്കോട് ബസ്സ് സ്റ്റാൻഡ് 60 കിലോമീറ്റർ
ഫോൺ 9778783522
Email. enoorutribes@gmail.com

## ഒരു കുടക്കീഴിൽ ഒരു ഗ്രാമം

ഗോത്ര വിഭാഗങ്ങൾ നിർമിച്ച കരകൗശല വസ്തുക്കൾ, വനവിഭവങ്ങൾ, പരമ്പരാഗത തനത് കാർഷിക ഉൽപന്നങ്ങൾ, പച്ചമരുന്നുകൾ, മുള ഉൽപന്നങ്ങൾ, ചൂരൽ ഉൽപന്നങ്ങൾ, പാരമ്പര്യ ഔഷധച്ചെടികൾ തുടങ്ങിയവാണ് ഈ വിപണിയിൽ വിൽപനയ്ക്കായി ഇവിടെ ഒരുക്കുക. വിവിധ ഗോത്രവിഭാഗത്തിന്റെ കരകൗശല വൈദഗ്ധ്യം നേരിട്ട് കാണാനും ഇവിടെ അവസരമൊരുക്കും. എല്ലാ ദിവസവും സന്ദർശകർക്കായി ഇവിടെ ഒരുക്കുന്ന ഓപ്പൺ എയർ തീയേറ്ററിൽ ഗോത്രകലാവതരണം നടക്കും. രണ്ട് പ്രീമിയം കഫ്റ്റീരിയകളാണ് ഇവിടെ സജ്ജീകരിക്കുക. ഗോത്ര വിഭാഗങ്ങളുടെ തനത് വംശീയ ഭക്ഷണ രുചികളും മറ്റുള്ള വിഭവങ്ങൾക്കൊപ്പം ഇവിടെ സന്ദർശകർക്ക് പരിചയപ്പെടാം. ഗോത്രപൈതൃകഗ്രാമത്തിൽ അതിഥികൾക്കായി സൗകര്യമൊരുക്കും. ■

**രമേഷ്കുമാർ വെള്ളമുണ്ട**

## വയനാട്/കുങ്കിച്ചിറ

വയനാടിന്റെ ചരിത്രവും പൈതൃകവും തൊട്ടറിയാനും ജൈവ സംസ്കാരത്തെ അടുത്തറിയാനും കുങ്കിച്ചിറയിൽ ജൈവ സാംസ്കാരിക പൈതൃക മ്യൂസിയം ഉയരുകയാണ്. മലബാറിലെ തന്നെ ഏറ്റവും വലിയ ജൈവ സാംസ്കാരിക പൈതൃക മ്യൂസിയം വയനാട്ടിലെ തൊണ്ടർനാട് ഗ്രാമ പഞ്ചായത്തിലെ കുഞ്ഞോത്ത് കുങ്കിച്ചിറയുടെ തീരത്താണ് സ്ഥാപിക്കുന്നത്.

ആധുനിക സൗകര്യങ്ങളോടു കൂടിയ പ്രദർശന മ്യൂസിയത്തിന്റെ കെട്ടിടം പൂർത്തിയായി. സർക്കാരിന്റെ നൂറ് ദിനകർമ്മപദ്ധതിയിൽ ഉൾപ്പെടുത്തിയ മ്യൂസിയം വൈകാതെ പൊതുജനങ്ങൾക്കായി തുറന്നു കൊടുക്കും.

വയനാടിന്റെ ജൈവ വൈവിധ്യങ്ങൾക്ക് കൂടി പ്രാധാന്യം നൽകുന്ന വിധത്തിലുള്ള ജൈവ-സാംസ്കാരിക-പൈതൃക മ്യൂസിയമാണ് ഇവിടെ ഒരുങ്ങുന്നത്.

### മലബാറിലെ ഏറ്റവും വലിയ മ്യൂസിയം

നൂറ്റാണ്ടുകൾ പഴക്കമുള്ള ഒരു ജനതയുടെ സംസ്കൃതിയിലൂടെയുള്ള യാത്രയാണ് മ്യൂസിയത്തിൽ സന്നിവേശിപ്പിക്കുക. പൈതൃക മ്യൂസിയം എന്ന പതിവ് രീതികളിൽ നിന്നും ഉയർന്ന് വയനാടിന്റെ ജൈവവൈവിധ്യങ്ങളെ നേരിട്ടറിയാനുള്ള വിധത്തിലാണ് കുങ്കിച്ചിറ മ്യൂസിയത്തെ വേറിട്ടതാക്കുന്നത്.

ഇതിനായി പതിനാറായിരം ചതുരശ്രയടിയുള്ള കെട്ടിടസമുച്ചയമാണ് മ്യൂസിയം വകുപ്പ് തയ്യാറാക്കിയിരിക്കുന്നത്. 9,000 ചതുരശ്രയടി വിസ്തീർണ്ണമുള്ള താഴെ നിലയിൽ അഡ്മിനിസ്ട്രേറ്റീവ് മുറികളും ലോബിയും ഹാളും പ്രദർശന മുറികളുമുള്ളത്. ത്രീഡി തിയേറ്റർ, ഗവേഷണ വിഭാഗം, ലൈബ്രറി എന്നിവയും ഇവിടെ സജ്ജമാക്കും. മുകളിലെത്തെ നിലയിൽ എക്സിബിഷൻ കോർണറുകളും ഒരുക്കും. ലിഫ്റ്റ് സൗകര്യവുമുണ്ട്. ചുവർചിത്രമടക്കം



# വയനാടിന്റെ സമ്പന്നമായ ചരിത്രം

> **ഒമ്പത് ഏക്കറോളം സ്ഥലത്താണ് മ്യൂസിയവും ചിറയുമടക്കമുള്ള കേന്ദ്രം. നാലേമുക്കാൽ കോടി രൂപ ചെലവിലാണ് മ്യൂസിയം ആസൂത്രണം ചെയ്തിട്ടുള്ളത്**

ഗോത്ര ജീവിതത്തിന്റെയും കാർഷിക ചരിത്രത്തെയും അടയാളപ്പെടുത്തുന്നതും ഏറ്റവും ആകർഷക മായതുമായ രീതിയിലായിരിക്കും ഓരോന്നിന്റെയും ക്രമീകരണം.

ഒമ്പത് ഏക്കറോളം സ്ഥലത്താണ് മ്യൂസിയവും ചിറയുമടക്കമുള്ള കേന്ദ്രമുള്ളത്. നാലേമുക്കാൽ കോടി രൂപ ചെലവിലാണ് മ്യൂസിയം ആസൂത്രണം ചെയ്തിട്ടുള്ളത്.

## ചരിത്രത്തെ തൊട്ടറിയാം

പ്രദർശനാത്മക മ്യൂസിയം സങ്കല്പത്തിൽ നിന്നുയർന്ന് പുരാവസ്തുക്കളെ അടുത്തറിയാനുള്ള സംവിധാനമായിരിക്കും കുങ്കിച്ചിറയിലെ മ്യൂസിയ ത്തിന്റെ പ്രത്യേകത. പുരാവസ്തുക്കളുടെ തനിപകർപ്പുകളും ഇവിടെ സജ്ജീകരിക്കും. ഗോത്ര നാടിന്റെ ഏറ്റവും പുരാതനമായ കാലത്തിൽ നിന്നും ലഭ്യമായ ചരിത്രത്തെയും അതിനെ തലോടുന്ന വസ്തുക്കളെയും പുതിയ തലമുറയ്ക്ക് ഏറ്റവും ലളിതമായി പരിചയപ്പെടുത്തുക എന്നതാണ് ലക്ഷ്യം.

വിനോദ സഞ്ചാര കേന്ദ്രങ്ങൾ കുറവായ തൊണ്ടർനാടിന് കുങ്കിച്ചിറ പൈതൃക മ്യൂസിയം ഉണർവാകും. കുങ്കിച്ചിറയുമായി ബന്ധപ്പെട്ട ഐതീഹ്യങ്ങൾ എട്ടുനൂറ്റാണ്ട് പിന്നിലേക്കാണ് വിരൽ ചൂണ്ടുന്നത്. പ്രദേശത്തെ നാടുവാഴിയുടെ മകളായ കൊടുമല കുങ്കിയാണ് ഇവിടെ ഈ കുളം നിർമിച്ചത് എന്നാണ് കഥ. പഴശ്ശിരാജാവ് ഇംഗ്ലീഷ് സൈന്യത്തിനെതിരെ പടനീക്കങ്ങൾ ഒരുക്കിയ സ്ഥലവും കുങ്കിച്ചിറയുടെ പരിസരത്താണ്. കുങ്കിച്ചിറയുടെ രണ്ട് മലകൾക്ക് അപ്പുറത്തായി പഴശ്ശിയെ ഇംഗ്ലീഷ് സൈന്യത്തിന് ഒറ്റുകൊടുത്ത 'ഒറ്റുപാറ'യുണ്ട്. പഴശ്ശിരാജാവിന്റെ ഉറ്റ തോഴനായ തലയ്ക്കൽ ചന്തുവിന്റെ വീടും ഈ ചരിത്രഭൂമിയിലാണ്. ■



# പുഴയിലാറാടാൻ പുല്ലൂപ്പി

ലോകസഞ്ചാരികളുടെ പാദങ്ങൾ ഇനിയും പതിയാത്ത, പ്രകൃതിഭംഗിയാൽ അനുഗൃഹീതമായ പുഴയോരങ്ങളും കണ്ടൽക്കാടുകളും പച്ചത്തുരുത്തുകളും ഏറെയുണ്ട് കണ്ണൂരിൽ. അതിലൊന്നാണ് കണ്ണൂർ ജില്ലയിലെ നാറാത്ത് ഗ്രാമപഞ്ചായത്തിൽ വളപട്ടണം പുഴയുടെ കൈവഴിയിലെ പുല്ലൂപ്പി കടവ്. കണ്ടൽക്കാടുകളും പച്ചത്തുരുത്തുകളും ദേശാടനപക്ഷികൾ ചേക്കേറുന്ന പക്ഷിസങ്കേതങ്ങളും മത്സ്യസമ്പത്തും കൊണ്ട് സമൃദ്ധമായ പുല്ലൂപ്പി കടവ് മറഞ്ഞുകിടന്നൊരു മരതകരത്നമാണ്. പുല്ലൂപ്പിക്കടവ് കേന്ദ്രമായി 4.01 കോടി ചെലവിൽ ടൂറിസം വകുപ്പ് ആവിഷ്‌ക്കരിച്ച ടൂറിസം പദ്ധതി നിർമാണം പൂർത്തിയാക്കി ഉദ്ഘാടനത്തിന് ഒരുങ്ങുകയാണ്.

വളപട്ടണം പുഴയുടെ കൈവഴിയായി കാട്ടാമ്പള്ളി കടവ് വഴി മുണ്ടേരി ഗ്രാമപഞ്ചായത്ത് അതിർത്തിവരെ നീണ്ടുകിടക്കുന്ന പുഴയിൽ ടൂറിസം വകുപ്പ് ആവിഷ്ക്കരിച്ച പുല്ലൂപ്പി കടവ് ടൂറിസം പദ്ധതി ജലസാഹസിക ടൂറിസത്തിന്റെ സാധ്യതകളാണ് തുറക്കുന്നത്. പുല്ലൂപ്പി കടവിലേക്ക് കണ്ണൂർ നഗരത്തിൽനിന്ന് അഞ്ച് കിലോമീറ്റർ മാത്രമേ ദൂരമുള്ളൂ. പുല്ലൂപ്പി കടവ് പാലത്തിന്റെ ഇരുവശങ്ങളെ കേന്ദ്രീകരിച്ചാണ് പദ്ധതി നടപ്പാക്കിയിരിക്കുന്നത്.

കണ്ണൂർ ജില്ലയിലെ പുഴകളിലൂടെയുള്ള ജലസാഹസിക ടൂറിസത്തിന് ഏറ്റവും അനുയോജ്യമായ കേന്ദ്രങ്ങളിൽ ഒന്നാണ് ഇവിടം. സാഹസിക ടൂറിസത്തിന്റെ സാധ്യതകൾക്കൊപ്പം പുഴയുടെ മത്സ്യസമൃദ്ധി കൂടി പ്രയോജനപ്പെടുത്തുകയാണ് ഈ പദ്ധതി. പ്രാദേശിക ഭക്ഷണ വിഭവങ്ങൾ അടക്കമുള്ള മലബാറിന്റെ തനത് രുചികൾ പരിചയപ്പെടുത്തുന്ന ഭക്ഷ്യവിപണന കേന്ദ്രങ്ങളായി എട്ട് കിയോസ്കുകൾ ഇവിടെ സജ്ജീകരിച്ചിട്ടുണ്ട്. പുഴയിൽ പൊങ്ങിനിൽക്കുന്ന ഫ്ളോട്ടിങ്ങ് ഡൈനിങ്ങ് ആണ് മറ്റൊരു പ്രധാന ആകർഷണം. നാല് പേർക്ക് ഇരിക്കാവുന്ന എട്ട് സിംഗിൾ യൂണിറ്റുകൾ, 25 പേർക്ക് ഇരിക്കാവുന്ന എട്ട് മേശകൾ സജ്ജീകരിച്ച് വെക്കാൻ സാധിക്കുന്ന ഫ്ളോട്ടിങ്ങ് ഡൈനിങ്ങ് എന്നീ രണ്ട് തരത്തിൽ ഇതുണ്ടാവും. ടൂറിസ്റ്റുകൾക്ക് ബോട്ടുകൾ, നാടൻ വള്ളം, കയാക്കിങ്ങ് സംവിധാനം എന്നിവ വഴി പുഴയുടെ സൗന്ദര്യം ആസ്വദിച്ച് ഫ്ളോട്ടിങ്ങ് ഡൈനിങ്ങിൽ എത്തിച്ചേരാനാവും.

> ”
> **പുല്ലൂപ്പി കടവിലേക്ക് കണ്ണൂർ നഗരത്തിൽ നിന്ന് അഞ്ച് കിലോമീറ്റർ മാത്രമേ ദൂരമുള്ളൂ**

വാട്ടർ സ്പോർട്സ് ആക്റ്റിവിറ്റികൾക്കൊപ്പം പുഴയോരങ്ങളിൽ ഇരിപ്പിടങ്ങൾ, പാലത്തിന് ഇരുവശവും ചിത്രപ്പണികളോടുകൂടിയ വിളക്ക് കാലുകൾ, പാർക്ക്, നടപ്പാതകൾ, സൈക്ലിങ്ങ് പാത, കഫറ്റീരിയ തുടങ്ങിയവയും ഉണ്ട്. നടപ്പാതയുടെ ഭാഗമായി പുഴയുടെ മനോഹാരിത വീക്ഷിക്കുന്ന തരത്തിൽ ഉള്ള രണ്ട് ഡക്കുകൾ സജ്ജീകരിച്ചിട്ടുണ്ട്. ബോട്ടിങ്ങിന് കയറുകയും ഇറങ്ങുന്നതിനും വേണ്ടി ഡോക്ക് ഏരിയ പ്രത്യേകമായി ഒരുക്കി. ■

**പി. പി. വിനീഷ്**



# പച്ചപ്പ് പുതച്ച് കുട്ടിപ്പുല്ല്

പുതിയ ടൂറിസം കേന്ദ്രങ്ങൾ വികസിപ്പിക്കാനായി തദ്ദേശസ്ഥാപന പങ്കാളിത്തത്തോടെ ടൂറിസം വകുപ്പ് നടപ്പാക്കുന്ന ഡെസ്റ്റിനേഷൻ ചലഞ്ച് പദ്ധതിയിൽ നടുവിൽ ഗ്രാമപഞ്ചായത്തിലെ കനകക്കുന്നിലെ കുട്ടിപ്പുല്ലിൽ റിസോർട്ടും പാർക്കും സ്ഥാപിക്കുന്നു. 3000 ൽ അധികം അടി ഉയരത്തിലുള്ള കുട്ടിപ്പുല്ല് ചോലവനവും കാട്ടരുവിയും പച്ചവിരിച്ച പുൽമേടുമായി പ്രകൃതിഭംഗിയാൽ അനുഗ്രഹീതമായ ടൂറിസം കേന്ദ്രമാണ്.

ജില്ലയിൽ ഡെസ്റ്റിനേഷൻ ചലഞ്ച് നടപ്പാക്കുന്നതിന്റെ ആദ്യ ചുവടുവെയ്പ്പ് കൂടിയാണ് 83 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ച പദ്ധതി. രണ്ട് ഘട്ടങ്ങളിലായാണ് പദ്ധതി പൂർത്തിയാക്കുക. ഇതിന്റെ ആദ്യഘട്ടത്തിൽ പാർക്കും സഞ്ചാരികളുടെ താമസസൗകര്യത്തിനായി രണ്ട് കോട്ടേജുകളും വിശ്രമമുറിയുമാണ് ഒരുക്കുന്നത്. കൂടാതെ പാർക്കിങ് ഏരിയ, സ്വിമ്മിങ് പൂൾ, മിനി ആംഫി തിയറ്റർ, റെസ്റ്റോറന്റ്, റിസപ്ഷൻ ഏരിയ തുടങ്ങിയവയുടെ പണിയും ഈ ഘട്ടത്തിൽ പൂർത്തിയാക്കും. രണ്ടാം ഘട്ടത്തിൽ മൂന്ന് കോട്ടേജുകൾ, ജിം, മിനി ബാഡ്മിന്റൺ കോർട്ട്, കുട്ടികൾക്കായുള്ള കളിസ്ഥലം, വൈ-ഫൈ സോൺ തുടങ്ങിയവയാണ് നിർമിക്കുക. പാർക്ക് ഒരുക്കുന്നതിന്റെ ഭാഗമായി റോഡുകളുടെ സൗന്ദര്യവത്കരണം, വഴിയോര ലൈറ്റുകൾ, പാർക്കിനായുള്ള കെട്ടിടനിർമാണം എന്നിവ കൂടി കുട്ടിപ്പുല്ലിൽ സാധ്യമാക്കും. ഓഫീസ്, റെസ്റ്റോറന്റ്, സ്റ്റാഫ് ക്വാർട്ടേഴ്സ്, ടോയിലറ്റ് സൗകര്യം തുടങ്ങിയവയാണ് പാർക്കിനായി ഒരുക്കുന്ന കെട്ടിടത്തിലുണ്ടാവുക.

പ്രകൃതിയോടിണങ്ങി നിൽക്കുന്ന പ്രദേശമായതിനാൽ അവ നിലനിർത്തികൊണ്ട് തന്നെ റിസോർട്ടുകൾ പണിയും. മണ്ണിന് പ്രശ്നമുണ്ടാകാത്ത രീതിയിലാണ് കെട്ടിടങ്ങൾ നിർമിക്കുക. ഇത് മഴവെള്ളത്തിന്റെ ഒഴുക്കിനും അനുകൂലമായ അന്തരീക്ഷം സൃഷ്ടിക്കും. ഒരു വർഷം കൊണ്ട് പദ്ധതിപ്രവൃത്തികൾ പൂർത്തിയാക്കാനാണ് ലക്ഷ്യമിടുന്നത്.

ജില്ലയിലെ പൈതൽമലയും പാലക്കയം തട്ടും കഴിഞ്ഞാൽ ഏറെ പ്രിയമുള്ള വിനോദസഞ്ചാര കേന്ദ്രമാണ് കുട്ടിപ്പുല്ല്. കോടമഞ്ഞ് പുതച്ചും പച്ച വിരിച്ചും കുട്ടിപ്പുല്ല് സഞ്ചാരികളെ ആകർഷിക്കുന്നു. നിരവധി പേരാണ് ഇവിടെ ദിനംപ്രതി ഇവിടെ എത്തിച്ചേരുന്നത്. ഇതിന്റെ സാധ്യതകൾ മനസ്സിലാക്കിയാണ് പഞ്ചായത്ത് ഇവിടെ ടൂറിസം വികസനത്തിനുള്ള നടപടികളാരംഭിച്ചത്. പൈതൽമലയ്ക്കും പാലക്കയം തട്ടിനും ഇടയിലായിട്ടാണ് കുട്ടിപ്പുല്ല്. പൈതൽമലയുടെ പടിഞ്ഞാറൻ ചെരിവ് കയ്യെത്തും ദൂരത്തിൽ കുട്ടിപ്പുല്ലിൽ നിന്നും കാണാം.

**കുടിയാന്മല പാത്തൻപാറ മൈലംപെട്ടി എന്നീ വഴികളിലൂടെ കുട്ടിപ്പുല്ലിലേക്ക് എത്തിച്ചേരാം. കരുവൻചാൽ പാത്തൻപാറ വഴിയും കുടിയാന്മല റോഡിൽ നൂലിട്ടാമല എന്ന സ്ഥലത്തിനടുത്തുനിന്ന് മൂന്ന് കിലോമീറ്റർ ദൂരം യാത്ര ചെയ്താലും ഇവിടെ എത്താം. തളിപ്പറമ്പിൽനിന്ന് 41 കിലോമീറ്റർ സഞ്ചരിച്ചാൽ മലമുകളിലെത്താം. അതുപോലെ കുടിയാന്മലയിൽനിന്ന് കവരപ്ലാവ് വഴി നേരിട്ടും ഇവിടെ എത്തിച്ചേരാം.** ■

**ഹർഷിദ ഹൈദരലി**



# കെട്ടുവള്ളക്കാഴ്ചകളിലേക്ക്

കായൽ ടൂറിസം ആസ്വദിക്കാൻ സഞ്ചാരികളെ മാടി വിളിച്ച് നീലേശ്വരം കോട്ടപ്പുറം ബോട്ട് ടെർമിനൽ. ആരെയും ആകർഷിക്കും വിധത്തിലാണ് ഓടുപാകി മനോഹരമാക്കിയ മേൽക്കൂരയോടെ തലയെടുപ്പോടെ നിൽക്കുന്ന ഹൗസ്ബോട്ട് ടെർമിനൽ.

വിനോദസഞ്ചാര വകുപ്പിന്റെ ധനസഹായത്തോടെ ഉൾനാടൻ ജലഗതാഗതവകുപ്പാണ് ടെർമിനൽ നിർമിച്ചത്.

നീലേശ്വരം – ബേക്കൽ നിർദിഷ്ട ജലപാതയുടെ ആരംഭ സ്ഥാനമാണ് ഇവിടം. ഉത്തര മലബാറിലെ വലിയ വിനോദസഞ്ചാര സാധ്യത കണക്കിലെടുത്ത് സംസ്ഥാന സർക്കാർ ആവിഷ്ക്കരിച്ച ബൃഹത്തായ പദ്ധതിയാണ് മലനാട് – മലബാർ റിവർ ക്രൂയിസ് ടൂറിസം പദ്ധതി. കണ്ണൂർ ജില്ലയിൽക്കൂടി ഒഴുകുന്ന വളപ്പട്ടണം, കുപ്പം, പെരുമ്പ, കവ്വായി, അഞ്ചരക്കണ്ടി, മാഹി എന്നീ നദികളെയും ജില്ലയിലെ തേജസ്വിനി, ചന്ദ്രഗിരി നദികളെയും വലിയപറമ്പ് കായലിനെയും കേന്ദ്രീകരിച്ചാണ് വിശാലമായ ഈ പദ്ധതി നടപ്പാക്കിയിരിക്കുന്നത്.

ടെർമിനലിനോട് അനുബന്ധിച്ച് നാലര മീറ്റർ വീതിയിൽ നിർമിച്ച നടപ്പാത, വ്യൂ പോയിന്റുകൾ, കൂടാതെ കരിങ്കൽ ബെഞ്ചുകളും സഞ്ചാരികളെ ആകർഷിക്കുന്നു. ഒരേസമയം നാല് വഞ്ചിവീടുകൾക്ക് ഇവിടെ പാർക്ക് ചെയ്ത് ടൂറിസ്റ്റുകളെ കയറ്റാൻ കഴിയും. 32 ഹൗസ് ബോട്ടുകൾ ഇവിടെ ഉണ്ട്. 132 മീറ്റർ നീളത്തിലുള്ള ടെർമിനലിന്റെ നിർമാണച്ചെലവ് എട്ട് കോടി രൂപയാണ്. കായൽ ടൂറിസം അനുദിനം വളർന്ന് വരുമ്പോൾ ഉത്തര മലബാറിലെ വിനോദ സഞ്ചാര മേഖലയ്ക്ക് വലിയ മുതൽ കൂട്ടാണ് നീലേശ്വരത്തെ ബോട്ട് ടെർമിനൽ. ടെർമിനലിൽ മിനി കഫെ, കിയോസ്ക് വെൽക്കം സെന്റർ, സോവിനിയർ ഷോപ്പ്, കാഷ് കൗണ്ടർ എന്നിങ്ങനെയുള്ള സൗകര്യങ്ങൾ ഒരുക്കാനാണ് ലക്ഷ്യം. ■

> **32 ഹൗസ് ബോട്ടുകൾ ഇവിടെ ഉണ്ട്**

ശ്വേത ഹരി

# കായൽസൗന്ദര്യത്തിലലിയാം

ആലപ്പുഴ കഴിഞ്ഞാൽ ഉത്തര മലബാറിൽ കായൽ സൗന്ദര്യത്തിൽ മുന്നിൽ നിൽക്കുന്നത് വലിയപറമ്പയായിരിക്കും. നാലു പുഴകൾ വന്നു ചേരുന്ന വലിയപറമ്പയിൽ ഒട്ടനവധി ദ്വീപുകളും തുരുത്തുകളുമുണ്ട്. ഇതിനോടു ചേർന്നു തന്നെയാണ് കുന്നുവീട് പടന്ന കടൽത്തീരങ്ങളും. തൊണ്ണൂറോളം തരത്തിലുള്ള പക്ഷികളെ ഇവിടെ കാണാൻ കഴിയും.

വടക്ക് നീലേശ്വരം മുതൽ തെക്ക് ഏഴിമല വരെ 40 കിലോമീറ്റർ നീളത്തിലുള്ള കായലിന്റെ ജല ജൈവിക സമ്പന്നത ഏറെ പ്രസിദ്ധമാണ്. പ്രകൃതി സൗന്ദര്യം മാറോടണച്ചൊഴുകുന്ന കവ്വായി കായലാണ് വലിയപറമ്പയുടെ ജീവനാഡി. സംസ്ഥാനത്ത് ഏറ്റവും കൂടുതൽ കണ്ടൽക്കാടുകളുള്ള കുഞ്ഞിമംഗലത്തെ നീർത്തടങ്ങൾ, കുണിയൻ, ചെമ്പല്ലിക്കുണ്ട് പക്ഷിസങ്കേതങ്ങൾ എന്നിവ ഈ പ്രദേശത്തിന്റെ പ്രത്യേകതയാണ്.

രാജ്യത്തെ ജൈവ വൈവിധ്യ പൈതൃക കേന്ദ്രങ്ങളുടെ പട്ടികയിൽ ഉൾപ്പെടാനൊരുങ്ങുന്ന ഇടയിലക്കാട് കാവാണ് വലിയ പറമ്പിലെ മറ്റൊരു ആകർഷണം. ഉത്തരകേരളത്തിലെ ഏറ്റവും വലിയ കാവുകളിലൊന്നായ ഇടയിലക്കാട് കാവ് ജൈവ വൈവിധ്യ പൈതൃക പ്രദേശമായി വിജ്ഞാപനം ചെയ്യുന്നതിനായി സംസ്ഥാന സർക്കാർ തുടർനടപടികൾ സ്വീകരിച്ചുവരികയാണ്. വിവിധ ഇനം പക്ഷികളുടെയും മൃഗങ്ങളുടെയും ആവാസകേന്ദ്രമായ ഇടയിലക്കാട് കാവിൽ ധാരാളം കുരങ്ങുകളും നീർപക്ഷികളും കാട്ടുപക്ഷികളുമുണ്ട്. അപൂർവമായി കാണുന്ന ഏറെ ഔഷധ പ്രാധാന്യമുള്ള ഓരിലത്താമരയുടെ രണ്ട് സ്പീഷീസുകൾ ഇവിടെ കണ്ടെത്തിയിരുന്നു. വംശനാശ ഭീഷണി നേരിടുന്ന ഏകനായകം, പനച്ചി എന്നിവയും കാണാം.

അപൂർവ ഇനം കണ്ടൽച്ചെടികളെ ഇതിനകം ഇവിടെ തിരിച്ചറിഞ്ഞിട്ടുണ്ട്. വിനോദസഞ്ചാരികളും വിദ്യാർഥികളും കണ്ടലിനെ കുറിച്ചറിയാൻ കൂടുതലായി എത്തുന്ന ഇടമാണ് ഇവിടം.

കായലിലൂടെയുള്ള ഹൗസ് ബോട്ട് യാത്ര ഒരു അനുഭവമാണ്. കണ്ടലോരം പദ്ധതി, സ്ട്രീറ്റ് ടൂറിസം പദ്ധതി തുടങ്ങി വിവിധ പദ്ധതികൾ നടപ്പാക്കാനുള്ള നടപടികൾ ആരംഭിച്ചുകഴിഞ്ഞു

**അപൂർവ ഇനം കണ്ടൽച്ചെടികളെ ഇതിനകം ഇവിടെ തിരിച്ചറിഞ്ഞിട്ടുണ്ട്**

## വലിയപറമ്പയിലേക്കെത്താം...

**റെയിൽ മാർഗം ആണെങ്കിൽ ചെറുവത്തൂർ റെയിലേ സ്റ്റേഷനിലിറങ്ങിയാൽ വലിയ പറമ്പയിലെത്താം. അവിടെ നിന്ന് റോഡുമാർഗം പടന്ന എടച്ചാക്കൈ റോഡിലൂടെ 12 കിലോമീറ്റർ ദൂരം. തൃക്കരിപ്പൂർ വെള്ളാപ്പ് വഴിയും വലിയ പറമ്പയിലെത്താനാവും.** ■

**നിധീഷ് ഇ.കെ**



വലിയപറമ്പ



# സുഖവാസമൊരുക്കി കെ.ടി.ഡി.സി.

## തിരുവനന്തപുരം

ഹോട്ടൽ സമുദ്ര
കോവളം, തിരുവനന്തപുരം - 695527,
ഫോൺ: +91-471-2480089, 2481412
ഇ-മെയിൽ: samudra@ktdc.com

മാസ്കറ്റ് ഹോട്ടൽ
തിരുവനന്തപുരം - 695 033,
ഫോൺ: +91-471-2318990, 2316105, 2318001, 2317791, 2318093
ഇ-മെയിൽ: mascothotel@ktdc.com

ഗോൾഡൻ പീക്ക്
പൊൻമുടി
തിരുവനന്തപുരം - 695551
ഫോൺ: +91 9400008640, +91-472-2890225, 2890186
ഇമെയിൽ: goldenpeak@ktdc.com

ഹോട്ടൽ ഗ്രാൻഡ് ചൈത്രം
തമ്പാനൂർ, തിരുവനന്തപുരം - 695001,
ഫോൺ: +91-471-2330977, 2330887
ഇ-മെയിൽ: grandchaithram@ktdc.com

Tamarind കെ.ടി.ഡി.സി ഈസി ഹോട്ടൽ
നെയ്യാർ ഡാം
ഫോൺ: +91-471-2272160

## കൊല്ലം

Tamarind കെ.ടി.ഡി.സി ഈസി ഹോട്ടൽ
ഗസ്റ്റ് ഹൗസ് കോമ്പൗണ്ട്
ആശ്രമം 691 002

## കോട്ടയം

വാട്ടർ സ്കേപ്സ്
കെ.ടി.ഡി.സി കായൽ റിസോർട്ട്
കുമരകം നോർത്ത്, കോട്ടയം - 686563,
ഫോൺ: +91-481-2525861, 2524258, 2527650
ഇ-മെയിൽ: waterscapes@ktdc.com

Tamarind കെ.ടി.ഡി.സി ഈസി ഹോട്ടൽ
മനക്കച്ചിറ, എ.സി.റോഡ്
ചങ്ങനാശേരി, കോട്ടയം
ഫോൺ: +91-481-2400899
ഇ-മെയിൽ: tamarindchanganacherry@ktdc.com

## കൊച്ചി

ബോൾഗാട്ടി പാലസ് ആൻഡ് ഐലന്റ്
മുളവുകാട്, കൊച്ചി - 682504,
മൊബൈൽ: +91-9400008578 (24 മണിക്കൂർ)
ഫോൺ: +91-484-2750500, 2750600
ഇ-മെയിൽ: bolgattypalace@ktdc.com

## ഇടുക്കി

ലേക്ക് പാലസ് (കെ.ടി.ഡി.സി )
തേക്കടി, ഇടുക്കി - 685536,
ഫോൺ: +91-4869-223887, 223888
ഇ-മെയിൽ: lakepalace@ktdc.com

ആരണ്യ നിവാസ്
തേക്കടി, ഇടുക്കി - 685536,
ഫോൺ: +91-4869-222023, 222779 222283, +91-4868-250111
ഇ-മെയിൽ: aranyanivas@ktdc.com

ടീ കൗണ്ടി
കെ.ടി.ഡി.സി ഹിൽ റിസോർട്ട്,
മൂന്നാർ - 685612,
ഫോൺ: +91-4865-230460, 230969, 230971/72/73
ഇ-മെയിൽ: teacounty@ktdc.com

പെരിയാർ ഹൗസ്
തേക്കടി, ഇടുക്കി - 685536,
റിസപ്ഷൻ ഫോൺ: +91-9400008597



ഫോൺ: +91-4869-222546, 222447, 222026,
ഇ-മെയിൽ: periyarhouse@ktdc.com

Tamarind KTDC ഈസി ഹോട്ടൽ
പീരുമേട്
ഇടുക്കി ജില്ല
പിൻ: 685 539
ഫോൺ: +91-4869-233250
ഇ-മെയിൽ: tamarindpeermedu@ktdc.com

## ആലപ്പുഴ

റിപ്പിൾ ലാൻഡ്
മോട്ടൽ അരാം കോമ്പൗണ്ട്
എ.എസ്. റോഡ്, കളപ്പുര, ആലപ്പുഴ - 688 007
ഫോൺ: +91-477-2244460
ഇ-മെയിൽ: rippleland@ktdc.com

സുവാസം കുമരകം ഗേറ്റ്‌വേ തണ്ണീർമുക്കം
തണ്ണീർമുക്കം, ആലപ്പുഴ
ഫോൺ: +91 478 2584218
ഇ-മെയിൽ: suvasam@ktdc.com

## തൃശൂർ

ഹോട്ടൽ നന്ദനം
കിഴക്കേ നട, ഗുരുവായൂർ
തൃശൂർ - 680101,
ഫോൺ: +91-9400008656, +91-487-2968656
ഇ-മെയിൽ: nandanam@ktdc.com

Tamarind KTDC ഈസി ഹോട്ടൽ
ഇൻഡോർ സ്റ്റേഡിയത്തിന് സമീപം
തൃശൂർ 650 020
ഫോൺ: +91-487-2332333
മൊബൈൽ: +91-9400008679
ഇ-മെയിൽ: tamarindthrissur@ktdc.com

## കണ്ണൂർ

ലൂം ലാൻഡ് ഹോട്ടൽ,
പോലീസ് ക്ലബ്ബിന് സമീപം, കണ്ണൂർ 670 002
ഫോൺ: +91-497-2960100
ഇ-മെയിൽ: loomland@ktdc.com

ഫോക്ക് ലാൻഡ്
മാങ്ങാട്ടുപറമ്പ്
കണ്ണൂർ യൂണിവേഴ്സിറ്റി കാമ്പസ് പി.ഒ - 670 567
ഫോൺ: +91-497-2780220, 9400008739
ഇ-മെയിൽ: folkland@ktdc.com

## പാലക്കാട്

ഗാർഡൻ ഹൗസ്
മലമ്പുഴ, പാലക്കാട് - 678651,
ഫോൺ: +91-491-2815217
ഇ-മെയിൽ: gardenhouse@ktdc.com

## വയനാട്

ഹോട്ടൽ പെപ്പർ ഗ്രോവ്
പൂമല പി.ഒ, സുൽത്താൻ ബത്തേരി
വയനാട് - 673592,
ഫോൺ: +91-4936-221900

Tamarind KTDC ഈസി ഹോട്ടൽ
തിരുനെല്ലി ക്ഷേത്രം പി.ഒ.
മാനന്തവാടി, വയനാട് - 670 646
ഫോൺ: +91-4935-210475, +91-9447739472
ഇ-മെയിൽ: tamarindthirunelly@ktdc.com

## മലപ്പുറം

Tamarind KTDC ഈസി ഹോട്ടൽ
കരിമ്പുഴ, ചുങ്കത്തറ. പി.ഒ
നിലമ്പൂർ, മലപ്പുറം 679 334
ഫോൺ : +91-4931-232000
ഇ-മെയിൽ: tamarindnilambur@ktdc.com

**കേരള ടൂറിസം ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്**
കോർപ്പറേറ്റ് ഓഫീസ്,
P.B.No-5424, മസ്കോട്ട് സ്ക്വയർ,
തിരുവനന്തപുരം-695033 - കേരളം.
ഫോൺ: +91-471-2721243, 2721245
ഇ-മെയിൽ: corporate@ktdc.com
റിസർവേഷനുകൾക്ക്: centralreservations@ktdc.com

# മികച്ച താമസസൗകര്യം ഇപ്പോൾ വിരൽത്തുമ്പിൽ

**സംസ്ഥാനത്തുടനീളം 155 റസ്റ്റ് ഹൗസുകളാണ് പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ളത്.**

മിതമായ നിരക്കിൽ മികച്ച താമസസൗകര്യം പ്രദാനം ചെയ്യുന്ന കേരളത്തിലെ പൊതുമരാമത്ത് റസ്റ്റ് ഹൗസുകൾ പൊതുജനങ്ങൾക്കും ഇപ്പോൾ ലഭ്യമാണ്. ഓൺലൈൻ ബുക്കിങ്ങ് സംവിധാനത്തിലൂടെ ഈ വിശ്രമകേന്ദ്രങ്ങളിൽ താമസം ഉറപ്പാക്കാം.

റസ്റ്റ് ഹൗസുകൾ അവരുടെ ഉപയോക്തൃ-സൗഹൃദ ഓൺലൈൻ പ്ലാറ്റ്ഫോമുകൾ മുഖേന ബുക്കിങ്ങ് മികച്ചതാക്കി. ഇപ്പോൾ, ഏതാനും ക്ലിക്കുകളിലൂടെ താമസം സുരക്ഷിതമാക്കാം.

സംസ്ഥാനത്തുടനീളം ഗുണനിലവാരമുള്ള ആകെ 155 റസ്റ്റ് ഹൗസുകളാണ് പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ളത്. ഈ റസ്റ്റ് ഹൗസുകളുടെ സൗകര്യങ്ങളും നിലവാരവും കൂടുതൽ വർധിപ്പിക്കാനും അവ പൊതുജനങ്ങൾക്ക് കൂടുതൽ ആകർഷകമാക്കാനുമായി പൊതുമരാമത്ത് വകുപ്പ് ഇവയുടെ നവീകരണം ഇപ്പോൾ നടത്തിവരുന്നു. ■

**ഓൺലൈൻ ബുക്കിങ്ങിനായി;**
**https://resthouse.pwd.kerala.gov.in/index**
**ഓൺലൈൻ റസ്റ്റ് ഹൗസ് റിസർവേഷൻ പ്രശ്നങ്ങളുമായി ബന്ധപ്പെട്ട വിഷയങ്ങൾ/ പരാതികൾ, അടിയന്തര പരിഹാരം എന്നിവയ്ക്ക്**
**ബന്ധപ്പെടുക;**
**0471-2996946 0471-2997946 0471-2998946**





# സൂപ്പർഹിറ്റാണ് ആക്കുളം

## ഏഴുമാസത്തിനിടെ രണ്ടുലക്ഷം സന്ദർശകർ, വരുമാനം1.6 കോടി

ആധുനിക റൈഡുകളും മെച്ചപ്പെട്ട അടിസ്ഥാന സൗകര്യവും ഒരുക്കിയതോടെ സഞ്ചാരികളുടെ ഇഷ്ടകേന്ദ്രമായി മാറി ആക്കുളം ടൂറിസ്റ്റ് വില്ലേജ്. കഴിഞ്ഞ നവംബർ 27 ന് വിനോദസഞ്ചാര വകുപ്പ് മന്ത്രി പി.എ മുഹമ്മദ് റിയാസ് ഉദ്ഘാടനം ചെയ്ത പാർക്കിലേക്ക് ഇതുവരെ ഒഴുകിയെത്തിയത് രണ്ടു ലക്ഷത്തോളം സഞ്ചാരികളാണ്. ഏഴുമാസത്തിനിടെ 1.6 കോടി രൂപയുടെ റെക്കോഡ് വരുമാനവും ലഭിച്ചു.

കുടുംബമായും സുഹൃത്തുക്കൾക്കൊപ്പവുമെത്തുന്ന വിനോദസഞ്ചാരികൾക്ക് സുരക്ഷിതമായി സാഹസിക വിനോദങ്ങളിൽ ഏർപ്പെടാൻ സാധിക്കുമെന്നതാണ് ആക്കുളം ടൂറിസ്റ്റ് വില്ലേജിന്റെ പ്രധാന ആകർഷണം. തിരുവനന്തപുരം ജില്ലയിലെ ആദ്യ സിപ്പ് ലൈൻ, ആകാശ സൈക്കിൾ, ക്വാഡ് ബൈക്കിങ്ങ്, അമ്പെയ്ത്ത്, ഫിഷ് സ്പാ, എ.ആർ – വി. ആർ സാങ്കേതിക വിദ്യയിൽ പ്രവർത്തിക്കുന്ന ഗെയിംസോൺ, കേരളത്തിലെ ആദ്യത്തെ മ്യൂസിക്കൽ – ഫയർ ഫൗണ്ടയ്ൻ ഷോ, പെഡൽ ബോട്ട് സവാരി, ബാംബൂ ലാഡർ, ബലൂൺ കാസിൽ, കുട്ടികൾക്കുള്ള ബാറ്ററി കാറുകൾ തുടങ്ങി 33 തരം വിനോദങ്ങളാണ് ഇവിടെ ഒരുക്കിയിരിക്കുന്നത്. കേരളത്തിലെ ഏക എയർഫോഴ്സ് മ്യൂസിയവും കോക്പിറ്റിന്റെ ചലിക്കുന്ന മാതൃകയും ഇവിടെയുണ്ട്. തിരുവനന്തപുരം ജില്ലയിലെ ആദ്യ സാഹസിക വിനോദ പാർക്കാണിത്. എല്ലാ സുരക്ഷാ മാനദണ്ഡങ്ങളും പാലിച്ചാണ് പാർക്ക് പ്രവർത്തിക്കുന്നത്.

പബ്ലിക് പാർക്കുകളിൽ സ്ഥാപിക്കുന്ന ആദ്യ ഗ്ലാസ് ബ്രിഡ്ജ്, പെറ്റ്സ് പാർക്ക്, ഹൊറർ ഹൗസ് തുടങ്ങി നിരവധി പുതിയ പദ്ധതികളാണ് ആക്കുളത്ത് ഒരുങ്ങുന്നത്.

മലബാർ സ്കെച്ചുകൾ

# കോഴിക്കോടൻ ഹൃദയതാളം

ഒരാൾക്ക് നാട് ഹൃദയത്തിന്റെ ഉള്ളറകളിൽ പണിത ഒരു സുന്ദരഭവനം ആയിരിക്കും. ലോകത്തിന്റെ ഏത് സ്ഥലത്ത് പോയാലും ചോർന്നൊലിക്കുന്ന കൂരയിൽ ഇടിയും മഴയും കാറ്റുമുള്ള രാത്രികളിൽ അമ്മമാർ പുറത്തുപോയ മക്കളെ വീട്ടിലേക്ക് വരാൻ മനംനൊന്ത് വിളിക്കുന്നതുപോലെ കോഴിക്കോട് എന്നെ സ്വന്തം വീട്ടിലേക്കെന്നപോലെ വിളിച്ചു കൊണ്ടേയിരിക്കും. ഇവിടെനിന്ന് മിഠായിത്തെരുവിലൂടെ നടന്നു മഹാരാജാസ് ഹോട്ടലിൽ നിന്ന് ഒരു ചായയും കഴിച്ചാൽ സ്വന്തം വീട്ടിലെത്തി അമ്മയുടെ കൈയിൽ നിന്ന് ഒരു ചായ വാങ്ങിക്കുടിച്ച അനുഭവമാണ്



എഴുത്തും വരയും:
**സുനിൽ അശോകപുരം**


**പഴമയും പുതുമയും ഇടകലരുന്ന കോഴിക്കോട് നഗരത്തിലൂടെ ഒരു സാംസ്കാരികസഞ്ചാരം**

## മാനാഞ്ചിറയും മധുരത്തെരുവും

എന്റെ സ്ഥലമായ അശോകപുരത്തുനിന്ന് ഒന്നിച്ച് പഠിച്ച് വളർന്ന കൂട്ടുകാരായ കുറച്ചുപേർ എന്നും വൈകുന്നേരം നഗരത്തിലേക്ക് നടക്കാൻ പോകുന്നത് പതിവായിരുന്നു. മാനാഞ്ചിറയ്ക്കടുത്തുള്ള അൻസാരി പാർക്കിലേക്കാണ് ആദ്യം. പാർക്കിനു മുകളിൽ അന്തരീക്ഷത്തിൽ നിറഞ്ഞു നിൽക്കുന്ന ബീഡിപ്പുകയാണ് അവിടേക്കെത്തുന്നവരെ സ്വീകരിക്കുന്നത്. ഓരോ മരത്തിന് ചുവട്ടിലും പുൽമേടുകളിൽ ഇരുന്ന് അന്നത്തെ ക്ഷുഭിതയൗവനങ്ങൾ തലപുകയ്ക്കുന്നതാണ് അന്തരീക്ഷത്തിൽ നിറഞ്ഞുനിൽക്കുന്നത്.


പുറത്തെ സിമന്റ് ബെഞ്ചിൽ പലപ്പോഴായി നമ്പൂതിരിയേയും തിക്കോടിയനേയും നിലമ്പൂർ ബാലേട്ടനേയും കെ.എ കൊടുങ്ങല്ലൂരിനേയും കാണാം. അവർ ടൗൺഹാളിലേക്കുള്ള യാത്രയ്ക്കിടയ്ക്കുള്ള കൂടിക്കാഴ്ചയിലായിരിക്കും. അങ്ങിനെ നടന്ന് മാനാഞ്ചിറമൈതാനവും കടന്ന് മിഠായിത്തെരുവിലേക്ക്. അന്നവിടെ എസ്.കെയുടെ പ്രതിമയും ദേശത്തിന്റെ കഥയുടെ മ്യൂറൽ റിലീഫ് മൊന്നുമുണ്ടായിരുന്നില്ല. തിരക്കിനിടയിലെ അലസമായ യാത്രയാണ് ആസ്വാദ്യകരം. പ്രമുഖ എഴുത്തുകാരെയും നാടകക്കാരെയും വിപ്ലവകാരികളെയും അന്നത്തെ ബുദ്ധിജീവികളെയും കണ്ടുമുട്ടും.





## കല്ലായിയുടെ താളം

മിഠായിത്തെരുവും കഴിഞ്ഞ് കല്ലായ് റോഡിലൂടെ പാലം വരെയാണ് പിന്നീടുള്ള നടത്തം. മരക്കച്ചവടത്തിന്റെ കേന്ദ്രമായ കല്ലായിപ്പുഴ നിറയെ ദൂരെദിക്കിൽ നിന്നും മുറിച്ചുകൊണ്ട് വരുന്ന ഈട്ടിയും തേക്കും മരുതും പ്ലാവും ചങ്ങാടത്തിൽ കെട്ടി പുഴയിലൂടെ തുഴഞ്ഞുവരുന്ന കാഴ്ച മനോഹരമാണ്. പുഴയിലും പുഴയുടെ തീരത്തും നിറയെ ഇങ്ങനെ കൊണ്ടുവരുന്ന മരങ്ങളാവും. ഉപ്പുവെള്ളത്തിൽ കുറെയങ്ങനെ കിടക്കും മരത്തടികൾ. പിന്നീടാണ് അവ പണിത്തരങ്ങളായ് മില്ലിൽനിന്നും മുറിച്ചുമാറ്റുന്നത്. മില്ലിലും പുറത്തുമായി അനേകംപേരുടെ ഉപജീവനമാണ് കല്ലായി മരക്കച്ചവടകേന്ദ്രം. ലോകത്തിന്റെ വിവിധ ഭാഗങ്ങളിലേക്ക് ഇവിടെ നിന്നും നമ്മുടെ തേക്കും ഈട്ടിയും കടൽകടന്നുപോയിരുന്ന ഒരു കാലമുണ്ടായിരുന്നു. അതുപോലെയാണ് ബേപ്പൂരിലെ ഉരു നിർമാണകേന്ദ്രവും. പുറം രാജ്യങ്ങളിലും നമ്മുടെ നാടിന്റെ ഉൽപന്നങ്ങൾ കയറ്റി അയയ്ക്കാൻ ഉരുവായിരുന്നു ഒരു കാലത്തെ ആശ്രയം.
കല്ലായിപ്പുഴയുടെ മുകളിലൂടെ റെയിൽപ്പാളം വഴി കൂകിപ്പായുന്ന തീവണ്ടിയുടെ ചടപടാ ശബ്ദവും മില്ലിൽ നിന്നും മരം ഈർച്ചയ്ക്കു വയ്ക്കുമ്പോൾ ഉണ്ടാകുന്ന ഈർച്ചവാളും മരവും തമ്മിൽ കൂടിക്കലർന്നുണ്ടാവുന്ന ശബ്ദവും കൂടിയാവുമ്പോൾ അതൊരുതരം ആഫ്രിക്കൻ വാദ്യഘോഷമായി മാറും.





# വലിയങ്ങാടിയിലെ മെഹ്ഫിലുകൾ

തിരിച്ച് വലിയങ്ങാടിയുടെ തിരക്കൊഴിഞ്ഞ റോഡിലൂടെ സന്ധ്യ മയങ്ങിയ നേരം നടന്നുപോകുമ്പോൾ തട്ടിൻപുറത്തുനിന്ന് ഉസ്മാൻ ഭായിയുടെ തബലയ്ക്കൊപ്പം ബാബുരാജിന്റെ ഹാർമോണിയത്തിൽ നിന്നും വരുന്ന ഈണവും ബാബുരാജിന്റെ മനോഹരശബ്ദവും ചേർന്ന് ഒഴുകി വരും. ''എങ്കിലുമെന്നോമലാൾക്ക് താമസിക്കാൻ എൻ കരളിൽ തങ്കക്കിനാവ് കൊണ്ടൊരു താജ്മഹൽ ഞാൻ പണിയാം....''


മുമ്പോട്ട് നടക്കുമ്പോൾ മറ്റൊരു തട്ടിൻപുറത്ത് നിന്ന് റാന്തൽ വെളിച്ചത്തിൽ അത്രയും വിഷാദ രാഗത്തിൽ ''ഞാൻ പാടാൻ ഓർത്തൊരു മധുരിത ഗാനം പാടിയതില്ലല്ലോ''എന്ന വിഷാദഭാവത്തിൽ ശ്രുതിസാന്ദ്രമായി ഒഴുകിവരുന്നതായി അനുഭവപ്പെടാറുണ്ട്. പറഞ്ഞുകേട്ടും വായിച്ചും അറിഞ്ഞ മനസ്സിൽ പതിഞ്ഞുപോയതുകൊണ്ടാവും ആ അനുഭവത്തിനായി മാത്രം തിരക്കൊഴിഞ്ഞ രാത്രിസമയങ്ങളിൽ വലിയങ്ങാടിയുടെ നിശ്ശബ്ദമാക്കപ്പെട്ട തെരുവിലൂടെ നിർത്തിയിട്ട ട്രോളിവണ്ടികളുടെയും ലോറികളുടെയും തെരുവ് പട്ടികളുടെയും നിശാസുന്ദരിമാരുടെയും ഇടയിലൂടെ ഞാൻ നടന്നുപോകാറുണ്ട്.

## ബീച്ചിലെ അലസനിശകൾ

ഗുജറാത്തി സ്ട്രീറ്റും സിൽക്ക് സ്ട്രീറ്റും കടന്നു പൗരാണിക കെട്ടിടമായ കോർപ്പറേഷനോഫീസും കടന്ന് ബീച്ചിലേക്ക് എത്തുമ്പോൾ രാത്രി എട്ടുമണിയൊക്കെ ആവും. തിരക്കൊഴിഞ്ഞുകൊണ്ടിരിക്കുന്ന കടപ്പുറത്ത് കടൽപ്പാലത്തിൽ തലതല്ലി തിരിച്ചുപോകുന്ന തിരമാലകളുടെ ശബ്ദമാസ്വദിച്ച് ഇരുൾമൂടിയ ആകാശത്ത് നക്ഷത്രങ്ങളെ നോക്കികിടക്കും ഞങ്ങൾ. മുന്നിൽ ആകാശവാണിയുടെ ഓഫീസ്. അവിടെ ഗേറ്റിനടുത്ത് ഉറൂബും എൻ.എൻ. കക്കാടും കെ.ടി മുഹമ്മദും ഒന്നിച്ച് സംസാരിച്ചു നിൽക്കുന്നതായി തോന്നും. ആകാശവാണിയുടെ പഴയ പ്രൗഢിയെ കുറിച്ച് വായിച്ചറിഞ്ഞതും കേട്ടതുമായ അറിവുവച്ച് ഖാൻ കാവിലും മറ്റനേകം പ്രതിഭകളും മനസ്സിലൂടെ തെന്നിമറിയും.

ബീച്ചിൽ നിന്നും മടങ്ങി വീണ്ടും മിഠായിത്തെരുവിൽ പഴയ മഹാരാജാസ് ഹോട്ടലിന്റെ മുകളിൽകയറി ഒരു ചായ കഴിക്കൽ പതിവായിരുന്നു. കോഴിക്കോടൻ ബുദ്ധിജീവികളും പഴയ നക്സലൈറ്റുകളും മറ്റും ഒത്തുകൂടുന്ന ഇടമായിരുന്നു മഹാരാജാസ്. അവിടെ മിഠായിത്തെരുവിലൂടെ നടന്നുപോകുന്ന മനുഷ്യരെയും കണ്ട് എത്രനേരം ഇരുന്നാലും ആരും ഒന്നുംപറയില്ല.

ഇന്നും എവിടെപ്പോയാലും മിഠായിത്തെരുവും കോഴിക്കോട് ബീച്ചും വലിയങ്ങാടിയും കല്ലായിപ്പുഴയും എന്നെ അവിടേക്ക് വിളിച്ചുകൊണ്ടേയിരിക്കും. ■





# പ്രതീക്ഷയുടെ 10 പദ്ധതികൾ

**കേരളത്തിലെ വിനോദസഞ്ചാരമേഖലയെ കൂടുതൽ ഉത്തരവാദിത്വപൂർണ്ണവും ആകർഷകവുമാക്കാൻ വിഭാവനം ചെയ്തിരിക്കുന്ന, പ്രതീക്ഷ പകരുന്ന പത്ത് പദ്ധതികൾ ഇതാ..**



മറവൻ തുരുത്ത്

# സ്ട്രീറ്റ് ടൂറിസം പദ്ധതി തിരക്കേറിയ പ്രദേശങ്ങൾക്കപ്പുറം..

ഐക്യരാഷ്ട്രസഭയുടെ ലോക ടൂറിസം ഓർഗനൈസേഷന്റെ പുതിയ ടൂറിസം ആപ്തവാക്യമായ 'സമഗ്ര വളർച്ചയ്ക്കായി ടൂറിസം' തത്വങ്ങളെ അടിസ്ഥാനമാക്കി കേരളത്തിലുടനീളം തിരഞ്ഞെടുത്ത 10 സ്ഥലങ്ങളിൽ പങ്കാളിത്തവും സമഗ്രവുമായ വളർച്ച പ്രോത്സാഹിപ്പിക്കുക എന്ന പ്രാഥമികലക്ഷ്യത്തോടെ ആവിഷ്കരിച്ച നൂതന ടൂറിസം വികസനപദ്ധതിയാണ് STREET (സ്ട്രീറ്റ്).

സസ്റ്റൈനബിൾ, ടാൻജിബിൾ, റെസ്പോൺസിബിൾ, എക്സ്പീരിയൻഷ്യൽ, എത്നിക്, ടൂറിസം ഹബ്സ് എന്നതിന്റെ ചുരുക്കെഴുത്താണ് സ്ട്രീറ്റ്. സുസ്ഥിരവും ഉത്തരവാദിത്വപൂർണ്ണവുമായ വിനോദസഞ്ചാരത്തിന് പ്രാധാന്യം നൽകുന്നതും വ്യക്തമായി കണ്ടറിയാനാവുന്നതും അനുഭവവേദ്യത ഉറപ്പാക്കുന്നതും പരമ്പരാഗത ജീവിതരീതികൾക്കും പ്രാധാന്യം നൽകുന്നതുമായ ടൂറിസംകേന്ദ്രങ്ങളാണ് ഇതുവഴി രൂപം കൊള്ളുക.

പ്രാദേശിക ജനങ്ങളുടെയും തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെയും പിന്തുണയോടെ ടൂറിസ്റ്റ് ഡെസ്റ്റിനേഷനുകളെ 'തീമാറ്റിക്' തെരുവുകളായി വികസിപ്പിക്കുന്നതിന് പദ്ധതി ലക്ഷ്യമിടുന്നു. ഇതിലൂടെ തിരക്കേറിയ പ്രദേശങ്ങൾക്കപ്പുറത്തേക്ക് ടൂറിസം പ്രവർത്തനങ്ങൾ വ്യാപിപ്പിക്കുവാൻ കഴിയുന്നു.

## മൂന്ന് വിഭാഗത്തിൽപ്പെടുന്ന വിനോദസഞ്ചാരകേന്ദ്രങ്ങളാണ് ഇതുവഴി രൂപപ്പെടുത്തുക.

1. നാളിതുവരെ വിനോദസഞ്ചാര പ്രവർത്തനങ്ങൾ ആരംഭിക്കാത്തതും എന്നാൽ ഭാവിയിലേക്ക് ഉയർത്തിക്കൊണ്ടുവരാവുന്നതുമായ ടൂറിസം കേന്ദ്രങ്ങൾ.
2. അന്താരാഷ്ട്ര ടൂറിസം കേന്ദ്രങ്ങളുടെ സാമീപ്യമുള്ളതും എന്നാൽ ടൂറിസ്റ്റുകൾക്ക് നവ്യാനുഭവങ്ങൾ സമ്മാനിക്കാനും താമസകാല യളവ് ദീർഘിപ്പിക്കുവാനും ഉതകുന്ന പ്രദേശങ്ങൾ.
3. നിലവിൽ ചെറിയതോതിൽ ടൂറിസം പ്രവർത്തനങ്ങൾ നടന്നുവരുന്നതും മികച്ച വിനോദസഞ്ചാരകേന്ദ്രങ്ങളായി മാറ്റാൻ കഴിയുന്നതുമായ പ്രദേശങ്ങൾ.

ഓരോ പദ്ധതി പ്രദേശത്തും സാധ്യതക്കനുസരിച്ച് ഗ്രീൻ സ്ട്രീറ്റ്, കൾച്ചറൽ സ്ട്രീറ്റ്, എത്നിക് ക്യുസീൻ / ഫുഡ്സ്ട്രീറ്റ്, ഗ്രാമജീവിത പരിചയം/ എക്സ്പീരിയൻഷ്യൽ ടൂറിസം സ്ട്രീറ്റ്, അഗ്രിടൂറിസം സ്ട്രീറ്റ്, വാട്ടർ സ്ട്രീറ്റ്, ആർട്ട് സ്ട്രീറ്റ് എന്നിങ്ങനെ വിവിധ സ്ട്രീറ്റുകൾ നിലവിൽവരും. കുറഞ്ഞത് മൂന്ന് സ്ട്രീറ്റുകളെങ്കിലും പദ്ധതിയുടെ ഭാഗമായി ഓരോ പദ്ധതിപ്രദേശത്തും നടപ്പാക്കപ്പെടും. പൂർണ്ണമായി പൊതു–സ്വകാര്യ പങ്കാളിത്തത്തിൽ നടപ്പാക്കാൻ വിഭാവനം ചെയ്യുന്ന ഈ പദ്ധതി തദ്ദേശസ്വയം ഭരണസ്ഥാപനങ്ങൾക്കും തദ്ദേശവാസികൾക്കും വിനോദസഞ്ചാരപ്രക്രിയയിൽ മുഖ്യപങ്ക് വഹിക്കാനാവും വിധമാണ് നടപ്പാക്കുക. ആദ്യഘട്ടത്തിൽ കോഴിക്കോട് ജില്ലയിലെ കടലുണ്ടി, പാലക്കാട് ജില്ലയിലെ തൃത്താല, പട്ടിത്തറ, കണ്ണൂർ ജില്ലയിലെ പിണറായി, അഞ്ചരക്കണ്ടി, കോട്ടയം ജില്ലയിലെ മറവൻതുരുത്ത്, മാഞ്ചിറ, കാസർകോഡ് ജില്ലയിലെ വലിയപറമ്പ, ഇടുക്കി ജില്ലയിലെ കാന്തല്ലൂർ, വയനാട് ജില്ലയിലെ ചേകാടി എന്നിങ്ങനെ 10 പ്രദേശങ്ങളിലാണ് നടപ്പാക്കുന്നത്. പദ്ധതിയുടെ ഭാഗമായി വിനോദസഞ്ചാരമേഖലയുമായി ബന്ധപ്പെടുത്താനുതകുന്ന 1000 തദ്ദേശീയ യൂണിറ്റുകൾ രൂപവൽക്കരിക്കാനും ലക്ഷ്യമിടുന്നു.

# അഗ്രിടൂറിസം നെറ്റ്‌വർക്ക്

## കാർഷിക സംസ്കൃതിയെ അറിയാൻ

ആഗോളതലത്തിൽ ശ്രദ്ധിക്കപ്പെട്ട സംസ്ഥാനത്തിന്റെ ഉത്തരവാദിത്ത ടൂറിസം പദ്ധതിയുടെ പ്രധാന സംരംഭമാണ് കേരള അഗ്രിടൂറിസം നെറ്റ്‌വർക്ക്.

കാർഷികമേഖലയെ വിനോദസഞ്ചാരവുമായി ബന്ധിപ്പിച്ച് കാർഷികസമൂഹത്തിന് സാമ്പത്തികനേട്ടം ഉറപ്പാക്കുന്നതിനായി ഫാം ടൂറിസം പ്രവർത്തനങ്ങളെ കൂടുതൽ ജനകീയമാക്കുന്നതിനും ഫാം ടൂറിസത്തിലേക്ക് കൂടുതൽ ആളുകളെ പങ്കാളികളാക്കുന്നതിനുമായി





ഉത്തരവാദിത്ത ടൂറിസം മിഷന്റെ കീഴിൽ ' കേരള അഗ്രിടൂറിസം നെറ്റ്‌വർക്ക് 2021 സെപ്റ്റംബറിലാണ് ആരംഭിച്ചത്. പരിസ്ഥിതിസൗഹൃദ നടപടികൾ സ്വീകരിച്ച് ടൂറിസവും കാർഷിക പ്രവർത്തനങ്ങളും സംയോജിപ്പിക്കുന്നതിനാണ് അഗ്രിടൂറിസം നെറ്റ്‌വർക്ക് ലക്ഷ്യമിടുന്നത്. രാജ്യാന്തര വിനോദസഞ്ചാരി കൾക്കും പുതുതലമുറയ്ക്കും കേരളത്തിന്റെ കാർഷികസംസ്കാരത്തെ പരിചയപ്പെടുത്താനും ഈ സംരംഭം സഹായിക്കും.

### അഞ്ച് വിഭാഗങ്ങളിലായാണ് യൂണിറ്റുകൾ രജിസ്റ്റർ ചെയ്യുന്നത്.

കാറ്റഗറി 1- പുരയിടത്തിലെ കൃഷി - 25 സെന്റ്‌വരെ (ടെറസ് ഗാർഡനുകൾ ഉൾപ്പെടെ) - കാർഷിക ഉൽപന്നങ്ങളുടെ വിൽപനശൃംഖലയിൽ ഉൾപ്പെടുത്തും)

കാറ്റഗറി 2- ഫാം വിസിറ്റ് യൂണിറ്റുകൾ- 25 സെന്റ് മുതൽ ഒരു ഏക്കർ വരെ

## സ്ത്രീസൗഹൃദടൂറിസം

### ഓരോ യാത്രയും സുഗമം, സുരക്ഷിതം

എല്ലാ വിനോദസഞ്ചാരപ്രവർത്തനങ്ങളിലും സ്ത്രീകളുടെ പങ്കാളിത്തം പ്രോത്സാഹിപ്പിക്കുന്നതിനും കൂടുതൽ വനിതാവിനോദസഞ്ചാരികളെ സംസ്ഥാനത്തേക്ക് ആകർഷിക്കുന്നതിനുമായി ആരംഭിച്ച 'സ്ത്രീ സൗഹൃദടൂറിസം' പദ്ധതിയിലൂടെ കേരളം പൂർണമായും ഒരു സ്ത്രീസൗഹൃദ ടൂറിസം കേന്ദ്രമായി മാറുകയാണ്. രാജ്യത്തെ തന്നെ ഇത്തരത്തിലുള്ള ആദ്യസംരംഭമാണ്. വിനോദസഞ്ചാരമേഖലയിൽ സ്ത്രീകൾക്ക് പ്രധാന പങ്കാളിത്തം വിഭാവനം ചെയ്യുന്ന യു.എൻ വിമൻ 'ജെൻഡർ ഇൻക്ലൂസീവ് ടൂറിസം' എന്ന ആശയത്തിന് അനുസൃതമായാണ് സംസ്ഥാനം സ്ത്രീസൗഹൃദ ടൂറിസം പദ്ധതി ആവിഷ്കരിച്ചത്.

റെസ്പോൺസിബിൾ ടൂറിസം മിഷനിലൂടെ നടപ്പിലാക്കുന്ന ഈ പദ്ധതി പ്രകാരം ഭക്ഷണം, താമസം, ഗതാഗതം, കമ്മ്യൂണിറ്റി ഗൈഡുകൾ എന്നിവ ഉൾപ്പെടുന്ന ടൂർ പാക്കേജുകൾ പൂർണ്ണമായും സ്ത്രീകൾ നിയന്ത്രിക്കുകയും പ്രവർത്തിപ്പിക്കുകയും ചെയ്യുന്നു.

രാജ്യത്ത് ആദ്യമായി സ്ത്രീസൗഹൃദ ടൂറിസം മൊബൈൽ ആപ്പും തയ്യാറാവുകയാണ്. ജനപ്രിയ ടൂറിസം കേന്ദ്രങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ അവതരിപ്പിക്കുന്നതിനു പുറമേ, സ്ത്രീ സൗഹൃദ ടൂറിസം ഉൽപന്നങ്ങളും പാക്കേജുകളും, റിസോർട്ടുകൾ, ഹോട്ടലുകൾ, സ്ത്രീകൾ നയിക്കുന്ന സംരംഭങ്ങൾ, അംഗീകൃത ടൂർ ഓപ്പറേറ്റർമാർ, വനിതാ ടൂർ ഓപ്പറേറ്റർമാർ, ട്രാവൽ ഏജൻസികൾ, ഹോംസ്റ്റേകൾ എന്നിവയുടെ വിശദവിവരങ്ങൾ ആപ്പിൽ ലഭ്യമാണ്. കേരളത്തിന്റെ ഉത്സവങ്ങൾ, അനുഭവപാഠങ്ങൾ, സാഹസിക പാക്കേജുകൾ എന്നിവയും ആപ്പിലൂടെ സഞ്ചാരികൾക്ക് അറിയാം.



ബിനാലെ കാഴ്ച

# കൊച്ചി മുസിരിസ് ബിനാലെ

## ലോകം കാണുന്ന കലാമേള

കേരളത്തെ ലോകത്തിനു മുന്നിൽ അതിന്റെ സാകല്യത്തിൽ കൊച്ചിയുടെ മാസ്മരിക മനോഹാരിതയുടെ പശ്ചാത്തലത്തിൽ പ്രതിഫലിപ്പിക്കുന്ന സമകാലീന കലാമേളയായി കൊച്ചി മുസിരിസ് ബിനാലെ മാറിക്കഴിഞ്ഞു. ലോകത്തിലെതന്നെ ഏറ്റവും മികച്ചതെന്ന് സമകാലിക കലാവിദഗ്ധർ വിലയിരുത്തിയ കൊച്ചി മുസിരിസ് ബിനാലെയുടെ അഞ്ചാം പതിപ്പ് ലോകത്തിന്റെ നാനാ ഭാഗത്തു നിന്നുമായി ഒൻപത് ലക്ഷത്തിലേറെ ആളുകൾ സന്ദർശിച്ചതായി കണക്കാക്കപ്പെടുന്നു. കേരളത്തിന്റെ വിനോദസഞ്ചാര ഭൂപടത്തിലും ബിനാലെ ഇടംനേടിക്കഴിഞ്ഞു.

ഏഴുകോടി രൂപയാണ് ബിനാലെയ്ക്കുവേണ്ടി സർക്കാർ വകകൊള്ളിച്ചത്. ഈ മഹത്തായ സാംസ്കാരിക സംരംഭത്തിന് ടൂറിസം വകുപ്പാണ് ധനസഹായം നൽകുന്നത്. സംസ്ഥാനത്തിനു മാത്രമല്ല രാജ്യത്തിനുതന്നെ സാമ്പത്തികമായി പ്രയോജനകരമാണ് കൊച്ചി മുസിരിസ് ബിനാലെയെന്ന് കൊച്ചി മുസിരിസ് ബിനാലെ ഫൗണ്ടേഷൻ പ്രസിഡന്റ് ബോസ് കൃഷ്ണമാചാരി ചൂണ്ടിക്കാണിക്കുന്നു.

ചെറിയ കടകൾ തൊട്ട് വൻകിട ഹോട്ടലുകൾക്കുവരെ ബിനാലെ നേട്ടമുണ്ടാക്കുന്നുണ്ട്. ഏറ്റവുമധികം സ്വകാര്യ ജെറ്റ് വിമാനങ്ങൾ ബിനാലെക്കാലത്ത് കൊച്ചിയിലെത്തുന്നു. സമൂഹത്തിന്റെ താഴെത്തട്ടിലുള്ളവർതൊട്ട് അതിസമ്പന്നർക്കു വരെ വിവേചനരഹിതമായ പങ്കാളിത്തമുണ്ട് ബിനാലെ പദ്ധതിയിൽ. ടൂറിസത്തിന് വളരെ പ്രധാനപ്പെട്ട നേട്ടമാണിതിലൂടെ കൈവരുന്നത്. ഒറ്റമുറിപോലും താമസത്തിനായി കിട്ടാനില്ല എന്നതാണ് നില.

'നമ്മുടെ സിരകളിൽ ഒഴുകുന്ന മഷിയും തീയും' എന്ന പ്രമേയത്തിലൂന്നി ഇന്ത്യൻ വംശജയായ സിംഗപ്പൂരിയൻ ആർട്ടിസ്റ്റ് ക്യൂറേറ്റ് ചെയ്ത ബിനാലെയുടെ അഞ്ചാം പതിപ്പ് 2023 ഏപ്രിലിലാണ് സമാപിച്ചത്.

ഈ മഹത്തായ സാംസ്കാരിക സംരംഭത്തിന് ടൂറിസം വകുപ്പാണ് ധനസഹായം നൽകുന്നത്

16 വേദികളിലായി 4.5 ചതുരശ്രകിലോമീറ്റർ പ്രദേശത്താണ് 120 ദിവസങ്ങളിലായി ജനകീയാഘോഷം തീർത്തത്. 40 രാജ്യങ്ങളിൽനിന്നുള്ള 88 സമകാലീന ആർട്ടിസ്റ്റുകളുടെ അവതരണങ്ങൾ പുതുസംവേദനവും അവബോധവും സൗന്ദര്യാത്മകതയും പ്രകാശിപ്പിച്ചു.

# ഡെസ്റ്റിനേഷൻ ചലഞ്ച്

## ഓരോ നാട്ടിലും കാഴ്ചയിടം

സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപന ങ്ങളുമായി ചേർന്നുകൊണ്ട് ഒരു തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ ഒന്നിലധികം വിനോദസഞ്ചാര കേന്ദ്രങ്ങൾ എന്ന ലക്ഷ്യത്തോടെ ആവിഷ്കരിച്ച പദ്ധതിയാണ് ഡെസ്റ്റിനേഷൻ ചലഞ്ച്. പുറംലോകം അധികം അറിഞ്ഞിട്ടില്ലാത്ത പ്രദേശങ്ങളെ അതിന്റെ സവിശേഷതകൾക്കനുസരിച്ച് വികസിപ്പിച്ചാൽ അവിടെയുള്ള ജനങ്ങൾക്ക് തൊഴിലും ആ നാടിന് തന്നെ വരുമാനവുമാകും എന്ന ലക്ഷ്യം അടിസ്ഥാന മാക്കിയാണ് പദ്ധതി.

ഒരു തദ്ദേശസ്ഥാപന പരിധിയിലെ വിനോദസഞ്ചാര കേന്ദ്രം കണ്ടെത്തി അത് വികസിപ്പിക്കാനുള്ള പദ്ധതി തയ്യാറാക്കി ടൂറിസം വകുപ്പിന് സമർപ്പിക്കുകയാണ് ചെയ്യേണ്ടത്. ടൂറിസം വകുപ്പ് അത് പരിശോധിച്ച് പദ്ധതിയുടെ 60 ശതമാനം തുക നൽകും. ബാക്കി തുക തദ്ദേശസ്ഥാപനം കണ്ടെത്തണം. അവരുടെ തനത് ഫണ്ടിൽ നിന്നോ സ്പോൺസർഷിപ്പ് വഴിയോ പഞ്ചായത്തിന് തുക കണ്ടെത്താവുന്നതാണ്. ഇപ്പോൾ ഈ പദ്ധതിയിൽ എം.എൽ.എ ഫണ്ട് വിനിയോഗിക്കാനും അനുമതിയായിട്ടുണ്ട്. 2022 ജൂൺ 28 നു ആരംഭിച്ച ഡെസ്റ്റിനേഷൻ ചലഞ്ച് മുഖേന ഇതുവരെ 34 പദ്ധതികൾക്ക് അനുമതി നൽകി. ഇതുപോലെ നൂറ് പുതിയ വിനോദസഞ്ചാര കേന്ദ്രങ്ങൾ ആരംഭിക്കാനാണ് പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്.

> ”
> **ഡെസ്റ്റിനേഷൻ ചലഞ്ച് മുഖേന ഇതുവരെ 34 പദ്ധതികൾക്ക് അനുമതി നൽകി**

# കാരവൻ ടൂറിസം

## പുതുപാതകളിൽ കേരളം

കോവിഡിനുശേഷം കേരള ടൂറിസത്തിന്റെ അതിജീവനം സാധ്യമാക്കി ഈ സർക്കാർ ആരംഭിച്ച പദ്ധതിയാണ് കാരവൻ ടൂറിസം. ഹൗസ് ബോട്ടിനു ശേഷം കേരള ടൂറിസം ആരംഭിച്ച ശ്രദ്ധേയസംരംഭം. മികച്ച പ്രതികരണമാണ് കാരവൻ ടൂറിസത്തിനു ലഭിക്കുന്നത്. കോവിഡനന്തരം ഇന്ത്യയിലെത്തിയ വിദേശസഞ്ചാരികൾ കേരളത്തിലെ കാരവൻ നയത്തെക്കുറിച്ച് കേട്ടറിഞ്ഞ് ഇവിടേക്കുവരുന്ന സ്ഥിതിയുണ്ടായി. ജർമ്മനി, സ്വിറ്റ്സർലാൻഡ് എന്നിവിടങ്ങളിൽ നിന്നും 16 കാരവനുകളിലായി 31 സഞ്ചാരികൾ കേരളത്തിലെത്തി യത് ഉദാഹരണം.




ബേക്കൽ


സംവിധായകൻ മണിരത്നവും മന്ത്രി പി.എ.മുഹമ്മദ് റിയാസുമായുള്ള കൂടിക്കാഴ്ചയിൽ

സുരക്ഷിത യാത്ര, അൺ എക്സ്പ്ലോർഡ് ഡെസ്റ്റിനേഷനുകളിലേക്കുള്ള യാത്ര, അടിസ്ഥാന സൗകര്യം ഒരുക്കാൻ കുറഞ്ഞ മൂലധനം തുടങ്ങിയവ കാരവൻ ടൂറിസത്തിന്റെ പ്രത്യേകതകളാണ്. പ്രാദേശികമായ തൊഴിൽസാധ്യതയും കാരവൻ ടൂറിസത്തിലൂടെ ഉയർന്നു. കേരളത്തിലെ ആദ്യത്തെ കാരവൻ പാർക്ക് വാഗമണിലാണ് ആരംഭിച്ചത്. തിരുവനന്തപുരം ജില്ലയിലെ പൊന്മുടിയിലും എറണാകുളം ബോൾഗാട്ടിയിലും കാരവൻ പാർക്കുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുകയാണ്.

**50 സെന്റ് ഭൂമിയാണ് കാരവൻ പാർക്കുകൾക്ക് ആവശ്യമായ ചുരുങ്ങിയ സ്ഥലം. ആദ്യ നൂറ് കാരവൻ അപേക്ഷകർക്ക് 7.5 ലക്ഷം രൂപ അല്ലെങ്കിൽ നിക്ഷേപത്തുകയുടെ 15 ശതമാനം, അടുത്ത നൂറ് പേർക്ക് യഥാക്രമം അഞ്ച് ലക്ഷം, 10 ശതമാനം, അടുത്ത നൂറ് പേർക്ക് 2.5 ലക്ഷം രൂപ അല്ലെങ്കിൽ അഞ്ച് ശതമാനം എന്നിങ്ങനെ സബ്സിഡി വിനോദസഞ്ചാരവകുപ്പ് നല്കുന്നുണ്ട്.**

# സിനിമാ ടൂറിസം

## ഒരു സിനിമാറ്റിക് യാത്ര പോവാം

കാലം എത്ര കഴിഞ്ഞാലും മനസ്സിൽ നിന്നും മാഞ്ഞുപോവാത്ത ചില സിനിമാ ഫ്രെയിമുകളുണ്ട്. നമ്മളെ ഏറെ സ്വാധീനിച്ച ചില സിനിമാരംഗങ്ങൾ. നമ്മുടെ ഇത്തരം സിനിമ ഗൃഹാതുര ഓർമ്മകൾക്ക് നിറം പകരുന്ന പുതിയ പദ്ധതി ആരംഭിക്കാൻ ടൂറിസം വകുപ്പ് ഒരുങ്ങുകയാണ്. കിരീടം സിനിമയിൽ മോഹൻലാലിന്റെ വികാരനിർഭരമായ രംഗങ്ങൾ ചിത്രീകരിച്ച തിരുവനന്തപുരം വെള്ളായണിയിലെ കിരീടം പാലം, ബോംബെ സിനിമയിൽ ഉയിരെ എന്ന ഗാനം ചിത്രീകരിച്ച ബേക്കൽ തുടങ്ങി പ്രശസ്തമായ സിനിമകൾ ചിത്രീകരിച്ച സ്ഥലങ്ങളെ അവയുടെ ഓർമ്മകളിൽ നിലനിർത്തി വിനോദസഞ്ചാരികളെ ആകർഷിക്കുന്ന പദ്ധതിയാണ് സിനിമ ടൂറിസം.

പദ്ധതിയുടെ തുടക്കം കാസർകോട് ബേക്കൽ കോട്ടയിൽ 'ബോംബെ' സംവിധായകൻ മണിരത്നവും സിനിമയിലെ താരങ്ങളും പങ്കെടുക്കുന്ന പ്രത്യേക പരിപാടിയോടെ ആയിരിക്കും. കേരളത്തിന്റെ മനോഹരമായ ഭൂപ്രകൃതി അദ്ദേഹത്തിന്റെ നിരവധി സിനിമകളുടെ പശ്ചാത്തലമാണ്, പ്രത്യേകിച്ച് ഗാനരംഗങ്ങൾക്ക്.

അരവിന്ദ് സ്വാമിയും മനീഷ കൊയ്‌രാളയും മണിരത്നവും എ. ആർ. റഹ്മാനും ഉൾപ്പെടെയുള്ള ബോംബെ സിനിമയുടെ അണിയറ പ്രവർത്തകരെ ഒത്തൊരുമിച്ച് കൊണ്ടുവരാനുള്ള ശ്രമത്തിലാണ് വിനോദസഞ്ചാരവകുപ്പ്.

# മലബാർ റിവർ ഫെസ്റ്റിവൽ

## ആവേശത്തിന്റെ ഓളങ്ങളിൽ പുഴയുത്സവം

സാഹസിക വിനോദസഞ്ചാരത്തിന്റെ ഭാഗമായ മലബാർ റിവർ ഫെസ്റ്റ് എന്നും ദേശീയ അന്തർദേശീയ കയാക്കർമാരുടെ ആകർഷണമായിരുന്നു. സംഘാടനമികവിനാലും ജനപങ്കാളിത്തം കൊണ്ടും മത്സരാർഥികളാലും വൻവിജയമായി 2023 ആഗസ്റ്റ് 4,5,6 തീയതികളിലായി നടന്ന ഒൻപതാമത്തെ ഈ പുഴയുത്സവവും.

ചാലിയാർപ്പുഴയിലും ഇരുവഞ്ഞിപ്പുഴയിലുമായി (കോഴിക്കോട് നിന്ന് ഏകദേശം 35 കിലോമീറ്റർ അകലെ) കയാക്ക് സ്ലലോം, ബോട്ടർ ക്രോസ്, ഡൗൺ റിവർ എന്നീ വിഭാഗങ്ങളിലായിരുന്നു മത്സരങ്ങൾ. അമേരിക്ക, കാനഡ, ഇസ്രായേൽ, ദക്ഷിണാഫ്രിക്ക, യു.കെ എന്നീ വിദേശരാജ്യങ്ങളിൽ നിന്നായി അഞ്ച് അന്തർദേശീയ കയാക്കർമാരും കേരളമുൾപ്പെടെ ഇന്ത്യയുടെ വിവിധഭാഗങ്ങളിൽ നിന്നായി നൂറിൽപരം കയാക്കർമാരും മത്സരത്തിൽ പങ്കെടുത്തു.

കേരള ടൂറിസത്തിന്റെ ആഭിമുഖ്യത്തിൽ കേരള അഡ്വഞ്ചർ ടൂറിസം പ്രൊമോഷൻ സൊസൈറ്റി, ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിൽ, കോഴിക്കോട് ജില്ലാ പഞ്ചായത്തും ചേർന്ന് ഇന്ത്യൻ കയാക്കിങ്ങ് ആൻഡ് കനോയിങ്ങ് അസോസിയേഷന്റെ സാങ്കേതിക സഹകരണത്തോടെ ആണ് മലബാർ റിവർ ഫെസ്റ്റിവൽ സംഘടിപ്പിച്ചത്.

ഇത്തവണ ദേശീയ വൈറ്റ് വാട്ടർ കയാക്കിങ്ങ് ചാമ്പ്യൻഷിപ്പ് മലബാർ റിവർ ഫെസ്റ്റിവലിന്റെ ഭാഗമായി സംഘടിപ്പിച്ചു. കയാക്കിങ്ങ് സ്ലലോം കോമ്പറ്റീഷനിൽ എല്ലാ സംസ്ഥാനങ്ങളിൽ നിന്നുമായി തിരഞ്ഞെടുക്കപ്പെട്ട കയാക്കർമാർ ദേശീയ ചാമ്പ്യൻഷിപ്പിൽ പങ്കെടുത്തു. 2024 പാരീസ് ഒളിമ്പിക്സിനുള്ള സെലക്ഷൻ ട്രയൽസിന് ആദ്യമായി കേരളം വേദിയായി.

ഈ വർഷത്തെ മലബാർ റിവർ ഫെസ്റ്റിവലിന്റെ ഭാഗമായി 10 ദിവസം നീണ്ടുനിൽക്കുന്ന പ്രീ ഇവന്റ്സായ ക്രോസ് കൗണ്ടി റേസ്, മഡ് ഫുട്ബോൾ, സൈക്ലിങ്ങ് ടൂർ, മൺസൂൺ നടത്തം, കയാക്കിങ്ങ് ബ്രഷ് സ്ട്രോക്സ്, ഓഫ് റോഡ് എക്സ്പെഡിഷൻ, പട്ടം പറത്തൽ ഉത്സവം എന്നിവ മത്സരങ്ങൾക്ക് മോടി കൂട്ടി.

# സാഹസികടൂറിസം

## ഉയരങ്ങളിൽ പാറിനടക്കാം കടലലകളിൽ പൊങ്ങിയുയരാം

സാഹസികടൂറിസം ഇന്ന് ലോകത്ത് ഏററവും വളർച്ചയുള്ള ടൂറിസം മേഖലയാണ്. കേരളത്തിലും





വാഗമൺ

സാഹസികടൂറിസം മേഖല ഉയർച്ചയുടെ പാതയിലാണ്. ജൈവവൈവിധ്യം കൊണ്ട് സമ്പന്നമായ നമ്മുടെ സംസ്ഥാനം സാഹസികടൂറിസം മേഖലയ്ക്ക് ഏറെ അനുയോജ്യമാണ്. പർവതങ്ങളും കുന്നുകളും ജലാശയങ്ങളും കൊണ്ട് അനുഗ്രഹിക്കപ്പെട്ട കേരളത്തിന്റെ ഭൂപ്രകൃതി സാഹസികവിനോദ ത്തിന് ഏറ്റവും അനുയോജ്യമായതാണ്. 2017 ലെ ടൂറിസം നയത്തിൽ സാഹസികടൂറിസം മേഖലയിലെ സാധ്യതകളെ പരമാവധി ഉപയോഗപ്പെടുത്തുന്നതിന് വേണ്ടിയുള്ള നിർദ്ദേശങ്ങൾ ഉൾക്കൊള്ളിച്ചിരുന്നു.

വിനോദസഞ്ചാരവകുപ്പിന്റെ ഇടപെടലുകളും സ്വകാര്യവ്യകതികളുടെയും സ്ഥാപനങ്ങളുടെയും പങ്കാളിത്തവും സാഹസികടൂറിസത്തെ പുതിയ മാനങ്ങളിലേക്ക് എത്തിച്ചിട്ടുണ്ട്. വരുംവർഷങ്ങളിൽ ഇന്ത്യയുടെ സാഹസികടൂറിസം ഭൂപടത്തിൽ കേരളത്തിന് ഗണ്യമായ സ്ഥാനം വഹിക്കാൻ കഴിയും.

ഇതോടൊപ്പം വിനോദസഞ്ചാരവകുപ്പ് അഡ്വഞ്ചർ ടൂർ ഓപ്പറേറ്റേഴ്സിനായി രജിസ്ട്രേഷൻ സിസ്റ്റവും നടപ്പിലാക്കി. സാഹസിക ടൂറിസം സേഫ്റ്റി ആൻഡ് സെക്യൂരിറ്റി റഗുലേഷൻസിന്റെ മാനദണ്ഡങ്ങൾക്ക നുസരിച്ചായിരിക്കും രജിസ്ട്രേഷൻ നൽകുക.

## രജിസ്ട്രേഷൻ നൽകുന്ന സാഹസിക വിനോദങ്ങൾ

### കരസാഹസിക ടൂറിസം

ട്രക്കിങ്ങ്, ഹൈക്കിങ്ങ്, നാചർവാക്ക്, ബേർഡ്വാച്ചിങ്ങ്, സൈക്ലിങ്ങ് ടൂർസ്, സിപ്പ്‌വൈർസ് ആൻഡ് ഹൈറോപ്പ്സ് കോഴ്സുകൾ, റോക്ക് ക്ലൈമ്പിങ്ങ് ആർട്ടിഫിഷ്യൽ-വാൾ ക്ലൈമ്പിങ്ങ്, അബ്സിലിങ്ങ്, ആൾ ടെറൈൻ വെഹിക്കിൾ(എ.റ്റി.വി) ടൂർസ് ജീപ്പ് സഫാരി, 4X4 ഡ്രൈവിങ്ങ് സഫാരി.

### ജലസാഹസിക ടൂറിസം

വാട്ടർ സ്പോർട്സ് സെന്റർ ജനറൽ, ബോട്ട്സ് ആൻഡ് വാട്ടർസ്പോർട്സ് റൈഡ്സ്, പാരാസെയിലിങ്ങ്, വാട്ടർസ്കീയിങ്ങ് ആൻഡ് പവർബോട്ട് ഫൺ റൈഡ്സ്, ജെറ്റ് സ്കീ/ പെഴ്സണൽ വാട്ടർ ക്രാഫ്റ്റ്, വിൻഡ് സർഫിങ്ങ്, ഡിൻഗി സെയിലിങ്ങ്, കയാക്കിങ്ങ് ആൻഡ് കനോയിങ്ങ്, സ്കൂബാഡൈവിങ്ങ്, വൈററ് വാട്ടർ റാഫ്റ്റിങ്ങ് ആൻഡ് കയാക്കിങ്ങ്, ബാംബൂറാഫ്റ്റിങ്ങ്

### വ്യോമസാഹസിക ടൂറിസം

പാരാഗ്ലൈഡിങ്ങ് ആൻഡ് ഹാങ്ങ് ഗൈഡിങ്ങ്

## മൗണ്ടൻ ടെറൈൻ ബൈക്കിങ്ങ്

മൗണ്ടൻ ബൈക്കിങ്ങ് എന്ന സാഹസികവിനോദത്തിനു ഉതകുന്ന മേഖലകൾ കൊണ്ട് അനുഗ്രഹിക്കപ്പെട്ട കേരളത്തിലെ സാധ്യതകൾ അന്താരാഷ്ട്ര ശ്രദ്ധയിൽ കൊണ്ടുവരുക എന്ന ലക്ഷ്യത്തോടെ വിനോദസഞ്ചാര വകുപ്പിന് വേണ്ടി കേരള അഡ്വഞ്ചർ ടൂറിസം പ്രൊമോഷൻ സൊസൈറ്റി, വയനാട് ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിൽ, സൈക്ലിങ്ങ് ഫെഡറേഷൻ ഓഫ് ഇന്ത്യ, യു.സി.ഐ എന്നിവർ സംയുക്തമായി ചേർന്നാണ് മത്സരം സംഘടിപ്പിക്കുന്നത്. വിദേശീയരും സ്വദേശീയരുമായി മുന്നൂറിൽപ്പരം മത്സരാർഥികൾ ഈ ചാമ്പ്യൻഷിപ്പിൽ പങ്കെടുക്കാറുണ്ട്.

## ചാലിയാർ റിവർ ചലഞ്ച്

ചാലിയാർ പുഴയിൽ കോഴിക്കോട് മുതൽ നിലമ്പൂർ വരെയുള്ള 68 കി.മീ ദൂരം മൂന്ന് ദിവസം കൊണ്ട് പൂർത്തിയാക്കുന്ന കയാക്കിങ്ങ് ഫെസ്റ്റിവൽ ആണ് ചാലിയാർ റിവർ ചലഞ്ച്.

## കയാക്കിങ്ങ് ചാമ്പ്യൻഷിപ്പ്, കണ്ണൂർ

ടൂറിസം വകുപ്പിന്റെ ആഭിമുഖ്യത്തിൽ കണ്ണൂർ ഡി.റ്റി.പി.സി യും കെ.എ.റ്റി.പി.എസും സംയുക്തമായി കണ്ണൂർ ജില്ലയിലെ വളപട്ടണം പുഴയിൽ പറശ്ശിനിക്കടവ് മുതൽ അഴീക്കൽ വരെ 2022 കയാക്കത്തോൺ സംഘടിപ്പിച്ചു. ആകെ 66 പേരാണ് മത്സരരംഗത്ത് ഉണ്ടായത്.

ഇടുക്കിജില്ലയിലെ വാഗമണ്ണിൽ ഇക്കോ അഡ്വഞ്ചർ ടൂറിസം പാർക്ക് സാഹസികടൂറിസം പ്രേമികൾക്ക് ഏറെ ആകർഷകമാണ്. ഭാവിയിൽ കൂടുതൽ അഡ്വഞ്ചർ ആക്റ്റിവിറ്റികൾ ഉൾപ്പെടുത്തി വാഗമണ്ണിനെ ഒരു സാഹസിക ടൂറിസം ഹബ്ബാക്കി മാറ്റാൻ ലക്ഷ്യമിടുന്നു.

# വെഡ്ഡിങ്ങ് ഡെസ്റ്റിനേഷൻ ടൂറിസം

ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിൽനിന്നും ആളുകൾ വിവാഹം നടത്താനായി വിവിധ വിനോദസഞ്ചാരകേന്ദ്രങ്ങളിലേക്ക് സഞ്ചരിക്കുന്നുണ്ട്. കേരളത്തിലേക്കും ഇങ്ങനെ നിരവധിയാളുകൾ എത്താറുണ്ട്. ഏറ്റവും മികച്ച വെഡ്ഡിംഗ് ഡെസ്റ്റിനേഷനുകൾ നൽകാൻ സാധിക്കുന്ന നാടാണ് നമ്മുടേത്. തെങ്ങിൻതോപ്പുകളും വയലേലകളും പുഴയോരവും കടൽത്തീരവുമെല്ലാം വിവാഹ



ഡെസ്റ്റിനേഷനുകളായി ഒരുക്കാം. മലയോരമേഖലയിലെ മനോഹരമായ പ്രദേശങ്ങൾ പ്രത്യേകമായി ഡെസ്റ്റിനേഷനുകളാക്കി മാറ്റാം. ഇത് കേരളത്തിന്റെ വിനോദസഞ്ചാരമേഖലയ്ക്ക് വലിയ പ്രോത്സാഹനവും വരുമാനവുമായിരിക്കും.

വെഡ്ഡിംഗ് ഡെസ്റ്റിനേഷൻ പദ്ധതിക്ക് കേരളത്തിൽ തുടക്കമായിരിക്കുകയാണ്. കേരളത്തെ മികച്ച വിവാഹ വിനോദസഞ്ചാര ഡെസ്റ്റിനേഷനാക്കി മാറ്റുകയാണ് വിനോദ സഞ്ചാരവകുപ്പിന്റെ ലക്ഷ്യം. ഡൽഹി, മുബൈ, ബാംഗ്ലൂർ, ഹൈദരാബാദ്, അഹമ്മദാബാദ് തുടങ്ങിയ രാജ്യത്തെ പ്രധാന വിമാനത്താവളങ്ങളിൽ കേരളത്തിന്റെ വെഡ്ഡിംഗ് ഡെസ്റ്റിനേഷൻ പദ്ധതിയുടെ പ്രചാരണപരിപാടികൾ ആരംഭിച്ചുകഴിഞ്ഞു. സോഷ്യൽമീഡിയ ഉപയോഗിച്ചും പ്രചാരണം നടത്തുന്നുണ്ട്.■

ഹെറിറ്റേജ് ടൂറിസം

# പൈതൃകപ്പെരുമയുടെ അപൂർവചാരുതകൾ

## ചരിത്രത്തിന്റെ തിരുശേഷിപ്പുകളെ അറിയാം




**എൻ. വി. രവീന്ദ്രനാഥൻ നായർ**
മാധ്യമപ്രവർത്തകൻ


ടൂറിസം എന്നാൽ പൊതുവേ സമുദ്രതീരങ്ങളും ഹിൽസ്റ്റേഷനുകളും ഉൾനാടൻ ജലഗതാഗതങ്ങളുമാണ്. എന്നാൽ ഇരുപത്തൊന്നാം നൂറ്റാണ്ടിലെ സഞ്ചാരി കാഴ്ച കാണാൻ മാത്രമല്ല കടലുകൾ താണ്ടി ഇവിടേക്ക് വരുന്നത്. ഈ തിരിച്ചറിവാണ് ഉത്തരവാദിത്ത ടൂറിസം പോലുള്ള പദ്ധതികൾ നടപ്പാക്കാൻ സർക്കാരിന് പ്രേരിപ്പിച്ചതും അതിന്റെ നല്ല ഫലങ്ങൾ നാം ഇന്ന് അനുഭവിക്കുന്നതും. നമ്മുടെ കാലാവസ്ഥ, നദികൾ, ആരാധനാലയങ്ങൾ, പുരാതന നിർമിതികൾ, കരകൗശലകലാകാരരുടെ ഗ്രാമങ്ങൾ, പൈതൃകമന്ദിരങ്ങൾ, കോട്ടകൾ, ചരിത്രത്തിന്റെ തിരുശേഷിപ്പുകളായി ഇനിയും അവശേഷിക്കുന്ന ഗൃഹങ്ങൾ, എണ്ണമറ്റ ചെറുഗ്രാമങ്ങളിലേക്ക് ഒതുങ്ങിപ്പോയ നമ്മുടെ പാരമ്പര്യകലകൾ അങ്ങനെ വിനോദ സഞ്ചാരികൾക്ക് മുന്നിൽ തുറന്നിടാൻ സാധ്യതയുള്ള നിരവധിയായ ഡെസ്റ്റിനേഷനുകളാണ് നമുക്കുള്ളത്.

### പാരമ്പര്യനിർമ്മിതിയുടെ വാസ്തുശില്പ വൈദഗ്ധ്യം

പാലക്കാട്, മലപ്പുറം ജില്ലകളിലെ പുരാതന മനകൾ നിരവധിയായ സിനിമകൾക്ക് പശ്ചാത്തലമായിട്ടുണ്ട്. ഒറ്റപ്പാലത്തിനടുത്തുള്ള വരിക്കാശ്ശേരി മന, ചെത്തല്ലൂരിലെ പോഴത്തുമന എന്നിവ നൂറിലേറെ പ്രശസ്ത സിനിമകൾക്ക് പശ്ചാത്തലമായി. എന്നാൽ ഇനിയും എത്രയോ മനകൾ സിനിമയുടെ വെള്ളിവെളിച്ചത്തിൽ വന്നതും വരാത്തതുമായുണ്ട്. അവിടങ്ങളിലേക്കുള്ള യാത്ര സഞ്ചാരികൾക്ക് നവ്യാനുഭവമായിരിക്കുമെന്നുറപ്പുണ്ട്.



അത്തിപ്പറ്റമന സർപ്പാരാധനയ്ക്ക് പേര് കേട്ട നൂറ്റാണ്ടുകളുടെ പാരമ്പര്യമുള്ള മനയാണ്. കേരള സംസ്കാരത്തിൽ അദ്വിതീയമായ സ്ഥാനമുള്ളതാണ് ഒളപ്പമണ്ണ മന, പാലക്കാട് വല്ലപ്പുഴയിലെ തറയ്ക്കൽവാരിയം, മലപ്പുറം വണ്ടൂരിലെ നടുവത്തുമന, പാണ്ടിക്കാടിനടുത്തുള്ള മരനാട്ടുമന, ഇ.എം. എസിന്റെ ജന്മഗൃഹമായ എളംകുളം മന, ഇങ്ങനെ എത്രയോ മനകൾ, പുരാതന ഗൃഹങ്ങൾ, പാരമ്പര്യ വാസ്തുശില്പ നിർമിതികൾ ഇനിയും അവശേഷിക്കുന്നുണ്ട്.

## ശില്പഭംഗിയുള്ള ആരാധനാലയങ്ങൾ

നമ്മുടെ ആരാധനാലയങ്ങൾ എക്കാലവും സഞ്ചാരികൾക്ക് പ്രിയപ്പെട്ട ഇടമായിരുന്നു. അധികമാരും അറിയാത്ത ശില്പഭംഗിയുള്ള ക്ഷേത്രങ്ങളും പള്ളികളും ഇസ്ലാമിക ദേവാലയങ്ങളും നമുക്കുണ്ട്. ജൈന, ബൗദ്ധ പാരമ്പര്യങ്ങൾ ഉള്ള ഇടങ്ങളും ഇനിയും അവശേഷിക്കുന്നുണ്ട്

പത്തനംതിട്ട ജില്ലയിലെ വള്ളംകുളത്തി നടുത്തുള്ള പൂവപ്പുഴ സുബ്രഹ്മണ്യസ്വാമി ക്ഷേത്രം, ആലപ്പുഴയിലെ കുട്ടമ്പേരൂർ കാർത്ത്യായനി ക്ഷേത്രം പരുമലക്കടുത്തുള്ള വലിയ പനയന്നാർകാവ് എന്നീ ക്ഷേത്രങ്ങൾ ദാരുശില്പസഞ്ചയങ്ങളുടെയും ചുമർചിത്രങ്ങളുടെയും സങ്കേതങ്ങളാണ്. കല്ലൂപ്പാറ പള്ളി കേരളീയ പാരമ്പര്യ നിർമിതിയുടെ മകുടോദാഹരണമാണ്. കോട്ടയം താഴത്തങ്ങാടിയിലെ ഇസ്ലാമിക ദേവാലയവും അതിമനോഹരമായ നിർമിതിയാണ്. മലപ്പുറം ജില്ലയിലെ വള്ളിക്കുന്നിനടുത്തുള്ള നെടുങ്കൈതകോട്ടയിലെ അയ്യപ്പൻ ക്ഷേത്രം സാമൂതിരിമാരുടെ പാരമ്പര്യ വാസ്തുശില്പ നിർമിതിയുടെ ഉദാഹരണമാണ്.

## കരകൗശല ഗ്രാമങ്ങൾ

നമ്മുടെ പൈതൃകപ്പെരുമയുടെ നേർസാക്ഷ്യങ്ങളാണ് നമ്മുടെ കരകൗശലഉൽപന്നങ്ങൾ. എന്നാൽ അവയിൽ ഏറെയും ഇന്ന് മൺമറഞ്ഞു പോയിരിക്കുന്നു.

ഇവയുടെ സ്രഷ്ടാക്കൾ താമസിക്കുന്ന ഗ്രാമങ്ങൾ ഗൃഹാതുരത്വമുണർത്തുന്ന പൈതൃകഗ്രാമങ്ങളാണ്. അത്തരം ഗ്രാമങ്ങളിലൂടെയുള്ള സഞ്ചാരം തീർച്ചയായും നവ്യാനുഭവമായിരിക്കും. പാലക്കാട് ജില്ലയിലെ വെള്ളിനേഴി കഥകളിക്ക് പേരുകേട്ടിടമാണ്. ഇവിടത്തെ കഥകളി മിനിയേച്ചർവേഷങ്ങൾ പ്രസിദ്ധമാണ്. കണ്ണൂർ ജില്ലയിലെ കുഞ്ഞിമംഗലത്ത് വെങ്കലശില്പങ്ങൾ മിഴിതുറക്കുന്നു. ആലപ്പുഴ ജില്ലയിലെ മാന്നാർ വലിയവെങ്കല പാത്രങ്ങൾ, അമ്പലമണികൾ, വാർപ്പുകൾ, ഗൃഹോപയോഗവസ്തുക്കൾ എന്നിവ നിർമ്മിക്കുന്ന ചെറുപട്ടണമാണ്. പയ്യന്നൂരിലെ പവിത്ര മോതിരവും കരിവെള്ളൂരിലെ ചൂതുമാച്ചി എന്ന ചൂലും കൗതുകമുള്ള ഉൽപന്നങ്ങളാണ്. പാലക്കാട് ജില്ലയിലെ  പെരുവെമ്പയിലാണ് വാദ്യോപകരണങ്ങൾ ഏറെയും നിർമിക്കുന്നത്. തൃശ്ശൂർജില്ലയിലെ ചേർപ്പിൽ എത്തിയാൽ ആനയോളം വലിപ്പമുള്ള ആനശില്പങ്ങൾ വാങ്ങാം. ഇളവള്ളിയിൽ പൂരവുമായി ബന്ധപ്പെട്ട നെറ്റിപ്പട്ടം നിർമിക്കുന്നത് കാണാം. വിശ്വപ്രസിദ്ധമായ ആറന്മുള കണ്ണാടി ഭൗമസൂചികയിൽ ഇടം പിടിച്ചതാണ്. അവിടെത്തന്നെ ചുണ്ടൻവള്ളങ്ങളുടെ നിർമാണം നടക്കുന്നതും കാണാം. കൊല്ലത്തെ തഴവയിലെത്തിയാൽ ഭൗമസൂചികയിൽ ഇടം നേടിയ തഴപ്പായ നെയ്ത്തുകാണാം അങ്ങനെ കേരളത്തിൽ അങ്ങോളമിങ്ങോളം നമ്മുടെ കരകൗശലപ്പെരുമയുടെ ഇനിയും മൺമറയാതെ നിലനിൽക്കുന്ന ഇടങ്ങൾ യാത്രികരെ മാടിവിളിക്കുന്നുണ്ട്. ■



**അധികമാരും അറിയാത്ത ശില്പഭംഗിയുള്ള ക്ഷേത്രങ്ങളും പള്ളികളും ഇസ്ലാമിക ദേവാലയങ്ങളും നമുക്കുണ്ട്**


കുതിരമാളിക, തിരുവനന്തപുരം

രുചിപ്പെരുമ



# കടൽ കടക്കുന്ന കേരളരുചികൾ

**വിദേശസഞ്ചാരികളുടെ ഇഷ്ടവിഭവങ്ങൾ**



**ഷെഫ് സുരേഷ് പിള്ള**
പ്രശസ്ത പാചകവിദഗ്ധൻ

കേരളം കാണാനെത്തുന്ന വിദേശികളും ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിൽ നിന്നുള്ളവരും തദ്ദേശീയ സഞ്ചാരികളും വ്യത്യസ്ത രുചിക്കൂട്ടുകളാണ് ആസ്വദിക്കുന്നത്. ഇതുവഴി സാംസ്കാരിക വൈവിധ്യത്തിന്റെ ലോകക്രമം എളുപ്പത്തിൽ തിരിച്ചറിയാനാകും. ദൈവത്തിന്റെ സ്വന്തംനാട് കാണാനെത്തുന്നവരൊക്കെ ഭക്ഷണത്തിന്റെകൂടി മികവിന്റെ അടിസ്ഥാനത്തിലാണ് യാത്രകൾ ആസ്വദിക്കുന്നത്. അപ്പോഴും ശീലിച്ചു വന്നതൊക്കെ വിട്ടുകളയാൻ മടിയുണ്ടാകും. അതേമട്ടിൽ തന്നെയാകും പുതുരുചികളോടുള്ള ഭ്രമവും. ഈ രണ്ടു താത്പര്യങ്ങളും സംരക്ഷിച്ചാകും പാചകക്കൂട്ടുകൾ തയ്യാറാക്കേണ്ടത്. ഇവിടെയാണ് വൈവിധ്യം ഒളിഞ്ഞിരിക്കുന്നത്, പുതുപരീക്ഷണങ്ങൾക്ക് വഴിയൊരുങ്ങുന്നതും. മലയാളിയുടെ ഭക്ഷണസംസ്കാരവും രുചിഭേദങ്ങളും മറുനാടൻ തീൻമേശകളിൽ അഭിമാനത്തോടെ അവതരിപ്പിക്കാൻ കഴിഞ്ഞത് വലിയ നേട്ടമായാണ് ഞാൻ കാണുന്നത്.

ഈ പശ്ചാത്തലത്തിലാണ് നമ്മുടെ നാട്ടിലെ സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തണമെന്ന് തോന്നുന്നത്. ഫുഡ് ടൂറിസം ഈ നിലയ്ക്കുള്ള മികച്ച പരീക്ഷണമാണ്. വിദേശികളും തദ്ദേശവാസികളായ സഞ്ചാരികളും കേരളീയ സൗന്ദര്യം ആസ്വദിക്കുന്നതിനൊപ്പമാണ് രുചിമുകുളങ്ങളെ ത്രസിപ്പിക്കുന്ന വിഭവങ്ങൾ തേടുന്നത്. നമ്മുടെ ഭക്ഷണരീതി അനുഭവിച്ചറിയാൻ കൂടിയാണ് സഞ്ചാരികളെത്തുന്നത്. ലോകോത്തര തീൻമേശകളിൽ ഇന്ത്യൻ ഭക്ഷണങ്ങളിൽ ഏറ്റവും പ്രാധാന്യം കേരളഭക്ഷണത്തിനാണ് എന്നത് ഓർക്കേണ്ടതുണ്ട്.

## പച്ചക്കറി ഇഷ്ടക്കാർ

കേരളീയ ഭക്ഷണരീതിയുടെ എരിവും പുളിയും ചേരുവകളാകുന്ന പാചകരീതികൾ പരിചയപ്പെടാൻ നല്ലൊരുപങ്ക് യാത്രികരും ശ്രമിക്കാറുണ്ട്. തിരുവനന്തപുരം മുതൽ കാസർഗോഡ് വരെ വൈവിധ്യമാർന്ന ഭക്ഷണശൃംഖലയാണ് നമുക്ക് സ്വന്തമായുള്ളത്. ഓരോ നാട്ടിലും തനത് ഭക്ഷണവൈവിധ്യങ്ങൾ ഒളിഞ്ഞിരിപ്പുണ്ട്. പ്രാദേശിക ടൂറിസത്തോടൊപ്പം പ്രാദേശിക ഭക്ഷണവൈവിധ്യങ്ങളാണ് നാളെയുടെ കേരളീയ ടൂറിസം എന്നാണ് തോന്നുന്നത്. കേരളീയ ഭക്ഷണരീതിയിൽ വിദേശികൾ കൂടുതലായി ഇഷ്ടപ്പെടുന്നതാണ് പച്ചക്കറി വിഭവങ്ങൾ. മാംസപദാർഥങ്ങൾ, പാല്, തൈര്, തേൻ, മുട്ട തുടങ്ങിയ എല്ലാം ഒഴിവാക്കി പഴങ്ങളും പച്ചക്കറികളും മാത്രം ഉപയോഗിക്കുന്ന രീതിയായ വീഗൻ ഏറെപ്പേരെയും ആകർഷിക്കുന്നു. വീഗൻ ടൂറിസവുമായി ബന്ധപ്പെട്ട വിനോദസഞ്ചാര പാക്കേജുകൾ പ്രിയതരമാകാതെ തരമില്ല. വിദേശികൾക്ക് ഭക്ഷണം ഒരുക്കുമ്പോൾ കേരളീയ ഭക്ഷണരുചികളെ മാറ്റി പിടിക്കാറുണ്ട്. കൂടുതൽ എരിവും പുളിയും ഒഴിവാക്കി ഒരു മധ്യവർത്തിരീതിയാണ് പരീക്ഷിക്കുക. നമ്മുടെ തനത് ഭക്ഷണരീതിയിൽ വരുത്തുന്ന മാറ്റം വിദേശികൾക്ക് വളരെ പ്രിയങ്കരമായി അനുഭവപ്പെട്ടിട്ടുണ്ട്.

> **നമ്മുടെ തനത് ഭക്ഷണരീതിയിൽ വരുത്തുന്ന മാറ്റം വിദേശികൾക്ക് വളരെ പ്രിയങ്കരമായി അനുഭവപ്പെട്ടിട്ടുണ്ട്**

ആഗോളതലത്തിൽ കേരളത്തിന്റെ വിനോദസഞ്ചാര കേന്ദ്രങ്ങൾ ഏറെ അംഗീകരിക്കപ്പെട്ട സാഹചര്യത്തിൽ വിദേശികളുടെ കുത്തൊഴുക്കാണ് പ്രതീക്ഷിക്കാവുന്നത്. നമ്മുടെ ഭക്ഷണ സംസ്കാരവും അനുബന്ധമായി പരിപോഷിപ്പിക്കാൻ കഴിയും. ഇവിടെയാണ് ഫുഡ് ടൂറിസത്തിന്റെ പ്രാധാന്യം. ഫുഡ് ഫെസ്റ്റിവൽ, ഫുഡ് കാർണിവൽ തുടങ്ങിയ ആഘോഷങ്ങളിലൂടെ സന്ദർശകരുടെ ആഹാരപ്രിയതയെ തൃപ്തിപ്പെടുത്താനുമാകും. നാടിന്റെ അടയാളമായി മാറിയ തട്ടുകടകൾ കേന്ദ്രീകരിച്ച് ഫുഡ് ഹബ്ബുകൾ തുടങ്ങുന്നതിലും വിജയസാധ്യത മാത്രമാണുള്ളത്. ഫുഡ്സ്ട്രീറ്റുകൾ എല്ലായിടത്തും വിജയിച്ച ചരിത്രമാണുള്ളത്.



## രുചിയിലെ സംസ്കാരക്കലർപ്പുകൾ

കേരളീയഭക്ഷണം നാളിതുവരെ വളരെയേറെ പരീക്ഷണങ്ങളിലൂടെയാണ് കടന്നുവന്നിരിക്കുന്നത്. ഉത്തമ ഉദാഹരണമാണ് വടക്കേ ഇന്ത്യയിലെ തെരുവ്ഭക്ഷണമായ പാനിപൂരിയെ കേരളീയ രീതിയിലേക്ക് മാറ്റിയത്. ഉരുളക്കിഴങ്ങിന് പകരം മാങ്ങാഅച്ചാറും മല്ലിയിലയുടെ വെള്ളത്തിന് പകരം തണുത്തസംഭാരവും ചേർത്ത് കടുമാങ്ങ സംഭാരം പാനിപൂരി എന്ന വിഭവമാക്കിമാറ്റി. വളരെയേറെ സ്വീകാര്യതയാണ് ഇതിന് ലഭിച്ചത്. വടക്കേ ഇന്ത്യയിലെ മറ്റൊരു വിഭവമാണ് ഉരുളക്കിഴങ്ങും തൈരും മിക്സ്ചറും ചേർത്ത് തയ്യാറാക്കുന്ന ചാട്ട്. ഇത് കേരളീയ ശൈലിയിൽ പഴംപൊരിയിലാണ് പരീക്ഷിച്ചത്. പുളിയിഞ്ചി ചിക്കനും വേറിട്ട കേരളരുചിയാണ് പകർന്നത്.

കേരളീയ ഭക്ഷണങ്ങൾ രാജ്യാന്തര തീൻമേശകൾ കീഴടക്കുമ്പോൾ സംസ്ഥാന സർക്കാരിൽ നിന്നും ഫുഡ് ടൂറിസത്തിന് മികച്ച പിന്തുണയാണ് ലഭിക്കുന്നത്. കേരളീയ സംസ്കാരത്തോട് ചേർന്ന പരമ്പരാഗത ഭക്ഷണരീതികൾ, ഭക്ഷണക്കൂട്ടുകൾ എന്നിവ സംരക്ഷിക്കപ്പെടേണ്ടതുമുണ്ട്. രുചിയുടെ കേരളപ്പെരുമ അതിരുകളില്ലാത്ത ആകാശം കീഴടക്കുന്നതായാണ് വ്യക്തിപരമായ അനുഭവം. ■

# കുമ്പളങ്ങിയിലെ രാത്രികൾ

## ഗ്രാമീണടൂറിസത്തിന്റെ പറുദീസയാണ് ഇന്ന് കുമ്പളങ്ങി

**സി. ടി. ജോൺ**

ഇന്ത്യയിലെ ആദ്യത്തെ മാതൃക മത്സ്യ-ടൂറിസം ഗ്രാമം എന്ന പേരിൽ ശ്രദ്ധിക്കപ്പെട്ട കുമ്പളങ്ങി ഇന്ന് ഗ്രാമീണടൂറിസത്തിന്റെ പറുദീസയാണ്. കുമ്പളങ്ങിയുടെ ഗ്രാമീണസൗന്ദര്യം രാജ്യാന്തരതലത്തിൽ വരെ ശ്രദ്ധേയമാണ്. കോവിഡ് മഹാമാരിക്ക് ശേഷം ടൂറിസം രംഗം ഉണർന്നതോടെ കുമ്പളങ്ങിയിലേക്കും ആഭ്യന്തര-വിദേശ വിനോദസഞ്ചാരികളുടെ ഒഴുക്കാണ്.

നഗരത്തിരക്കിൽ നിന്ന് ശാന്തമായി കുടുംബവുമായി ഗ്രാമീണസൗന്ദര്യം ആസ്വദിക്കാൻ ആഗ്രഹിക്കുന്നവർക്ക് കുമ്പളങ്ങി പ്രിയപ്പെട്ടതാണ്. വിദേശികൾക്കും സ്വദേശികൾക്കും ഈ ഗ്രാമം നൽകുന്നത് നവ്യാനുഭവമാണ്. ഇവിടത്തെ കായൽക്കാഴ്ചകൾ ആസ്വദിച്ച് നാടൻ വിഭവങ്ങളും രുചിച്ച് താമസിക്കാൻ 22 ഹോം സ്റ്റേകളുമുണ്ട്. കായൽ തീരത്തുനിന്നുള്ള സൂര്യാസ്തമയ കാഴ്ച വേറിട്ടനുഭവമാണ് നൽകുന്നത്.
കുമ്പളങ്ങി-കണ്ടക്കടവ് റോഡിലൂടെയുള്ള യാത്രയും സായാഹ്നക്കാഴ്ചകളും വിവരണാതീതം. അത്



മഹേഷ് പ്രഭു

അനുഭവിച്ചുതന്നെ അറിയണം.

സാധാരണ വിനോദസഞ്ചാരത്തിൽ നിന്ന് വ്യത്യസ്തമാണ് കുമ്പളങ്ങിയിലെ കാഴ്ചകൾ. വെള്ളത്താൽ ചുറ്റപ്പെട്ട ഒരു ഗ്രാമത്തിൽ നിന്ന് എന്തൊക്കെ പ്രതീക്ഷിക്കാമോ അതെല്ലാം കുമ്പളങ്ങിയിൽ കാണാം. പ്രധാന ആകർഷണം കുമ്പളങ്ങിക്ക് ചുറ്റുമുള്ള കായലും നൂറു കണക്കിന് ചീനവലകളുമാണ്. രാത്രിയിൽ ചീനവലയിലെ മീൻ പിടിത്തം ഇവിടത്തെ പ്രധാന ആകർഷണങ്ങളിലൊന്നാണ്. പ്രധാന കേന്ദ്രമായ കല്ലഞ്ചേരിയിൽ എത്തിയാൽ മീൻ പിടിക്കൽ, കള്ള് ചെത്തൽ, പരമ്പരാഗത രീതിയിലെ കയർ പിരിക്കൽ, തൊണ്ട് തല്ലൽ, കക്ക പുഴുങ്ങൽ തുടങ്ങിയ കാഴ്ചകൾ കാണാം. തനത് ഗ്രാമീണത നഷ്ടമാകാതെയുള്ള ടൂറിസമാണ് ഇവിടെ. വിദേശ വിനോദസഞ്ചാരികൾക്ക് കായലിൽ വഞ്ചിയാത്രയും, ഓട്ടോറിക്ഷ യാത്രയും പ്രത്യേക ടൂറിസം പാക്കേജായി നൽകുന്നുണ്ട്.

കല്ലഞ്ചേരിയിൽ കണ്ടൽക്കാടുകൾക്ക് സമീപത്തുകൂടെ പെഡൽ ബോട്ട് യാത്രയും വ്യത്യസ്തമായ അനുഭവമാവും



## മത്സ്യവിഭവങ്ങൾ ആസ്വദിക്കാം

കുമ്പളങ്ങിയിലെ ഹോംസ്റ്റേകളിലും ഹോട്ടലുകളിലും എത്തുന്നവരെ കാത്തിരിക്കുന്നത് നാവിനെ കൊതിപ്പിക്കുന്ന കായൽ മത്സ്യവിഭവങ്ങളാണ്. വിവിധ തരം ചെമ്മീനുകളായ നാരൻ, കാര, ചൂടൻ, കൊഞ്ച് എന്നിവയുടെ ഫ്രൈ, റോസ്റ്റ്, ഞണ്ട് കറി, കുടംപുളിയിട്ട് വച്ച മീൻകറി, കരിമീൻ പൊള്ളിച്ചത്, നാടൻ തിലാപ്പിയ ഫ്രൈ, കക്ക ഫ്രൈ, ചിതമ്പൽ കളയാതെ പൊള്ളിച്ച മീൻകറി, പള്ളത്തി ഫ്രൈ എന്നിങ്ങനെ നീളുന്നു മത്സ്യവിഭവങ്ങൾ. എരിവിനും പുളിക്കും ഉപ്പിനും ലേശം പരിഗണന കൊടുത്തുള്ള കുമ്പളങ്ങി സ്റ്റൈൽ പാചകവും വേറിട്ടതാണ്.

## കുമ്പളങ്ങിയിലെ നീലവിസ്മയം

കുമ്പളങ്ങി നൈറ്റ്സ് എന്ന സിനിമയ്ക്കൊപ്പം ഹിറ്റായ കവരിന്റെ ടൂറിസം സാധ്യതകൾ പ്രയോജനപ്പെടുത്താൻ ഒരുങ്ങുകയാണ് കുമ്പളങ്ങി. മാർച്ച്, ഏപ്രിൽ മാസങ്ങളിൽ രാത്രിയിലാണ് കവര് പ്രകടമാകുന്നത്. ഇത്തവണ ആയിരക്കണക്കിന് സഞ്ചാരികളാണ് കവര് കാണുവാൻ മാത്രം കുമ്പളങ്ങിയിലെത്തിയത്. മാർച്ച്, ഏപ്രിൽ മാസങ്ങളിൽ കായലിലെ വെള്ളത്തിന് ഉപ്പ് കൂടുമ്പോഴാണ് സാധാരണഗതിയിൽ കവര് ദൃശ്യമാകുന്നത്. പഴമക്കാർ ഇതിനെ വെള്ളത്തിലെ എരിച്ചിൽ എന്നും പറയുമായിരുന്നു. ഇളക്കം തട്ടുമ്പോൾ വെള്ളത്തിൽ ഉണ്ടാകുന്ന നിറവ്യത്യാസമാണ് ഇത്. ഇളം നീല നിറത്തിലാണ് ഇത് ദൃശ്യമാകുന്നത്. ഒഴുക്കും അനക്കവുമില്ലാത്ത ഭാഗങ്ങളിൽ കൂടുതൽ മനോഹരമായി ദൃശ്യമാകും ■

### കുമ്പളങ്ങിയിലേക്ക്

**കൊച്ചി നഗരത്തിന്റെ തെക്ക്-പടിഞ്ഞാറായി 15 കിലോ മീറ്റർ ദൂരത്തിൽ സ്ഥിതിചെയ്യുന്ന, വെള്ളത്താൽ ചുറ്റപ്പെട്ട ദ്വീപാണ് കുമ്പളങ്ങി. കൊച്ചി നഗരത്തിൽ നിന്നും ഫോർട്ട്കൊച്ചിയിൽ നിന്നും വരുന്നവർക്ക് പെരുമ്പടപ്പ്-കുമ്പളങ്ങി പാലം വഴിയും ആലപ്പുഴ ഭാഗത്തുനിന്നും വരുന്നവർക്ക് എഴുപുന്ന-കുമ്പളങ്ങി പാലം വഴിയും എത്തിച്ചേരാം. കണ്ണമാലി, ചെല്ലാനം ഭാഗത്തുനിന്ന് കണ്ടക്കടവ് വഴി റോഡ് മാർഗവും അരൂരിൽ നിന്ന് ബോട്ട് മാർഗവും എത്താം. നെടുമ്പാശേരി വിമാനത്താവളത്തിൽ നിന്ന് 43 കിലോ മീറ്റർ ദൂരവും എറണാകുളം സൗത്ത് റെയിൽവേ സ്റ്റേഷനിൽ നിന്ന് 14 കിലോ മീറ്റർ ദൂരവും യാത്ര ചെയ്താൽ കുമ്പളങ്ങിയിലെത്താം.**

### കുമ്പളങ്ങിയെക്കുറിച്ച് അറിയാൻ

90740 04070

# കാരമൂട്ടിലെ അമ്മൂമ്മ

**കുട്ടിക്കാലത്തിന്റെ രസകരമായ ചില ഓണം ഓർമ്മകൾ പങ്കിടുകയാണ് ഈ വർഷം നോവലിനുള്ള കേരള സാഹിത്യഅക്കാദമി പുരസ്കാരം നേടിയ എഴുത്തുകാരൻ**



**വി. ഷിനിലാൽ**



വര: വി.എസ് പ്രകാശ്

ധാരാളം ഭൂസ്വത്തും മൂന്ന് ആൺമക്കളും ഉണ്ടായിട്ടും ഏറെക്കുറെ ദരിദ്രമായ ജീവിതമായിരുന്നു കാരമൂട്ടിലെ അമ്മുമ്മക്ക്. പ്രതാപകാലത്ത് മൂത്ത മകൻ ശിവരാമയണ്ണന് സർക്കാർ ജോലി കിട്ടിയതാണ്. അന്ന് അമ്മുമ്മ എടുത്തവാക്കാലെ പറഞ്ഞു: 'അങ്ങനെ കണ്ട സർക്കാറിന്റെ അടിമപ്പണി എടുത്ത് നീ ഈ വീട്ടിൽ ചെലവിന് തരണ്ട.' കാലാന്തരത്തിൽ മക്കൾ മടിയൻമാരാവുകയും ഭൂമി കാടു കയറുകയും ദാരിദ്ര്യം കുടുംബത്തിലേക്ക് അരിച്ചരിച്ച് പ്രവേശിക്കുകയും ചെയ്തു. പഴയ ആ വീട്ടിൽ ധാരാളം വരുത്തൻ ചെടികൾ പൂത്തു നിന്നിരുന്നു. ഓണക്കാലത്ത് അമ്മുമ്മയുടെ കണ്ണ് വെട്ടിച്ച് അവിടെ നിന്നും ഞങ്ങൾ സീനിയയും റോസയും പല വർണ്ണങ്ങളിലുള്ള മൊസന്തയും മോഷ്ടിച്ച് അത്തമിടും.

അയൽപക്കങ്ങൾ തമ്മിൽ കൊടുക്കൽ വാങ്ങലൊക്കെ നിലനിന്ന അക്കാലത്തെ ഒരു സംഭവം പറയാം. കാരമൂട്ടിലെ അമ്മുമ്മയുടെ അയൽവാസി കുടുംബം മുസ്ലിങ്ങളാണ്. അംഷാൻ മുതലാളി. അവർ അമ്മുമ്മയെ ചാന്നാട്ടി എന്ന് വിളിച്ചു പോന്നു. പെരുന്നാൾ വന്നു. മുതലാളിയുടെ ഭാര്യ ഒരു പാത്രം നിറച്ച് നെയ്ച്ചോറും ആട്ടിറച്ചിയും മകന്റെ കൈയിൽ കാരമൂട്ടിലേക്ക് കൊടുത്തു വിട്ടു. അമ്മുമ്മ അത് സന്തോഷത്തോടെ വാങ്ങി.

പിന്നെ ഓണം വന്നു. കാരമൂട്ടിൽ അന്ന് പുട്ടാണ് ഉണ്ടാക്കിയത്. (ഉലക്ക പോലെ കഠിനമായിരുന്നു –

ഓണത്തിനിടയിലെ
ആ പുട്ട്.) അമ്മുമ്മ ഒരു പാത്രത്തിൽ രണ്ട് കുറ്റി പുട്ട് കുത്തിയിട്ടു. ചെറുമകനെ വിളിച്ച് ഓണപ്പലഹാരം മുതലാളിയുടെ വീട്ടിൽ കൊണ്ട് കൊടുക്കാൻ ഏർപ്പാട് ചെയ്തു. രണ്ട് കുറ്റി പുട്ട് തലയിൽ ചുമന്നുകൊണ്ട് അവൻ മുതലാളിയുടെ വീട്ടിലെത്തി. അവിടത്തെ ഉമ്മക്ക് അതുകണ്ട് ചിരി വന്നു: 'അയ്യോ, ചെല്ലക്കിളീ, ഇവിടെ ഇങ്ങനെ വെളീന്ന് ഒന്നും വാങ്ങൂല. പുള്ള കൊണ്ട് പൊയ്ക്കോ.' അവനെ അവിടെ അടുക്കള യിലിരുത്തി ഉമ്മ അപ്പവും ആട്ടിറച്ചിയും കഴിപ്പിച്ച് പുട്ടുമായി തിരികെ വിട്ടു. തിരികെ വന്നപ്പോൾ കാരമൂട്ടിലെ അമ്മുമ്മ ആ പുട്ട് വാങ്ങി പൂച്ചയ്ക്ക് ഇട്ടു കൊടുത്തു.

പിന്നെയും പെരുന്നാൾ വന്നു. മുതലാളിയുടെ വീട്ടിൽ നിന്നും ഉച്ചക്ക് ബിരിയാണിയും ആട്ടിറച്ചിയുമായി മകൻ വന്നു. അമ്മുമ്മ അവനെ അകത്ത് വിളിച്ചു. വലിയ പാത്രത്തിൽ തിളക്കുന്ന ഇറച്ചി കാണിച്ചു കൊടുത്തു. എന്നിട്ട് പറഞ്ഞു: 'ദാരിദ്ര്യം പിടിക്കണതിന് മുമ്പ് എന്നും എറച്ചി വെന്തോണ്ടിരുന്ന അടുപ്പാണിത്. ഇവിടയിപ്പം ഇത് വേണ്ട. അപ്പി കൊണ്ട് പൊയ്ക്കോ.' അവൻ നെയ്ച്ചോറും മട്ടനും തിരികെ കൊണ്ടുപോയി.

കാലാനന്തരം ആ കുടുംബങ്ങൾ കൊടുക്കൽ വാങ്ങലുകളിലൂടെ സ്നേഹം സ്ഥാപിച്ചെന്ന വസ്തുത കൂടി പറഞ്ഞാലേ കഥ പൂർത്തിയാകൂ. ഒരിക്കലും കെടാത്ത മൈത്രികളുടെ ഗ്രാമകഥകൾ നിരവധിയാണ്.

ഇങ്ങനെ ചില രസങ്ങൾ കൂടിയാണ് ഓണം എന്ന ഓർമ്മ.


**ഒരിക്കലും കെടാത്ത മൈത്രികളുടെ ഗ്രാമകഥകൾ നിരവധിയാണ്.**

ഇതിനിടയിൽ ശിവരാമയണ്ണനുമായി സൗഹൃദം കൂടി നാട്ടിലെ ചെറുപ്പക്കാർ ഒത്തുകൂടാൻ കാരമൂട് വീട് ഒരിടമായി ഒപ്പിച്ചിട്ടുണ്ടായിരുന്നു. മറ്റൊരോണക്കാലം വന്നു. തിരുവോണ ദിവസം രാവിലെ തന്നെ വീട്ടിൽ കൂട്ടുകാരെത്തി. ഏതോ പ്രാകൃതമായ മാട്ട് സാധനം ആരോ അണ്ണന് ഒഴിച്ചു കൊടുത്തു. ഉച്ചക്ക് മുന്നേ അണ്ണൻ തല കുമ്പിട്ട് പായയിൽ പതിച്ചു. മൂന്നാം നാൾ റോഡിലൂടെ ഘോഷയാത്ര പോകുന്ന ബഹളം കേട്ടാണ് അണ്ണൻ ഉയിർത്തെണീക്കുന്നത്. എണീറ്റപ്പോഴാണ് ഇന്ന് തിരുവോണമാണല്ലോ എന്ന് അണ്ണൻ ഓർത്തത്. തിരുവോണമായിട്ടും സദ്യയുടെ ഒരാവിയും അനക്കവും കാണാതിരുന്നപ്പോൾ അണ്ണന് കലിവന്നു. 'ഇന്നേ കെളവീ, തിരുവോണമായിറ്റ് ഇവിട ഒന്നും ഒണ്ടാക്കിയില്ലേ?' അണ്ണൻ അമ്മുമ്മയോട് ചോദിച്ചു. അമ്മുമ്മയപ്പോൾ അണ്ണൻ ഉണർന്നു വരുമ്പോൾ അടി കൊടുക്കാനുള്ള ഉലക്ക ഉറിയിൽ തപ്പുകയായിരുന്നു.

ലോറിയിലിരുന്ന് മൈക്കിലൂടെ പാടുന്ന ഷിബുവിനെ അണ്ണൻ കണ്ടു. അണ്ണന് ക്രമേണ കാര്യങ്ങൾ തിരിഞ്ഞു വരാൻ തുടങ്ങി.

അങ്ങനെ ഓണം കഴിഞ്ഞതായി മനസ്സിലാക്കി അണ്ണൻ വരാന്തയിൽ നിൽക്കെ ഷിബു അടുത്ത പാട്ട് പാടാൻ തുടങ്ങുന്നു:

ദൈവമേ കാത്തു കൊൾകങ്ങ്
കൈവിടാതിങ്ങു ഞങ്ങളേ .... ■





വരയും എഴുത്തും
രാജേഷ് ചിറപ്പാട്



# ചുരം കയറുമ്പോൾ

വയനാട്ടിലേക്കെത്താൻ നിരവധി ചുരങ്ങളുണ്ട്. അതിൽ പ്രധാനം താമരശ്ശേരി ചുരമാണ്. വയനാട് ഒരു പ്രലോഭനമാകുന്നത് ഈ ചുരത്തിലൂടെയുള്ള യാത്രകൊണ്ടു കൂടിയാണ്. 12 കിലോമീറ്ററോളം വളഞ്ഞു പുളഞ്ഞു കിടക്കുന്ന ചുരം പാത.

കോടമഞ്ഞിലൂടെ, നേർത്തു പെയ്യുന്ന മഴയിലൂടെ കുളിർകാറ്റുമേറ്റ് കെ.എസ് ആർ.ടി.സി ബസിൽ ചുരം കയറുന്ന അനുഭവം പറഞ്ഞറിയിക്കാനാവില്ല.

സമുദ്രനിരപ്പിൽ നിന്ന് ഏതാണ്ട് രണ്ടായിരത്തിലധികം അടി മുകളിലേക്കാണ് നമ്മൾ പോകുന്നത്. ഈ പാത വലിയാരത്ഭുതമാണ്. ചെങ്കുത്തായ മലകളെ ചുറ്റിച്ചുറ്റി മുകളിലേക്ക് കയറിപ്പോകുന്ന പാത.

ബ്രിട്ടീഷുകാരാണ് ഈ ചുരം പാത നിർമിച്ചത്. അവർക്ക് ഈ ദിശ കാണിച്ചു കൊടുത്തത് കരിന്തണ്ടൻ എന്ന ഗോത്രവർഗക്കാരനായിരുന്നെന്നും ഇതിന്റെ ഖ്യാതി സ്വന്തമാക്കാനായി ബ്രിട്ടീഷുകാർ അദ്ദേഹത്തെ കൊന്നു കളഞ്ഞു എന്നുമുള്ള ഒരു കഥ ഇവിടെ നിലനിൽക്കുന്നുണ്ട്. കരിന്തണ്ടന്റെ ആത്മാവിനെ തളച്ചതായി പറയപ്പെടുന്ന ചങ്ങലമരം ഈ പാതയോരത്തുണ്ട്.



# പൂക്കോട് തടാകം

സമുദ്രനിരപ്പിൽ നിന്ന് രണ്ടായിരത്തിലധികം അടി ഉയരെ ഒരു വലിയ ജലാശയം. അതാണ് വയനാട്ടിലെ പൂക്കോട് തടാകം. ഈ തടാകത്തിൽ മാത്രം കാണുന്ന ഒരിനം പരൽമീനുണ്ട്. പൂക്കോടൻ പരൽ എന്നാണ് അതിന്റെ പേര്.

വിനോദസഞ്ചാരികൾക്ക് ഏറെ പ്രിയങ്കരമാണ് പൂക്കോട് തടാകം. പൂക്കോട് തടാകത്തിലൂടെയുള്ള ബോട്ട് യാത്രയും തടാകതീരത്തെ ഉദ്യാനവും മീൻ വളർത്തൽ കേന്ദ്രവും ഏതൊരു സഞ്ചാരിയെയും അങ്ങോട്ട് ആകർഷിക്കും.

## എൻ ഊര്

വയനാട്ടിലെ പൂക്കോട് എന്ന ദേശം തടാകം കൊണ്ട് മാത്രമല്ല ഇപ്പോൾ ശ്രദ്ധേയമാകുന്നത്. എൻ ഊര് എന്ന പേരിൽ ഇവിടെ ഒരു ഗോത്രപൈതൃക ഗ്രാമമുണ്ട്. പട്ടികവർഗ വകുപ്പിനു കീഴിൽ പ്രവർത്തിക്കുന്ന എൻ ഊര് ലോക ടൂറിസം ഭൂപടത്തിൽ സ്ഥാനം പിടിച്ചിട്ടുണ്ട്.



ആദിവാസി ജനതയുടെ ഉന്നതി ലക്ഷ്യമാക്കി ആരംഭിച്ച ഈ പദ്ധതി കാണുന്നതിന് നിരവധി പേരാണ് എത്തുന്നത്. പുല്ലുമേഞ്ഞ കുടിലുകൾ, ഗോത്ര വിപണി, ഓപ്പൺ തിയേറ്റർ, ഫെസിലിറ്റേഷൻ സെന്റർ, വംശീയ ഭക്ഷണശാല, എക്സിബിഷൻ ഹാൾ, ഗോത്രവർഗക്കാർ നിർമിച്ച കരകൗശലവസ്തുക്കൾ എന്നിവ ഇവിടെയുണ്ട്.



## എടക്കൽ ഗുഹകൾ

വയനാട് അമ്പുകുത്തി മലയിലാണ് എടക്കൽ ഗുഹകൾ സ്ഥിതി ചെയ്യുന്നത്. ശിലായുഗ മനുഷ്യർ പാർത്ത ഒരിടം. ഗുഹയിലെ ശിലാലിഖിതങ്ങൾ ചരിത്രകാർക്ക് മാത്രമല്ല ചിത്രകാർക്കും പ്രിയപ്പെട്ടതാണ്. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള സഞ്ചാരികളും ഗവേഷകരും ഇവിടെയെത്തുന്നു.

License to Post Without Prepayment
WPP License Number: KL/TV(N)WPP/216/2022/24

Date of Publication: 01.08.2023
KERMAL2014/58028 Price: 12.00
Reg. No. KL/TV(N)/660/2022-2024




Printed and Published by T. V Subhash IAS, Director, Information Public Relations Department on behalf of Government of Kerala and Printed at Orange Printers Pvt Ltd, Thiruvananthapuram, Kerala. Published from Information Public Relations Department, Govt of Kerala, Government Secretariat, Thiruvananthapuram-695001. Editor: T. V Subhash IAS